PROCEEDINGS OF THE TRAVANCORE -COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Wednesday, the 25th March, 1953

Vol. VIII **OFFICIAL REPORT** **No. 23**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 25th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

വിതരണംചെയ്യുന്ന അരിയുടെ അളവ്.

*൫൩൪. [൫൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൩-ൽ ഈ സംസ്ഥാനത്തെ ആവശ്യത്തിനു ലഭിക്കുന്ന അരിയുടെ അളവ് എത്ര;

(ബി) ഇപ്പോൾ വിതരണം ചെയ്യുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:)

(എ) വെളിയിൽ നിന്നും ലഭിക്കുന്ന അരി മൂന്നു ലക്ഷം ടൺ.

(ബി) ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: വെളിയിൽ നിന്നും എന്നു പറഞ്ഞത് ഇൻഡ്യയ്ക്കു വെളിയിൽനിന്ന് എന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. തിരുവിതാംകൂർ കൊച്ചി സ്റ്റേററിനു വെളിയിൽനിന്നുമാണ്.

ശ്രീ. ആർ. ഗംഗാധരൻ: ഇൻഡ്യയ്ക്കകത്തുനിന്നും കിട്ടുന്ന അരിയാണോ ഇതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മൂന്നുലക്ഷം ടൺ അരിയിൽ കുറെ ഭാഗം ഇൻഡ്യയ്ക്കകത്തുനിന്നും കുറെഭാഗം ഇൻഡ്യയ്ക്കു പുറത്തുനിന്നും കിട്ടുന്ന അരിയായിരിക്കും. ഏതു അനുപാതം അനുസരിച്ചാണു വിതരണം ചെയ്യുന്നതെന്നു ഇനിയും നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. കഴിവുള്ളിടത്തോളം ഇൻഡ്യയ്ക്കു അകത്തുനിന്നുതന്നെ അരി തരാൻ ഇൻഡ്യാ ഗവണ്മെൻറ ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. ഗംഗാധരൻ: 1952-നു മുമ്പു തന്നിട്ടുള്ളതിൽ എത്ര ശതമാനം വച്ചാണ് ഇൻഡ്യയ്ക്കകത്തുനിന്നും പുറത്തുനിന്നും ഉള്ള അരി നൽകിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ഗംഗാധരൻ: പുറത്തുനിന്നും കിട്ടുന്ന അരിക്കു താരതമ്യേന വില കൂടുതലല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. പക്ഷെ പുറത്തുനിന്നും കൂടുതൽ അരി വരുത്താതെ ഇവിടത്തെ സപ്ലൈ ഡിസ്ട്രിബ്യൂഷൻ നില ശരിയാകുകയില്ല.

ശ്രീ. ആർ. ഗംഗാധരൻ: ആ നിലയ്ക്കു നമ്മുടെ സംസ്ഥാനത്തിനു ചെലവു കൂടുതലല്ലേ വരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഞാൻ എൻെറ ബഡ്ജററ പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ടു്. 1953-നെ സംബന്ധിച്ചിടത്തോളം ഇൻഡ്യയ്ക്കകത്തു നിന്നാകട്ടെ വെളിയിൽ നിന്നാകട്ടെ വരുത്തുന്ന അരിക്കു ഇൻഡ്യാ ഗവണ്മെൻറമായി അറേഞ്ചുമെൻറ നടത്തിയിരിക്കുന്നതുകൊണ്ടു അതു നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായ ബാധിക്കുകയില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഇൻഡ്യയ്ക്കു അകത്തുനിന്നും വരുത്തുന്ന അരിയും പുറത്തുനിന്നും വരുത്തുന്ന അരിയും തമ്മിലുള്ള വ്യത്യാസം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബർമ്മാഅരിക്കു ഒരു മന്നിനു 20 രൂപയിൽ കൂടുതൽ വരും. ഇൻഡ്യയ്ക്കകത്തുള്ള ഒറീസ, മധ്യപ്രദേശ് മുതലായ പ്രദേശങ്ങളിലെ അരിക്കു് പതിനഞ്ചു പതിനാറു രൂപ വിലവരും. ഉത്തരപ്രദേശത്തിലെ അരിക്കു് ഏകദേശം മുപ്പതു രൂപ വിലയാകും.

ശ്രീ. ആർ. ഗംഗാധരൻ: ഇൻഡ്യയിലെ മിച്ചപ്രദേശങ്ങളിൽ നിന്നും എടുക്കുന്ന അരിയുടെ എത്ര ശതമാനമാണ് ഈ സംസ്ഥാനത്തേയ്ക്കു നൽകുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ കണക്ക പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ഗംഗാധരൻ: കൂടുതൽ അരി ഇവിടെ വരുത്തുവാൻ ശ്രമിക്കുകയും അതു കിട്ടുമ്പോൾ റേഷൻഅരിതന്നെ കൂടുതൽ വിലയ്ക്കു വില്ക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമ്മുടെ സ്റ്റാക്കിന്റെ നില തൃപ്തികരമാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. പക്ഷെ ഇപ്പോഴത്തെ സ്റ്റാക്കിന്റെ നില അത്ര തൃപ്തികരമല്ല.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോൾ ൧൯൫൨-ലേക്കാൾ കൂടുതൽ അരി ചെലവാകുന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: അതു് ഇവിടത്തെ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാത്തതുകൊണ്ടു വന്നതല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല. ൧൯൫൨-ൽ അരിച്ചെലവുതന്നെ കൂടുതലുണ്ട്. പോരെങ്കിൽ ജനസംഖ്യയുടെ കൂടുതലുമുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാത്തതും ഒരു കാരണമല്ലേ ?

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യയ്ക്കു പുറത്തുനിന്നും വരുത്തുന്ന അരിയുടെ വില കൂടിയാലും നമുക്ക ഇൻഡ്യാ ഗവണ്മെന്റിൽനിന്നും കിട്ടുന്ന സബ്സിഡി അതിനനുസരണമായി കൂടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കണക്കനുസരിച്ചു് നമുക്ക കിട്ടേണ്ടതു മുഴുവൻ കിട്ടിയാലും ഇപ്പോഴത്തെ വിലയനുസരിച്ചു ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന രണ്ടുകോടി രൂപയിൽ കൂടുതൽ വരും. ആ തുക മുഴുവൻ ഇൻഡ്യാഗവണ്മെന്റു തരും.

ആററിങ്ങൽ മജിസ്ട്രേട്ടുകോടതി.

* ൩൬൭. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആററിങ്ങൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ വിചാരണയിലിരുന്ന നെടുമങ്ങാടു താലൂക്കിലെ കേസുകൾ നിറുത്തിവച്ചിട്ട് എത്ര കാലമായി;

(ബി) അപ്രകാരം നിറുത്തിവച്ചിട്ടുള്ള കേസുകളുടെ എണ്ണം എത്ര ;

(സി) ഇതിൽ വിസ്താരം ആരംഭിച്ച കേസുകൾ എത്ര?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഏഴുമാസത്തോളമായിട്ടുണ്ട്.

(ബി) ൧൨൦

(സി) ൧.

ശ്രീ. ആർ. ശംഗാധരൻ: അങ്ങനെ നിറുത്തൽ ചെയ്തിട്ടുള്ള കേസുകൾ വേറെ ഏതെങ്കിലും കോടതിയിലേയ്ക്കയച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: നിറുത്തിവച്ചിട്ടുള്ള കേസുകൾ ൧൧-൫-൨൮ മുതൽ ആററിങ്ങൽ കോടതിയിൽതന്നെ വിസ്തരിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: പിന്നെ കുറേക്കാലത്തേയ്ക്കു നിറുത്തി വയ്ക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: നെടുമങ്ങാട്ടു താലൂക്കതിർത്തിയിലുള്ള കേസുകൾ പുതിയ നെടുമങ്ങാട്ടു കോർട്ടിലേയ്ക്കു മാറേറണ്ടതാണ്. അതനുസരിച്ച് ഈ കേസുകളുടെ ആററിങ്ങൽ കോട്ടിലെ വിസ്താരം നിറുത്തിവയ്ക്കുകയാണു ചെയ്തതു്. എന്നാൽ ആ കേസുകൾ സംബന്ധിച്ച് ചെലവാകേണ്ടതായ പണം മുഴുവൻ ചെലവാക്കി കഴിഞ്ഞിരിക്കുന്നതുകൊണ്ടു അവസാനംവരെ ആ കേസുകൾ ആററിങ്ങൽ കോടതിയിൽതന്നെ വിസ്താരം തുടരാൻ അനുവദിച്ചാൽ കൊള്ളാമെന്നു നിവേദനങ്ങൾ കിട്ടുകയും അതു ശരിയാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമാവുകയും ചെയ്കയാൽ അവിടെത്തന്നെ വിസ്തരിക്കട്ടെ എന്നു തീരുമാനിക്കുകയാണ് ഉണ്ടായതു്. ആ കേസുകൾ വീണ്ടും നെടുമങ്ങാട്ടു മജിസ്ട്രേട്ടുകോടതിയിലേയ്ക്കയച്ചാൽ കക്ഷികൾക്കു കൂടുതൽ ചെലവും ബുദ്ധിമുട്ടും ഉണ്ടാകുമെന്നുള്ളതുകൊണ്ടു അങ്ങനെ ചെയ്തതാണ്.

Fresh water fishery Research Stations

* 596. [3] **Shri K. Bhanu :** Will the Minister for Agriculture be pleased to state:

(*a*) how many fresh water fishery research stations are maintained by the Government in the State;

(*b*) how many of them are located near fresh water lakes or reservoirs;

(*c*) whether any of them is located near a river; and

(*d*) if so, where?

Chief Minister (**Shri A. J. John**):

(*a*) No fresh water fishery Research Stations are maintained by the Government;

(*b*) (*c*) & (*d*) Do not arise.

Shri K. Bhanu : May I know whether there are instances where the scope for opening fishery research stations has been pointed out to Government?

Shri A. J. John : The University is directly concerned with this problem. This mainly concerns with backwater areas. It is reported that some experiments are being done in the line by the University.

Shri K. Bhanu : Has any recommendation been made by that department to Government?

Shri A. J. John : I am not in possession of that information at present.

Appointments

❋ 597. [4] **Shri K. Bhanu :** Will the Chief Minister be pleased to state:

(*a*) how many appointments have been made by (i) the Public Service Commission, (ii) by the Government and the other authorities under Government after rules were framed under Article 16 (4) of the Constitution; and

(*b*) how many of them belong to forward classes, backward classes and scheduled castes and scheduled tribes?

Chief Minister (**Shri A. J. John**):

(*a*) (i) 2,073
(ii) 7,07.

(*b*) Forward classes—1877
Backward classes—826
Scheduled castes and scheduled tribes—77.

Shri K. Bhanu : May I know whether Government strictly follow the rules laid down in their order dated 16-4-51?

Shri A. J. John : Yes.

Shri K. Bhanu : May I know, from the figure of appointments now indicated, whether Government realise that the proportion of appointments made by Government is somewhat greater than that made by the Public Service Commission?

Shri A. J. John : Government do not think so. The Public Service Commission have asked the Government to make temporary appointments ranging for a month or less.

Shri A. A. D. Luiz : May I know whether there are any Anglo Indians in the present set up?

Shri A. J. John : I am not in a position to say that.

Shri T. T. Kesavan Sastri : Who is the forward class referred to?

Shri A. J. John : As opposed to the backward class that term is used.

അവധി.

* ഒൻവ്യ. [൭] - ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരും പ്രൈവററും സ്കൂൾ അദ്ധ്യാപകന്മാർക്ക് നൽകുന്ന അവധിയിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ:)

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ വിഭാഗത്തെ സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെ അവധി ടി. എസ്. ആർ. അനുസരിച്ചും, കൊച്ചി വിഭാഗത്തെ സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെ അവധി സി. എസ്. ആർ. അനുസരിച്ചും, വ്യവസ്ഥ ചെയ്തിരിക്കുന്നു. രണ്ടു വിഭാഗങ്ങളിലേയും പ്രൈവററ സെക്കൻററി സ്കൂൾ അദ്ധ്യാപകന്മാരുടെ അവധി സെക്കൻററി സ്കൂൾ സ്കീം പ്രകാരം പാസ്സാക്കപ്പെട്ട പ്രത്യേക റൂളുകളനുസരിച്ചാണ് നൽകുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. കൊച്ചി വിഭാഗത്തിലെ പ്രൈവററ പ്രൈമറി സ്കൂളിലെ അദ്ധ്യാപകന്മാരുടെ അവധി വ്യവസ്ഥകൾ സി. എസ്സ്. ആർ. നെ ആസ്പദമാക്കിയാണ്. തിരുവിതാംകൂറിലെ പ്രൈവററ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്ക് രണ്ടുകൊല്ലത്തിലൊരിക്കൽ ഒരു മാസം പകുതി ശമ്പളത്തിൽ പ്രിവിലേജ് അവധി നൽകുന്നതിനു് വ്യവസ്ഥയുണ്ട്.

പ്രൈവററ സെക്കൻററി സ്കൂൾ സ്കീം അനുസരിച്ച് പാസ്സാക്കപ്പെട്ടിട്ടുള്ള റൂളിന്റെ ഒരു പകർപ്പു മേശപ്പുറത്തു വച്ചിരിക്കുന്നു. (Placed on the library Table.)

ശ്രീ. ടി. കെ. ദിവാകരൻ : ഈ സെക്കൻററി സ്കൂളും തിരുവിതാംകൂറിലെ................

Mr. Speaker : You are a bit late in putting a supplementary question. All the same, you may put the question.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവിതാംകൂറിലെ പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അവധി ടി. എസ്. ആർ. അനുസരിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ നടത്തുമോ?

ശ്രീ. എ. ജെ. ജാൺ : അടുത്ത ദിവസമാണ് റൂൾസെല്ലാം പാസ്സാക്കിയിട്ടുള്ളതു്. അതിന്റെ ഒരു പകർപ്പു മേശപ്പുറത്തു വച്ചിട്ടുണ്ട്. സ്കൂളുകളിലെ വ്യവസ്ഥ പ്രൈവററ സ്കൂളുകളിലും ഏർപ്പെടുത്തുവാൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കൊച്ചിയിൽ സി. എസ്. ആർ അനുസരിച്ച് സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെ വ്യവസ്ഥ എങ്ങനെയാണ്?

Mr. Speaker : Does the Member expect that question to be answered? There is a lot of reference involved in the respective Service Regulations of Cochin and Travancore.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെങ്കിലും വ്യത്യാസമുണ്ടെങ്കിൽ പറയാമല്ലോ.

Mr. Speaker: You can table a question separately for the purpose.

ശ്രീ. ടി. കെ. ദിവാകരൻ: ഏതെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ഏകീകരിക്കുവാൻ ഗവണ്മെന്റ ഉദ്യമിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ: അതേപ്പററി ആലോചിക്കാം; എന്നു പറയാനേ ഇപ്പോൾ നിവൃത്തിയുള്ളു.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപികമാക്കു പ്രസവാവധി അനുവദിക്കുവാൻ ദയവുണ്ടാകുമോ?

Mr. Speaker: That has been answered before.

ശ്രീ. ഏ. ജെ. ജാൺ: അവക്കു് അവധിയെടുക്കാൻ അവകാശമുണ്ടു്. പക്ഷെ ഗ്രാൻറ കിട്ടുമോ എന്നു സംശയമാണു്.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: മററു ഡിപ്പാർട്ടുമെൻറുകളിൽ ജോലി നോക്കുന്ന സ്ത്രീകൾക്കു് അനുവദിക്കുന്നതുപോലെ ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി അവക്കും അനുവദിക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ: അതേപ്പററി ആലോചിക്കാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: തിരുവിതാംകൂർ-കൊച്ചി സർവീസ് റൂൾസ് ഉണ്ടാക്കാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: രണ്ടു വിഭാഗത്തേയും കാര്യങ്ങൾ രണ്ടു റൂളുകളെ അടിസ്ഥാനമാക്കി, ടി. എസ്. ആർ. എന്നും സി. എസ്. ആർ. എന്നും പറഞ്ഞതുകൊണ്ടു് ചോദിച്ചതാണു്.

ശ്രീ. ഏ. ജെ. ജാൺ: ഇപ്പോൾ റൂളുകൾ ഏകീകരിക്കുവാൻ വേണ്ടി ഒരു കോഡിഫിക്കേഷൻ ആഫീസറെ നിയമിച്ചിട്ടുണ്ടു്. ഇപ്പോൾ ആ വക ജോലികൾ ശരിപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം.

* ൭൯൯. [൧] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧-൪-൧൯൫൧-ൽ പ്രാഥമികാദ്ധ്യാപകന്മാരുടെ ശമ്പളം പരിഷ്കരിച്ചപ്പോൾ പകരക്കാരായി ൧-൪-൫൧-നു മുൻപു് ജോലി നോക്കുന്നവക്കു് പഴയഗ്രേഡിൽ തുടന്നുപോകുന്നതിനു് അനുവദിച്ചിട്ടുള്ളതു പരിഗണിച്ചു് മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിലും ഈ തത്വം അംഗീകരിക്കുന്നതിനു് ഗവണ്മെൻറിനു വിരോധമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ), (ബി) പകരം ജോലിനോക്കിയ പ്രാഥമിക അദ്ധ്യാപകരെ പഴയ ഗ്രേഡിൽ തുടരാൻ അനുവദിച്ചു എന്നു പറയുന്നതു ശരിയല്ല. കൊച്ചി വിഭാഗത്തിലെ പഴയ ഗ്രേഡും പുതിയ ഗ്രേഡും രൂപ ൩൦–൪൦ ആയതുകൊണ്ടു് അങ്ങിനെ തോന്നുന്നതാണു്. പകരക്കാർക്കു് പഴയ ഗ്രേഡിൽ തുടരാനുള്ള അനുവാദം കൊടുക്കുന്നതു് സാധാരണ നയമല്ല.

Amounts sanctioned under the Grow More Food Campaign

* 600. [8] **Shri R. Kesava Pillai :** Will the Minister for Agriculture be pleased to state :

(*a*) whether any amount has been sanctioned by the Central Government for the use of this State under the Grow More Food Campaign for the year 1953; and

(*b*) what the different items of expenditure allowed under the Grow More Food Campaign?

Chief Minister (**Shri A. J. John**):

(*a*) Yes.

(*b*) Reclamation of kari land
Sinking of wells
Intensive manuring
Green manuring
Plant protection
Publicity and propaganda
Punja dewatering

Shri R. Kesava Pillai : May I know in what part is the reclamation of kari land taking place?

Shri A. J. John : In Thottapalli, Vechoor and other places.

ശ്രീ. ആർ. കേശവപിള്ള: ജി. എം. എഫ്. പദ്ധതിയനുസരിച്ചു തോട്ടപ്പള്ളി, വെച്ചൂർ ഈ സ്ഥലങ്ങളിൽ എന്തെങ്കിലും തുക ചെലവാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്. അതായതു്, ആകെ ൧൨–൧൩-ൽ രണ്ടരലക്ഷം രൂപയും ൧൩–൧൪-ൽ ഏകദേശം നാലര ലക്ഷം രൂപയും ഇതിലേയ്ക്കു് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: ഈ തുകയിൽനിന്നും മൈനർ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി അനുവദിച്ചിട്ടുള്ള തുക പ്രത്യേകമായിട്ടു് എത്രയാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിലേയ്ക്കു പ്രത്യേകമായി ഒരു കണക്കു എന്റെ കൈവശമില്ല. ഇതു് ആകെ മൊത്തം അനുവദിച്ചിട്ടുള്ളതിന്റെ കണക്കാണു ഞാൻ പറഞ്ഞതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ പദ്ധതിക്കുവേണ്ടി ഇൻഡ്യാഗവണ്മെൻറ തരാമെന്നുപറഞ്ഞിട്ടുള്ള തുകയിൽ വല്ലതും കിട്ടാനുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ: കിട്ടാനുണ്ട്. അതു, ചില പദ്ധതികൾ മുഴുവനും ആയിട്ടില്ല. അവ തയ്യാറാക്കി അയയ്ക്കുമ്പോൾ കിട്ടുന്നതാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി നാരായണൻ പോററി: ൧൯൫൮-൫൯ വർഷത്തിൽ ഈ പദ്ധതിക്കുവേണ്ടി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതു് ?

ശ്രീ. ഏ. ജെ. ജാൺ: ഏകദേശം നാലരലക്ഷം രൂപയോളം ചെലവാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ബിഷപ്പിന്റെ സർക്കുലർ.

* ൬൦൧. [൯] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുനിസിപ്പൽ കാർപ്പറേഷൻ തിരഞ്ഞെടുപ്പുകളിൽ കത്തോലിക്കർ ചില പാർട്ടികൾ നിറുത്തിയിട്ടുള്ള സ്ഥാനാർത്ഥികൾക്ക് വോട്ടുകൾ കൊടുക്കുന്നതിനെ നിരോധിച്ചുകൊണ്ടു തിരുവനന്തപുരം ബിഷപ്പു ഡാക്ടർ വിൻസെൻറ് പെരേര ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറിയാമെങ്കിൽ, ഈ സർക്കുലറിന്മേൽ ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): സർ, ഈ ചോദ്യത്തിനു ഞാൻ ഈ സെഷനിൽ തന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

Mr. Speaker: Mr. Potti, do you press for an answer to question No. 9?

Shri Chengarappalli P. Narayanan Potti: Yes, Sir.

ശ്രീ. കെ. കൊച്ചുകുട്ടൻ:

(എ) ഇല്ല.

(ബി), (സി) ചോദ്യം ഉദിക്കുന്നില്ല.

Police Constables

* 602. [10] **Shri A. Samraj:** Will the Minister for Home Affairs be pleased to state:

(*a*) whether the Government is aware of the great hardship of the low paid police constables because of their transfer to distant places; and

(*b*) whether the Government will see that constables are given transfer near their native places as far as posible in future?

Minister for Home Affairs (**Shri T. M. Varghese**):

(*a*) No.
(*b*) No.

ஸ்ரீ. ஏ. ஸாம்ராஜ்: Family உள்ளவர்களாய் இருந்தால் அவர்களுக்கு ஸ்தலமாற்றம் கொடுக்கக்கூடாதா?

ശ്രീ. ടി. എം. വർഗീസ്: നിവൃത്തിയുള്ളിടത്തോളം അവരുടെ സ്ഥലത്തിനടുത്തു കൊടുക്കയില്ല.

ஸ்ரீ. ஏ. ஸாம்ராஜ்: நான்கு குழந்தைகளிருக்கும். அப்படிப்பட்டவர்களுக்கு சம்பளத்தில் ஏதாவது கூடுதல் கொடுக்கக்கூடாதா?

ശ്രീ. ടി. എം. വർഗീസ്: കൂടുതൽ കുഴന്തയുണ്ടെങ്കിൽ അതനുസരിച്ചു കൂടുതൽ ശമ്പളം കൊടുക്കാൻ റൂളില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവരുടെ സ്ഥലത്തിനടുത്തു സ്ഥലം മാററം കൊടുക്കയില്ലെന്നു പറയുന്നു. വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: അങ്ങിനെ കൊടുക്കയില്ലെന്നുള്ളതു ഇപ്പോഴത്തെ റൂളല്ല. വളരെക്കാലങ്ങളായി നിലവിലിരിക്കുന്ന ഒരു ഏർപ്പാടാണ്. അവരുടെ സ്വന്ത സ്ഥലത്തിനു ൨൫ മൈലിനു അടുത്തു സ്ഥലംമാററം കൊടുക്കയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അതിനുള്ള കാരണമെന്താണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: അവർക്കു ബന്ധമുള്ളവരും, പരിചയമുള്ളവരും ആ സ്ഥലത്തു ധാരാളം ഉണ്ടായിരിക്കും. കൂടാതെ സ്വന്തം താൽപ്പര്യങ്ങൾ പലതും അവിടെ കാണും. ആവക കാര്യങ്ങളിൽ ഏർപ്പെടുന്നതു ആശാസ്യമല്ലെന്നുള്ളതുകൊണ്ടാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഒരു പോലീസ് കാൺസ്റ്റബിളിനെയോ ഒരു പോലീസ ഉദ്യോഗസ്ഥനെയോ ഒരു സ്റ്റേഷനിലേയ്ക്കു സ്ഥലംമാററിയാൽ എത്രകൊല്ലംവരെ അവിടെ വച്ചുകൊണ്ടിരിക്കാം?

ശ്രീ. ടി. എം. വർഗീസ്: സാധാരണ മൂന്നു വർഷംവരെയാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: സ്ത്രീപോലീസിനെ സംബന്ധിച്ചാണെങ്കിൽ വല്ല റൂളുമുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: അതിനും റൂളുണ്ട്. എന്നാൽ പ്രത്യേകമായിട്ടു റൂളില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: പോലീസുകാരെ അവരവരുടെ സ്വന്ത സ്ഥലങ്ങളിൽത്തന്നെ വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നു സർവീസ് റെഗുലേഷനിൽ വല്ല റൂളുമുണ്ടോ, അതോ ഒരു കൺവെൻഷനാണോ?

ശ്രീ. ടി. എം. വർഗീസ്: സർവീസ് റഗുലേഷനിലുണ്ടെന്നു തോന്നുന്നില്ല. റൂളായാലും കൺവെൻഷനായാലും കീഴ്നടപ്പ് ഇങ്ങിനെയാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: മുൻപുമുതൽക്കെ ഈ വ്യവസ്ഥ അംഗീകരിച്ചിരിക്കയാണോ?

ശ്രീ. ടി. എം. വർഗീസ്: അതെ.

ശ്രീ. ടി. കെ. ദിവാകരൻ: കോൺസ്റ്റബിൾമാരെ മാത്രമെ ഈ റൂൾ ബാധിക്കയുള്ളോ, അതോ, ഉദ്യോഗസ്ഥന്മാരെക്കൂടി ബാധിക്കുമൊ?

ശ്രീ. ടി. എം. വർഗീസ്: സ്വന്തസ്ഥലമായുള്ള സാമീപ്യം എന്നുള്ള റൂൾ സാധാരണയായി ഉയന്ന ഉദ്യോഗസ്ഥന്മാരെ ബാധിക്കയില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഹെഡ്കോൺസ്റ്റബിൾ ആയി നിയമിക്കുന്നതു് കോൺസ്റ്റബിൾമാരെ പ്രമോട്ടുചെയ്തുണോ അതോ പുതിയ റിക്രൂട്ടുമെൻറുമൂലമോ?

ശ്രീ. ടി. എം. വർഗീസ്: രണ്ടുതരത്തിലും ആകാം.

ശ്രീ. പ്രാക്കുളം ഭാസി: കോൺസ്റ്റബിൾമാരിൽനിന്നും ഇപ്പോൾ പ്രമോഷൻ കൊടുക്കുന്നില്ലെന്നു കേൾക്കുന്നതു ശരിയാണൊ?

ശ്രീ. ടി. എം. വർഗീസ്: ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: മൂന്നുകൊല്ലത്തിൽക്കൂടുതൽ ഒരു ഉദ്യോഗസ്ഥനെ ഒരു സ്ഥലത്തുതന്നെ ഇരുത്തുകയില്ലെന്നുപറഞ്ഞു. അതിൽ കൂടുതലായിട്ടു ഒരു ഉദ്യോഗസ്ഥനെ ആ സ്ഥലത്തു ഇരുത്തിയിട്ടില്ലെ?

ശ്രീ. ടി. എം. വർഗീസ്: ചോദ്യം വിശദമായില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഒരു ഐക്യമുന്നണി എം. എൽ. എ. പരാതിപ്പെട്ടതിന്റെ ഫലമായി മൂന്നുകൊല്ലത്തിൽ കൂടുതലായിട്ടും മന:പൂർവ്വം സ്ഥലംമാററാതെ വച്ചുകൊണ്ടിരിക്കുന്നു എന്നു് അറിയാമൊ?

ശ്രീ. ടി. എം. വർഗീസ്: ഏതു ഉദ്യോഗസ്ഥനെ ഉദ്ദേശിച്ചാണു ചോദ്യമെന്നറിഞ്ഞാൽ മറുപടി പറയാം.

ശ്രീ. ആർ. ഗംഗാധരൻ: വക്കലെയുള്ള പൊലീസ് ഇൻസ്പെക്ടർ.

ശ്രീ. ടി. എം. വർഗീസ്: ആ ഉദ്യോഗസ്ഥൻ അവിടെ ആയിട്ടു മൂന്നു കൊല്ലത്തിൽ കൂടുതലായൊ എന്നു ഇപ്പോൾ നിശ്ചയമില്ല. പക്ഷെ ആയിരിക്കാം. എന്നാൽ കാരണം മെംബർ സൂചിപ്പിച്ചതായിരിക്കയില്ല.

ശ്രീ. ആർ. ഗംഗാധരൻ: വക്കലെ പൊലീസ് ഇൻസ്പെക്ടരെപ്പററി കഴിഞ്ഞ അസംബ്ളിയിലും അതിനുമുൻപുള്ള അസംബ്ളിയിലും പരാതികൾ പുറപ്പെടുവിച്ചതുകൊണ്ടു് "എന്നാൽ അസംബ്ളിയിൽനിന്നും മാററട്ടെ" എന്നു് ഐ. ജി. പറഞ്ഞതായിട്ടു അറിയാമൊ?

Mr. Speaker: Is it a report, or is it only a rumour, or is the Member importing into the question his own experience?

ശ്രീ. ആർ. ഗംഗാധരൻ: സർ, ഇതു് സൂക്ഷ്മമായിട്ടു നടന്ന കാര്യമാണു്.

Mr. Speaker: Wherefrom did you get that information?

ശ്രീ. ആർ. ഗംഗാധരൻ: ഐ. ജി. പറഞ്ഞിട്ടുള്ളതാണു്.

മി. സ്പീക്കർ: പറഞ്ഞതായിട്ടു മിനിസ്റ്റർക്കു് അറിയാമൊ എന്നല്ലെ ചോദിച്ചതു്?

ശ്രീ. ആർ. ഗംഗാധരൻ: അതെ. ഐ. ജി. പറഞ്ഞതിനെ അനുകൂലിച്ചാണൊ ഗവണ്മെന്റ സ്ഥലംമാററം കൊടുക്കാതിരിക്കുന്നതു് എന്നാണു് ഞാൻ ചോദിച്ചതു്.

Shri K. Madhavan Unnithan: Is it not a fresh question? Is it a supplementary question?

Mr. Speaker: At present, he is seeking for information.

ശ്രീ. ടി. എം. വർഗ്ഗീസ്: ഐ. ജി. പറഞ്ഞതായിട്ടു് ഇന്നു പറയുന്നതുതന്നെ ബോദ്ധ്യമായിട്ടില്ല. അതെന്നു ബോദ്ധ്യമാക്കിയാൽ കൊള്ളാം.

Mr. Speaker: That is exactly why I wanted to make the question clear.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒരു കാൺസ്റ്റബ്ളിനു ഇന്നു കിട്ടുന്ന ശമ്പളംകൊണ്ടു് അന്യസ്ഥലത്തു ജീവിക്കാൻ സാധിക്കയില്ലെന്നറിയാമൊ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതുകൊണ്ടു കൂടിയാണു ഈ അടുത്ത കാലത്തു ശമ്പളം കുറെ കൂട്ടുവാൻ കാരണം.

ശ്രീ. ടി. കെ. കൃഷ്ണൻ: അന്യസ്ഥലത്തു പോകുമ്പോൾ കെട്ടിട വാടക, രോഗചികിത്സ മുതലായവകൾ ഈ ശമ്പളം കൊണ്ടു തീരെ മതിയാകുന്നില്ലെന്നു അറിയാമൊ?

Mr. Speaker: All these are details. The Assembly is not concerned with them.

ശ്രീ. ജെ. കെ. കുമാരപിള്ള: വക്കല ഇൻസ്പെക്ടരെക്കുറിച്ചു് ധാരാളം പരാതികൾ ഇങ്ങനെയുണ്ടാകുന്നുവെന്നു ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടില്ലെ?

Mr. Speaker: That question is disallowed. This question refers to the policy of Government in posting subordinates of the Police Department. Individual complaints do not arise.

ശ്രീ. കായിക്കരയിൽ കരുണാകരൻ: പോലീസ് ഇൻസ്പെക്ടരെ ശിക്ഷയുടെ പേരിൽ സ്ഥലംമാററുന്നതു് വീണ്ടും അഴിമതികാണിക്കാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ആയിക്കൂടെ?

ശ്രീ. ടി. എം. വർഗ്ഗീസ്: അഴിമതി കാണിക്കുന്നുവെന്നുള്ളതു്, ശിക്ഷയായി സ്ഥലം മാററം എന്നുള്ളതു ഇതെല്ലാം വെറും തെററായ ഊഹങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉത്തരം അർഹിക്കാത്ത ചോദ്യങ്ങളാണു്.

അടയ്ക്കയുടെ വില.

*൩൦൬. [൧൧] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഇക്കൊല്ലത്തിൽ അടയ്ക്കയുടെ വില വളരെ കുറഞ്ഞുപോയി എന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അടയ്ക്കാകൃഷിക്കാർക്ക് ഏതെങ്കിലും വിധത്തിലുള്ള ഒരു പ്രൊട്ടക്ഷൻ കൊടുക്കുവാനുള്ള നടപടികൾ എടുക്കുവാൻ നമ്മുടെ ഗവണ്മെൻറ ഉദ്യമിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്?

ധനകാര്യവും സിവിൾസപ്ലൈസ്സുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇൻഡ്യാ സെൻട്രൽ അരിക്കനട്ട് കമ്മിററി ഈ കാര്യം ആലോചിച്ചു വരികയാണ്.

ശ്രീ. വാറുണ്ണി പുളിക്കൽ: നമ്മുടെ രാജ്യത്തെ അടയ്ക്കയെ സംബന്ധിച്ച് എന്താണ് റിപ്പോർട്ടുചെയ്തിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസു വേണം.

ശ്രീ. വാറുണ്ണി പുളിക്കൽ: മററു രാജ്യങ്ങളിൽ നിന്നും ഇൻഡ്യയിൽ അടയ്ക്ക ധാരാളമായി ഇറക്കുമതി ചെയ്യുന്നു എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് അടയ്ക്ക ഇറക്കുമതി ക്രമാതീതമായി കൂടിയിട്ടുണ്ട്. അങ്ങിനെ ഇറക്കുമതിചെയ്യുന്ന അടയ്ക്കയോടുകൂടി പാംനട്ടു കൂടി കലരുന്നു എന്നും ഗവണ്മെൻറിനു അറിവു കിട്ടിയിട്ടുണ്ട്.

ശ്രീ. വാറുണ്ണി പുളിക്കൽ: അതു നിരോധിക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെൻട്രൽ അരക്കനട്ടു കമ്മിററിയിൽ നിവേദനം നടത്തുന്നുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: വിദേശങ്ങളിലെ ഇറക്കുമതി ചുരുക്കണമെന്നു കമ്മിററിയെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇപ്പോൾ ഒരു അടയ്ക്കയ്ക്ക് എന്തു വിലയുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൭ പൈസ വിലയുണ്ടെന്നാണ് തോന്നുന്നതു്.

Shri A. A. D. Luiz: Has any arecanut been exported from this country?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കു സൂക്ഷ്മമായി പറയാൻ സാധിക്കയില്ല.

ശ്രീ. എ. താണുപിള്ള: അടയ്ക്കയുടെ വില കൂട്ടാനോ അതൊ കുറയ്ക്കാനൊ ഗവണ്മെൻറ നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വില കൂട്ടിക്കിട്ടണമെന്നുള്ളതാണ് ഗവണ്മെൻറിൻെറ നില.

ഗവണ്മെൻറ് പ്രസ്സ്.

* ൩൦൪. [൧൨] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറപ്രസ്സിൽ ൧൯൫൨-ൽ സ്റ്റാഫിനും, തൊഴിലാളികൾക്കും നൽകിയിട്ടുള്ള ഓവർടൈം ശമ്പളം എത്രരൂപ വീതം;

(ബി) ഗവണ്മെൻറപ്രസ്സിൽ ഷിഫ്ററസിസ്റ്റം ഏർപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗവണ്മെൻറപ്രസ്സ് കമേഴ്സ്യലൈസ് ചെയ്യാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) (൧) ൨൧, ൧൨൨ രൂപ ൧ അണ.

(൨) ൯൦,൯൭ ൭ രൂപ ൪ അണ.

(ബി) ഉണ്ടു്.

(സി) ഇതേപ്പററി ഗവണ്മെൻറ തീരുമാനം ചെയ്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിൽ തൊഴിലാളികൾക്കു കൊടുത്തിട്ടുള്ള ഓവർടൈം ശമ്പളം എത്രയാണ്?

ശ്രീ. എ. ജെ. ജോൺ: ൯൦,൯൭ ൭ രൂപ ൪ അണയാണ്. ൨൧, ൧൨൨ രൂപ ൧ അണ സ്റ്റാഫിനു് കൊടുത്തിട്ടുള്ള ഓവർടൈം ശമ്പളമാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറപ്രസ്സിൽ ദിവസവും ഓവർടൈം വരുമോ?

ശ്രീ. എ. ജെ. ജോൺ: ദിവസവും ഓവർടൈം ഉണ്ടെന്നു തോന്നുന്നില്ല. അതിൻെറ വിശദമായ വിവരം എൻെറ കൈവശം ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഓവർടൈം ചാർജ്ജ് കുറയ്ക്കുന്നതിനു പുതിയ ഒരു സ്റ്റാഫിനെ ഏർപ്പെടുത്തുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: ഷിഫ്റ്റ് സിസ്റ്റം ഏർപ്പെടുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടെന്നു ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: മൂന്നും നാലും തൊഴിലാളികളെ ഓവർടൈം വർക്കിനു നിറുത്തി സ്റ്റാഫ് കൂടുതൽ ഓവർടൈം വേജസ് എഴുതി എടുക്കുന്നുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. ഏ. ജെ. ജോൺ: അറിഞ്ഞുകൂട.

I. A. S. Cadre.

✻ 605. [13] **Shri A. A. D. Luiz**: Will the Chief Minister be pleased to state:

(*a*) the number of Government employees of this State who have been granted the I. A. S. Cadre during the past four years; and

(*b*) whether the Government has at any time recommended an Anglo Indian for selection to the I. A. S. Cadre?

Chief Minister (**Shri A. J. John**):

(*a*) & (*b*) Officers were appointed to the I. A. S. not on the basis of recommendation from the State Government, but on the selection by a Special Recruitment Board of the Union P. S. C. constituted by the Government of India. The question of recommendation by the State Government did not arise.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഒരു പ്രത്യേക ഗ്രേഡിൽ ഉള്ളവർക്കു മാത്രമേ ഐ. ഏ. എസ്സ്. സെലക്ഷനു അപ്പ്ളൈ ചെയ്യുവാൻ പാടുള്ളൂ എന്നു വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: വളരെ താഴ്ന്നതരത്തിലുള്ളവരെ ഇതിൽ ചേർക്കണമെന്നു ഗവണ്മെന്റിനു ആഗ്രഹമില്ല.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: ഐ. ഏ. എസ്സ്. ലേയ്ക്കു ഇവിടെ നിന്നു തിരഞ്ഞെടുത്തിട്ടുള്ളവർ കുറവാണെന്നു അറിയാമോ?

ശ്രീ. ഏ. ജെ. ജോൺ: ഇപ്പോൾ ൧൭ പേരുണ്ട്.

ശ്രീ. ഈ. പി. വർഗ്ഗീസ്: ഐ. ഏ. എസ്സ്. ലേയ്ക്കുള്ള തിരഞ്ഞെടുപ്പിനു എന്തെങ്കിലും ടെസ്റ്റ് ഉണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: ടെസ്റ്റുണ്ട്. ഐ. ഏ. എസ്സ്. ലേയ്ക്കു ആളുകളെ തിരഞ്ഞെടുക്കുന്നതിനു യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഒരു സ്പെഷ്യൽ റിക്രൂട്ടുമെന്റ് ബോർഡ് ഉണ്ട്. അവർ ഇവിടെ വന്നു ഇന്റർവ്യൂ നടത്തി ടെസ്റ്റ് ചെയ്തു തിരഞ്ഞെടുപ്പു നടത്തുകയാണ് ചെയ്യുന്നതു്. സെലക്ഷനിൽ പങ്കുകൊള്ളുന്നവരുടെ ഹിസ്റ്ററി ആഫ് സർവീസും അവരുടെ കാൺഫിഡൻഷ്യൽ റിക്കാർഡും വച്ചിട്ടാണ് അവർ തിരഞ്ഞെടുപ്പു നടത്തുന്നതു്.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഐ. ഏ. എസ്സ്. തിരഞ്ഞെടുപ്പിനു അപ്ലിയർ ചെയ്യുന്നതിനു മിനിമം ക്വാളിഫിക്കേഷൻ ഇന്നതു് വേണമെന്നു് നിബന്ധനയുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതാണു് ഞാൻ നേരത്തെ പറഞ്ഞതു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഐ. ഏ. എസ്സ്. ലേയ്ക്കു് ഇവിടെ ആഫീസറന്മാരെ റിക്രൂട്ടു് ചെയ്തു കഴിഞ്ഞാൽ അവരുടെ ശമ്പളത്തിൽ എന്തെങ്കിലും വ്യത്യാസം വരുമോ?

ശ്രീ. ഏ. ജെ. ജാൺ: തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ ശമ്പളത്തിൽ വ്യത്യാസം വരും. ഫസ്റ്റു ഗ്രേഡിലേയ്ക്കു് തിരഞ്ഞെടുത്തിട്ടുള്ളവരുടെ ശമ്പളം ൨൦൦—൧൨൦൦ രൂപയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഐ. ഏ. എസ്സ്. ലേയ്ക്കുള്ള ആളുകളെ റെക്കമെൻറു ചെയ്യുന്നതു് ഗവണ്മെൻറു ആണോ?

ശ്രീ. ഏ. ജെ. ജാൺ: അല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ആക്കെല്ലാം ഐ. ഏ. എസ്സ്. തിരഞ്ഞെടുപ്പിനു പങ്കുകൊള്ളാം എന്നുള്ളതിനു് ഗവണ്മെൻറു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അങ്ങനെ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻറർവ്യൂ നടത്തുന്നതിനുള്ള ആഫീസറന്മാരുടെ ലിസ്റ്റു കൊടുക്കുന്നതു് ആരാണു്?

ശ്രീ. ഏ. ജെ. ജാൺ: ഗവണ്മെൻറുതന്നെ ആയിരിക്കണം.

ശ്രീ. ടി. കെ. ദിവാകരൻ: എന്തെല്ലാം പരിഗണനകൾ വച്ചുകൊണ്ടാണു് ഗവണ്മെൻറിൻെറ ഈ ലിസ്റ്റു് തയാറാക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: അവരുടെ ശമ്പളം, ഹിസ്റ്ററി ആഫ് സർവ്വീസ്, ഇതൊക്കെ വച്ചുകൊണ്ടാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറു് കൊടുത്ത ലിസ്റ്റിൽ ഉള്ള എല്ലാവരേയും ഐ. ഏ. എസ്സിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു അറിയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. കേശവപിള്ള: ഐ. ഏ. എസ്സി—ലേയ്ക്കു ഇപ്പോൾ തിരഞ്ഞെടുത്തിട്ടുള്ളവരുടെ ശമ്പളഗ്രേഡു് എന്താണു്?

ശ്രീ. ഏ. ജെ. ജാൺ: ഫസ്റ്റു് ലിസ്റ്റിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ളവരുടെ ശമ്പളം ൨൦൦—൧൨൦൦ രൂപയാണു്. സെക്കൻറു് ലിസ്റ്റിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ളവരുടെ ശമ്പളം ൧൫൦—൩൫൦ രൂപയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ.: ഐ. എ. എസ്സിലേയ്ക്കുള്ള ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതു് ചീഫ്സെക്രട്ടറിയാണോ അതോ മിനിസ്റ്ററാണോ?

ശ്രീ. എ. ജെ. ജാൺ: ആ വിവരം പറയാൻ നിവൃത്തിയില്ല.

Community Projects

❋606. [14] **Shri T. S. Ramaswami :** Will the Chief Minister be pleased to state:

(*a*) how much amount was spent till now in the Community Project areas:

(*b*) the nature of the development of these areas;

(*c*) whether new industries were started; and

(*d*) if so, what, in the respective areas?

Chief Minister (**Shri A. J. John**):

(*a*) Rs. 91,210-4-1.

(*b*) A statement of the work so far done in the two Community Projects is laid on the table.†

(*c*) No.

(*d*) The question does not arise.

ശ്രീ. ടി. എസ്സ്. രാമസ്വാമി: നെയ്യാറ്റിൻകരയിൽ സർവ്വോദയ റോഡ് എന്ന ഒരു റോഡ് വെട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: റോഡുകളുടെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. അതു് ഒരു വലിയ ലിസ്റ്റാണ്. അതാണ് മേശപ്പുറത്ത് വച്ചിരിക്കുന്നതു് എന്നു പറഞ്ഞതു്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: അവിടെ സർവ്വോദയറോഡ് എന്നുപറയുന്ന ഒരു റോഡ് വെട്ടിയിട്ട് അതു് മെറ്റൽചെയ്യാതെ ഇട്ടിരിക്കുകയാണ്.

ശ്രീ. എ. ജെ. ജാൺ: അതു് നോക്കാം.

All Travancore Secondary School Teachers' Association

❋607. [15] **Shri M. V. Cheriyan :** Will the Chief Minister be pleased to state:

(*a*) have the Government received any information regarding the strike launched by the All Travancore Secondary School Teachers' Association;

(*b*) what are their demands;

† Placed on the Library Table.

(*c*) will the Government take immediate steps to ameliorate their grievances; and

(*d*) will the Government think of appointing a Committee including the members of this Legislature to go into this affair and suggest remedial measures?

Chief Minister (**Shri A. J. John**):

(*a*) Yes.

(*b*) The demands are:

1. The salary rates of the private school teachers be raised to the level of that of Government school teachers and as a preliminary step the D. A. of Private School teachers be raised from April 1953.

2. The scheme should be implemented in every detail before 20-2-1953.

(*c*) As the demand for enhanced salary is a new demand not in keeping with the decision of the tripartite conference at which their representatives were also present it has not been considered. The scheme is being fully implemented.

(*d*) Government do not consider that there is any need for such a Committee.

<u>ശ്രീ. എം. വി. ചെറിയാൻ</u>: അവരുടെ പ്രാവിഡൻറ് ഫണ്ട് എത്രയെന്ന് കണക്കാക്കപ്പെടുത്തിയിട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജാൺ</u>: അവരുടെ ശമ്പളം കണക്കാക്കപ്പെടുത്താത്തതുകൊണ്ടാണ് പ്രാവിഡൻറ്ഫണ്ടിന്റെ തുക കണക്കാക്കപ്പെടുത്താതിരിക്കുന്നതു്. ഈ മാസത്തിൽ അല്ലെങ്കിൽ അടുത്ത മാസത്തിൽ അവരെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർത്തിയാകും. അപ്പോൾ അവരുടെ ശമ്പളം കണക്കാക്കപ്പെടുത്തി പ്രാവിഡൻറഫണ്ടുതുക എത്രയുണ്ടെന്നു അവരെ അറിയിക്കുന്നതാണ്.

<u>ശ്രീ. എം. വി. ചെറിയാൻ</u>: മാനേജരന്മാരും ഇൻസ്പെക്ടറന്മാരും തമ്മിൽ ഉണ്ടാകുന്ന അഭിപ്രായവ്യത്യാസംകൊണ്ട് അദ്ധ്യാപകന്മാർക്ക് സമയത്തിന് ശമ്പളം കിട്ടുന്നില്ലെന്നു ഗവണ്മെൻറിന് അറിയാമോ?

<u>ശ്രീ. എ. ജെ. ജാൺ</u>: റൂൾസിൽ ഇങ്ങനെയുള്ള എല്ലാം കാര്യങ്ങൾക്കും പരിഹാരമുണ്ട്.

<u>കൊപ്രാ ഇറക്കുമതി.</u>

* ൩൦൮. [൧൩] <u>ശ്രീ. കെ. കെ. കുമാരപിള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഡ്യയ്ക്കു വെളിയിൽനിന്നും കൊപ്രാ ഇറക്കുമതി ചെയ്യുന്നതിനെതിരായി കേന്ദ്രഗവണ്മെൻറിന്റെ മുൻപിൽ നടത്തിയ നിവേദനങ്ങളുടെ ഫലമെന്താണ്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): വെളിയിൽനിന്നു് കൊപ്രാ ഇറക്കുമതി തടയുന്നതിനായി ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ഈ രാജ്യത്തുള്ള കേരകർഷകരുടെ താല്പര്യം പരിരക്ഷിക്കുന്നതിനായി കൊപ്രായുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതി നിയന്ത്രണത്തിനു് ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കണമെന്നു് അപേക്ഷിച്ചിട്ടുണ്ടു്. പക്ഷേ കേന്ദ്രഗവണ്മെൻറു് ഇതുവരെ നിവേദനത്തെ അനുകൂലമായി പരിഗണിച്ചിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: പ്രതികൂലമായി പരിഗണിച്ചിട്ടുണ്ടോ?

Mr. Speaker: That follows, if it is not favourably considered then the natural inference is there is.

ശ്രീ. പി. വി. അവിരാതരകൻ: വെളിച്ചെണ്ണയുടേയും, കൊപ്രായുടേയും മുഴുവൻ ഇറക്കുമതി തടയണമെന്നു് ഗവണ്മെൻറിനു് ഉദ്ദേശമില്ലാതിരുന്നതുകൊണ്ടാണോ ഇപ്രകാരം നിവേദനം ചെയ്തതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിൻെറ മുമ്പാകെയുള്ള വിവരങ്ങൾകൊണ്ടു് ഇവിടെ ഉള്ളിടത്തോളം വെളിച്ചെണ്ണയും കൊപ്രായുംകൊണ്ടു് ഇൻഡ്യാരാജ്യത്തിൻെറ ആവശ്യം പൂർണ്ണമായി നിർവ്വഹിക്കപ്പെടുകയില്ലെന്നുള്ള അറിവുകൊണ്ടാണു് അപ്രകാരം നിവേദനം ചെയ്തതു്.

ശ്രീ. പി. വി. അവിരാതരകൻ: ഇവിടെയുള്ള വെളിച്ചെണ്ണയുടെ അവസ്ഥയെ പരിഗണിച്ചുനോക്കുന്നതായാൽ വെളിച്ചെണ്ണയുടെ ഇറക്കുമതി പരിപൂർണ്ണമായി തടയുകയല്ലേ നമ്മുടെ ആവശ്യം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വക കാര്യങ്ങളിൽ യുക്തിപൂർവ്വമായ കാര്യങ്ങൾമാത്രമേ ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനെ അറിയിക്കുകയുള്ളു.

ശ്രീ. ടി. കെ. കൃഷ്ണൻ: എത്ര നിവേദനം ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനു് കൊടുത്തിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പലതും കൊടുത്തിട്ടുണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: കൊപ്രയുടെ കാര്യം വളരെ നിസ്സാരമായിട്ടാണോ ഗവണ്മെൻറു് കണക്കാക്കിയിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ സാരമായിട്ടാണു് കണക്കാക്കിയിരിക്കുന്നതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: വളരെ സാരമായിട്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ വളരെ സാരമായിട്ടാണു്.

ശ്രീ. കെ. കെ. കുമാരപിള്ള: ഇൻഡ്യാ ഗവണ്മെന്റിനു് കൊടുത്ത നിവേദനത്തിനു് അനുകൂലമായ മറുപടി തരാത്തതുകൊണ്ടു് ഈ ഗവണ്മെന്റ് വല്ല പ്രക്ഷോഭണത്തിനും തയ്യാറായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റല്ല പ്രക്ഷോഭണം ഉണ്ടാക്കുന്നതു്.

ശ്രീ. കെ. കെ. കുമാരപിള്ള: എന്നാൽ പ്രക്ഷോഭണമുണ്ടാക്കാൻ ഞങ്ങളെ അറിയിക്കാമായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഗവണ്മെന്റിന്റെ ജോലിയല്ല.

ശ്രീ. കെ. ഭാനു: സിലോണിൽനിന്നും ഇൻഡൊനേഷ്യയിൽനിന്നും കൊപ്ര ഇറക്കുമതി ചെയ്യുന്നതിനു് അടുത്ത കാലത്തു് കേന്ദ്രഗവണ്മെന്റ് ആ ഗവണ്മെന്റുകളുമായി ചില കരാറിൽ ഏർപ്പെട്ടതു് മൂലം നമ്മുടെ കൊപ്രായുടെ വിലയിൽ സാരമായ ഇടിവു വന്നിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണു് നിവേദനം ചെയ്യുന്നതു്.

ശ്രീ. ഏ. താണുപിള്ള: ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിന്റെ അടുത്തു് ചെയ്ത നിവേദനത്തിനു് മറുപടി കിട്ടിയതു് എപ്പോഴാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. ഏ. താണുപിള്ള: അതു് ഏകദേശം എത്ര കാലം മുമ്പായിരിക്കും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഏ. താണുപിള്ള: അവരുടെ മറുപടിയുടെ സാരമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: കൊപ്രായുടെയും, വെളിച്ചെണ്ണയുടെയും ആവശ്യം ഇൻഡ്യയിൽ ഒട്ടാകെ എത്ര വരുമെന്നും നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യം കഴിഞ്ഞു് ഇവിടെനിന്നു് കയററി അയക്കുന്നതിനു് എത്ര കാണുമെന്നും ഉള്ളതിനു് സ്റ്റാററിസ്റ്റിക്ക്സ് ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമ്മുടെ സ്റ്റേററിൽനിന്നു് കൊപ്രായും, വെളിച്ചെണ്ണയും കയററി അയക്കുകയല്ലാ ചെയ്യുന്നതു്. അതു് ഇവിടെനിന്നു് ഇൻഡ്യയുടെ മറെറ ഭാഗങ്ങളിലേയ്ക്കു്, മലബാർ മുതലായ ഭാഗങ്ങളിലേയ്ക്കു് കൊണ്ടുപോകയാണു് ചെയ്യുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: നിവേദനം നടത്തിയതിനുശേഷം വെളിയിൽനിന്നുള്ള കൊപ്രായുടെ വരവിൽ അല്പമെങ്കിലും കുറവുണ്ടായിട്ടുണ്ടോ? അല്ലെങ്കിൽ കൂടുകയാണോ ചെയ്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇറക്കുമതി ചെയ്യുന്ന കൊപ്രാ ഇത്രയെന്ന് ഓരോ കാലത്തും ഫിക്സ് ചെയ്യുകയാണ് ചെയ്യുന്നത്.

ശ്രീ. എ. കുഞ്ഞൻ നാടാർ: കൊപ്രായെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവണ്മെൻറിൻെറ നയം വടക്കേ ഇൻഡ്യയിലെ സോപ്പുവ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടിയുള്ളതാണെന്നും, ഇവിടത്തെ കൃഷിക്കാരെ ഉദ്ധരിക്കുവാൻവേണ്ടിയുള്ളതല്ലെന്നും, പറഞ്ഞു കേൾക്കുന്നതു് ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു ആക്ഷേപം കേട്ടിട്ടുണ്ട്.

ശ്രീ. കെ. എം. കോര: ഈ ഗവണ്മെൻറ് ചെയ്ത നിവേദനത്തിന് കേന്ദ്രഗവണ്മെൻറ് പ്രതികൂലമായ മറുപടി തന്നിരിക്കുന്നു എന്ന വിവരം ഗവണ്മെൻറ് ഈ രാജ്യത്തെ കേരകർഷകരെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഔപചാരികമായി ഗവണ്മെൻറ് അറിയിച്ചില്ല. പക്ഷെ എല്ലാവർക്കും അറിയാം.

ശ്രീ. ചെങ്ങാരപ്പിള്ളി നാരായണൻ പോററി: ഇൻഡ്യാഗവണ്മെൻറ് മററു ഗവണ്മെൻറുകളുമായി കൊപ്രാ ഇറക്കുമതിയെ സംബന്ധിച്ചു ആലോചിക്കുമ്പോൾ നമ്മുടെ ഗവണ്മെൻറിൻെറ പ്രതിനിധി ആ ആലോചനയിൽ പങ്കെടുക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമ്മുടെ ഗവണ്മെൻറിനോട് ആലോചിക്കാറില്ല.

ശ്രീ. ചെങ്ങാരപ്പിള്ളി നാരായണൻ പോററി: അതിനെപ്പററി നമ്മുടെ ഗവണ്മെൻറിൻെറ അഭിപ്രായം അവർ അന്വേഷിക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കാര്യത്തിൽ തിരുവിതാംകൂർ-കൊച്ചി എം. പി. മാരുടെ സഹകരണം ഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അവരും ഈ കാര്യത്തിൽ പലതും ചെയ്യുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: അതു് കാൺഗ്രസ്സ് കക്ഷിയിൽപ്പെട്ട എം. പി. മാർ മാത്രമാണോ അതോ, എല്ലാവരും ഇതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: എല്ലാവരും ഈ കാര്യത്തിൽ പങ്കെടുത്തിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: വെളിച്ചെണ്ണയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും പ്രത്യേക താല്പര്യമുണ്ടോ?

ആന്റി കറപ്ഷൻ.

*൩൦൩. [൧൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആന്റികറപ്ഷൻ ഡിപ്പാർട്ടുമെന്റ് എന്നൊരു പ്രത്യേക ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): അങ്ങനെയൊരു ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചിട്ടില്ല. അതിലേയ്ക്കു വേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് തയാറാക്കി സമർപ്പിക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ ഡിപ്പാർട്ടുമെന്റുകൊണ്ട് ഉദ്ദേശിക്കുന്ന ജോലികൾ നിർവ്വഹിക്കുന്നതിന് ഏതെങ്കിലും ഒരു സെക്ഷൻ ഇന്നു പോലീസിലുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ആ സെക്ഷൻ ഏർപ്പെടുത്തിയിട്ട് എത്രകൊല്ലമായെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു റിക്കാർഡുകൾ നോക്കിയേ പറയാൻ ഒക്കുകയുള്ളു.

ശ്രീ. കെ. കെ. കുമാരപിള്ള: ആ സെക്ഷന്റെ ചാർജ്ജു വഹിക്കുന്നതു് ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥനാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആ സെക്ഷനും ഐ. ജി.യുടെ കീഴിൽ തന്നെയാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: ആ സെക്ഷനിലെ ഏറ്റവും ഉയന്ന ഉദ്യോഗസ്ഥന്റെ പേരെന്താണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഡി. എസ്സ്. പി. യും, എ. എസ്സ്. പി.യുമെല്ലാം ആ സെക്ഷനിലെ ഉയന്ന ഉദ്യോഗസ്ഥന്മാരാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: ആ സെക്ഷനിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പുതിയ നിയമനം വല്ലതും നടന്നിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു ഈ ചോദ്യവുമായി ബന്ധമില്ലാത്ത കായ്യമായതുകൊണ്ട് അതിനെപ്പററിയൊന്നും അന്വേഷിച്ചിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ആ സെക്ഷനിലുള്ള ഒരു നിയമനവുമായി പോലീസുമന്ത്രിയുടെ പേരു് ബന്ധിപ്പിച്ചു കേൾക്കുന്നതു് ശരിയാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ശരിയല്ല.

ശ്രീ. ടി. കെ. ദിവാകരൻ: സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ച ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പ്രിലിമിനറി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾചേർത്തു റിപ്പോർട്ട് തരുന്നതിലേയ്ക്ക് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതൊരു പ്രത്യേക ഡിപ്പാർട്ടുമെൻറായി ആർഗനൈസ് ചെയ്യണമെന്നാണോ അതോ, പോലീസിൻെറ കീഴിൽ തന്നെ തുടരണമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: റിപ്പോർട്ടു കിട്ടിയശേഷം അതിനെപ്പററി ഗാഢമായി ആലോചിച്ചു തീരുമാനിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സ്പെഷ്യലാഫീസർ കേന്ദ്രത്തിലും മററ സംസ്ഥാനങ്ങളിലും ഈവക പ്രവർത്തനങ്ങളെപ്പററി മനസ്സിലാക്കുന്നതിനായി പോയിരുന്നോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പോയിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ആൻറി കറപ്ഷൻ ആക്ടിൽ പ്രത്യേകം ഒരുദ്യോഗസ്ഥൻ വേണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇപ്പോൾ സെൻട്രൽ ആക്ടാണ് നമ്മെ ബന്ധിക്കുന്നതു്. ഇതിലേയ്ക്കായിട്ടുതന്നെ ഒരുദ്യോഗസ്ഥനെ നിയമിക്കേണ്ടതാണെന്നു ആക്ററിൽ വ്യവസ്ഥയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: പോലീസ് ഡിപ്പാർട്ടുമെൻറിലെ കറപ്ഷനെപ്പററി അന്വേഷിക്കുന്നതും അവരുടെ കീഴിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥന്മാരാണോ?

Mr. Speaker : Well, it has been said that it is. Now, the question is about the officer who has been appointed to investigate and report on this matter. You can ask supplementary questions on that.

ശ്രീ. എ. കുഞ്ഞൻ നാടാർ: രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ആൻറി കറപ്ഷൻ വകുപ്പ് പോലീസ് ഡിപ്പാർട്ടുമെൻറിൻെറ കറപ്ഷൻകൂടി അന്വേഷിക്കത്തക്കവണ്ണമായിരിക്കണമെന്നു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇപ്പോൾ ആ കാര്യം പ്രിലിമിനറി സ്റ്റേജിൽ ഇരിക്കുന്നതേയുള്ളു. അതിനെപ്പററിയെല്ലാം ആലോചിച്ചു തീരുമാനിക്കുന്നതാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ വകുപ്പ് ഗവൺമെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ പ്രത്യേകമായിരിക്കണമെന്നു കരുതുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇപ്പോൾ അതിൻെറ വ്യവസ്ഥകളെപ്പററി ഒന്നും കൂടുതലായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണു പിള്ള: ഇപ്പോൾ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്തെല്ലാം കാര്യങ്ങളെപ്പററിയാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: മദ്രാസ്, ബാംബെ, മൈസൂർ മുതലായ സ്ഥലങ്ങളിൽ എങ്ങനെയാണ് ഈ കാര്യങ്ങൾ നടത്തുന്നതെന്നു കണ്ടുപിടിച്ച് ഇവിടെ അതിലേയ്ക്ക് എത്ര ഉദ്യോഗസ്ഥന്മാർ വേണമെന്നും, അവർക്ക് അധികാരങ്ങൾ എന്തെല്ലാമുണ്ടായിരിക്കണമെന്നും, അതിലേയ്ക്ക് ഇത്ര ചെലവുവരുമെന്നും എല്ലാം കാണിച്ചു ഒരു റിപ്പോർട്ടുതരുന്നു. ഇപ്പോൾ കൂടുതൽ വിവരങ്ങൾ തരുന്നതിലേയ്ക്ക് ആ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരിക്കയാണ്.

ശ്രീ. എ. താണു പിള്ള: ആ ഉദ്യോഗസ്ഥൻ എത്ര കാലമായി ജോലി ചെയ്യുന്നുവെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: രണ്ടു മൂന്നു മാസമായി.

ശ്രീ. എ. താണു പിള്ള: അദ്ദേഹത്തിന് സ്റ്റാഫും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഒരു സ്റ്റെനോഗ്രാഫറും ഒരു ക്ലാർക്കും ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. എ. താണു പിള്ള: ഈ ഡിപ്പാർട്ടുമെൻറു രൂപീകരിക്കാൻ എത്ര കാലതാമസം വരുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഒന്നോ രണ്ടോ മാസങ്ങൾക്കകം അതു സംബന്ധിച്ച കാര്യങ്ങളെല്ലാം പൂർത്തിയാകും.

ശ്രീ. ടി. കെ. കൃഷ്ണൻ: ആൻറികറപ്ഷൻ സ്ക്വാഡ് മന്ത്രിമാരുടെ സ്വകാര്യസമ്പാദ്യങ്ങളെപ്പററി അന്വേഷിക്കാറുണ്ടോ?

Mr. Speaker: The Minister has already stated that an officer has been appointed and he has submitted a preliminary report and all these questions will be considered after the officer has completed his final report.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇപ്പോൾ വർക്കുചെയ്യുന്ന ആൻറികറപ്ഷൻ സ്ക്വാഡ് മന്ത്രിമാരുടെ സ്വകാര്യസമ്പാദ്യങ്ങളെപ്പററി അന്വേഷിക്കാറുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉദ്യോഗസ്ഥന്മാരുടെയും, അനുദ്യോഗസ്ഥന്മാരുടെയുംകാര്യങ്ങളെപ്പററി അന്വേഷിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. അതിൽ മന്ത്രിമാരും ഉൾപ്പെടുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇവിടെയുള്ള മന്ത്രിമാരെപ്പററി ആൻറികറപ്ഷൻ സ്ക്വാഡ് വല്ല റിപ്പോർട്ടും തന്നിട്ടുണ്ടോ?

Mr. Speaker: How does it arise from this question? The question is not at all about the anticorruption squad but the appointment of an officer.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ സെക്ഷൻെറ പ്രവർത്തനം ആരംഭിച്ചശേഷം എത്ര കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു് ചോദ്യവുമായി ബന്ധമില്ലാത്ത ഒരു കാര്യമായതുകൊണ്ടു് അതിനെപ്പററി അന്വേഷിച്ചിട്ടില്ല. പ്രത്യേകം ഒരു ചോദ്യം അയച്ചാൽ ഉത്തരം പറയാം.

Women's Hostel Annexe at Trivandrum

*610 [19] **Shri A. Samraj :** Will the Chief Minister be pleased to state:

(*a*) whether it is a fact that burglary took place in the Government Women's Hostel Annexe at Trivandrum in November 1952;

(*b*) if so, whether the thief has been apprehended and the stolen articles recovered; and

(*c*) whether the Hostel authorities failed to report the matter promptly to the Police?

Chief Minister (**Shri A. J. John**):

(*a*) A few cases of theft occurred in the hostel in November 1952 in which certain personal belongings of the students were lost. There was no case of burglary as such.

(*b*) Police investigation is proceeding. Some of the articles have been recovered.

(*c*) No. The matter was promptly reported to the Police.

Shri T. S. Ramaswami : From whom were these articles recovered?

Shri A. J. John : The Police is still enquiring into the matter. These articles were recovered from one Gounden and a few others.

Shri T. S. Ramaswami : Was any gold chain recovered from any of the thieves?

Shri A. J. John : A pendant and a chain were recovered.

Shri T. S. Ramaswami : Was this matter reported in time by the Warden to the Police.

Shri A. J. John : That is answered in part (*c*).

Shri T. S. Ramaswami : Were these articles returned?

Shri A. J. John : The enquiry is still pending and so these articles recovered are not returned.

Shri T. S. Ramaswami : Is it true that...

Mr. Speaker : It has already been answered that the case is under Police investigation.

Shri T. S. Ramaswami : Sir, I want to bring to the notice of Government that sufficient precautions are not taken in the Hostel to prevent such thefts and it seems there are no iron bars for the windows upstairs.

Shri A. J. John : The matter will be considered.

ചെത്തുതൊഴിലാളികളുടെ കൂലി.

* ൯൭൭. [൨൭] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും വിവിധ കൂലിനിരക്കാണ് ചെത്തുതൊഴിലാളികൾക്കു നൽകിവരുന്നതെന്ന വസ്തുത പരമാർത്ഥമാണോ;

(ബി) ആണെങ്കിൽ വ്യത്യസ്തമായി കൂലിത്തോതു് നിലനിറുത്തിപ്പോരുന്നതിന് എന്തു ന്യായമാണുള്ളതു്;

(സി) സ്റ്റേററിലാകെ ചെത്തുതൊഴിലാളികൾക്ക് ഒരു ഏകീകരിച്ച കൂലിവ്യവസ്ഥ നടപ്പാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ।

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അതെ.

(ബി) പ്രാദേശിക പരിതഃസ്ഥിതിയനുസരിച്ചു കൂലിനിരക്കു പല സ്ഥലത്തും വ്യത്യസ്തമായിരിക്കാം.

(സി) ഇപ്പോൾ ആലോചനയിൽ ഇല്ല.

ശ്രീ. കെ. പി. പ്രഭാകരൻ: മിനിമംവേജസ് ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ആക്ടിൽ മിനിമം വേജസ് സ്റ്റേററിലുള്ള എല്ലാ പ്രദേശങ്ങളിലും ഏകീകരിച്ചു നടപ്പിലാക്കണമെന്നല്ലേ പറഞ്ഞിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽ ചെത്തുതൊഴിലാളികളുടെ കാര്യം പറഞ്ഞിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: മററു വ്യവസായങ്ങളിലെല്ലാം ഗവണ്മെൻറ് ഒരു കൂലിനിരക്കാണ് നിശ്ചയിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല, ചുരുങ്ങിയ കൂലിയാണ് നിർദ്ദേശിക്കുന്നതു്. മിനിമംവേജസ് ആക്ടനുസരിച്ചു് പ്രാദേശിക പരിതഃസ്ഥിതിക്കനുകൂലമായി കൂടിയ കൂലി കൊടുക്കുന്നതിലും വിരോധമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ചുരുങ്ങിയ കൂലി സ്റ്റേററ് ഒട്ടാകെ നിശ്ചയിച്ചിരിക്കുകയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളികൾക്ക കിട്ടുന്നകൂലി അതിൽ കൂടുതലും ആകാം. മിനിമം ആണ് നിശ്ചയിക്കുന്നതു്.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇന്നകൂലി കിട്ടണമെന്നു നിശ്ചയിക്കുന്നതിനു അധികാരമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഷെഡ്യൂളിൽ ചെത്തുകാരെ ഉൾപ്പെടുത്തിയിട്ടില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞല്ലോ.

ശ്രീ. കെ. പി. പ്രഭാകരൻ : സ്റ്റേററിനു പുറമെനിന്നു ഈ ജോലിക്ക തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതായി പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചില സ്ഥലങ്ങളിൽ പല കാരണങ്ങളാലും ഈ തൊഴിലാളികളെ ഉപയോഗപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടെന്നു കണ്ടാൽ അയൽപ്രദേശങ്ങളിൽനിന്നും തൊഴിലാളികളെ വരുത്തുന്നുണ്ടാകാം. അങ്ങനെ തൊഴിലാളികളെ വരുത്തുന്നില്ലെന്നു പറയാൻ നിവൃത്തിയില്ല.

Mr. Speaker : Order. Order. We have got two Short Notice Questions to be disposed of *viz.*, Question No. 6, and Question No. 9. put by Shri L. M. Pylee and Shri P. Bhaskaran Nair, respectively.

SHORT NOTICE QUESTIONS

S.S.L.C. Question Paper.

8. [6] **Shri L. M. Pylee :** Will the Chief Minister be pleased to state :

(*a*) whether in the Malayalam copies of one of the Mathematics question papers of the present S.S.L.C. Examination there was a serious mistake ;

(*b*) was the mistake one of omission of necessary data that were absolutely necessary for answering the question ;

(*c*) from the point of view of marks, was the question concerned the most important in Part A of the question paper ;

(*d*) who was responsible for the mistake, if any ; and

(*e*) what action has been taken to safeguard the interest of the candidates in this connection ?

Chief Minister **(Shri A. J. John) :**

(*a*) Yes.

(*b*) Yes.

(*c*) Yes.

(*d*) One who set the paper.

(*e*) Necessary steps have been taken to see that no candidate suffers on account of the omission.

Shri L. M. Pylee : What steps have been taken against the person responsible for the mistake ?

Shri A. J. John : That is a matter which is under the consideration of Government.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഈ ഒരു തെററല്ലാതെ വേറെവല്ല തെററും ഉണ്ടായിരുന്നോ ?

ശ്രീ. എ. ജെ. ജാൺ : വേറെയുണ്ടോയെന്നുള്ളതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഈ പേപ്പറിൽതന്നെ വേറെ ഏതെങ്കിലും കുഴപ്പമുണ്ടായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കുഴപ്പമുള്ളതായി അറിവില്ല.

നാടകനിരോധനം.

൯. [൯] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൩ മാർച്ച് ൧൯, ൨൦, ൨൧ എന്നീ തീയതികളിൽ യഥാക്രമം ബാലരാമപുരം, പാച്ചല്ലൂർ, പാലോട് എന്ന സ്ഥലങ്ങളിൽ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന സംഗീതനാടകം നടത്തുന്നതിനുള്ള അനുവാദം തിരുവനന്തപുരം ഡിസ്ട്രിക്ററ് മജിസ്ട്രേട്ട് നിഷേധിക്കയുണ്ടായോ;

(ബി) നിഷേധിച്ചെങ്കിൽ കാരണമെന്ത്;

(സി) പ്രസ്തുത സംഗീതനാടകം തിരുവനന്തപുരം ഡിസ്ട്രിക്ററ് ഒട്ടാകെ അഭിനയിക്കുവാൻ ജനറൽ സാങ്ഷൻ നൽകപ്പെട്ടിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറുഗീസ്) :

(എ) ൧൯൫൩ മാർച്ച് ൧൯-ാംതീയതി ബാലരാമപുരത്തു ഈ നാടകം അഭിനയിക്കാൻ നൽകിയിരുന്ന അനുവാദം തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേട്ട ൧൭–൩–൧൯൫൩-ൽ പിൻവലിച്ചു.

(ബി) നാടകം അഭിനയിക്കാൻ അനുവാദം കൊടുത്തപ്പോൾ നിർദ്ദേശിച്ചിരുന്നതിനു വിപരീതമായി നാടകം നടത്തുന്നതായി ബോദ്ധ്യപ്പെട്ടതുകൊണ്ടും ഈ വിവരങ്ങൾ കാണിച്ചു പൊതുജനങ്ങളിൽനിന്നും പരാതികൾ ലഭിച്ചതുകൊണ്ടുമാണ് അനുവാദം നിഷേധിച്ചത്.

(സി) ജനറൽ സാങ്ഷൻ കൊടുത്തിരുന്നു.

WRITTEN ANSWERS

Industrial dispute in S.S. Alam Salt Factory.

*612. [20] **Shri A. Samraj :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether the Government are aware of an industrial dispute in .S.S Alam Salt Factory in South Travancore ;

(*b*) if so, the date on which the dispute arose ;

(*c*) whether it was settled or referred to adjudication ;

(*d*) whether the Government have received any report from the Labour Commissioner regarding that dispute ; and

(*e*) if so, the date ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(*a*) Yes.

(*b*) The strike notice was issued on 22nd October 1952 and the workers struck work from 23rd October 1952.

(*c*) The dispute was not settled. On failure of conciliation proceedings, the matter is pending further consideration of Government.

(*d*) Yes.

(*e*) The report after failure of conciliation was received on 4th December 1952.

Lower Secondary school teachers.

*613. [25] **Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) the number of lower secondary school teachers who are in the 45—75 scale in the Travancore area.

(*b*) in the Cochin area in the 30—75 scale ?

Chief Minister (**Shri A. J. John**)**:**

(*a*) 53.

(*b*) 131.

Educational concessions.

*614. [27] **Shri E. Krishnan Nair :** Will the Chief Minister be pleased to state :

(*a*) whether the Government propose to grant educational concessions to the children of low-paid teachers ; and

(*b*) if so, whether the Government have taken any action in the matter ?

Chief Minister (**Shri A. J. John**) :

(*a*) It is proposed to give the children of Non-Gazetted Officers in general free education in Middle School classes and half-fee concession in the High school classes from the beginning of the next educational year.

(*b*) Action is being taken in the matter.

Under-graduate teachers.

✻615. [28] **Shri E. Krishnan Nair** : Will the Chief Minister be pleased to state :

(*a*) whether there is an efficiency scale for under-graduate teachers in the middle school ;

(*b*) if so, the number of under-graduate teachers who have been promoted to this scale every year since June 1947 ; and

(*c*) the basis fixed for the selection of such teachers ?

Chief Minister (**Shri A. J. John**) :

(*a*) Nil.

(*b*) & (*c*) Do not arise.

മുഖ്യമന്ത്രി നിധിസംഭരണം.

✻൬൧൬. [൨൯] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ദുരിതനിവാരണപ്രവർത്തനങ്ങൾക്ക സമാരംഭിച്ചിരിക്കുന്ന മുഖ്യമന്ത്രിനിധിയിലേയ്ക്കു ധനശേഖരം നടത്തുന്നതെങ്ങിനെയാണ്;

(ബി) അതിലേയ്ക്കു നിയോഗിച്ചിട്ടുള്ള അനൗദ്യോഗികകമ്മിററികീഴ്ഘടകങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ഡിസ്ട്രിക്ററുകളക്ടർ, തഹശീൽദാർ, പാർവത്യക്കാർ തുടങ്ങിയ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ ഔദ്യോഗികചുമതലകളുടെ കൂട്ടത്തിൽ ഇപ്പോൾ മുഖ്യമന്ത്രിനിധി സംഭരണംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ദുരിതനിവാരണപ്രവർത്തനങ്ങൾക്കുവേണ്ടി സമാരംഭിച്ചിരിക്കുന്ന മുഖ്യമന്ത്രിനിധിയെ ഒരു കേന്ദ്രകമ്മിററിയാണ് നിയന്ത്രിക്കുന്നതു്. കേന്ദ്രകമ്മിററിയിൽ ൪൭ അംഗങ്ങളുണ്ടു്. കോസ്റ്റൽ ഏരിയാ ആൻഡ് കയർ ഷെയിഡ് ഡവലപ്പ്മെൻറ് ആഫീസർ കേന്ദ്രകമ്മിററിയുടെ കൺ

വീനറും സെക്രട്ടറിയുമാണ്. ഗവണ്മെൻറ് ധനകാര്യ്യവകുപ്പുസെക്രട്ടറി നിധിയുടെ ഖജാൻജിയാണ്. ഓരോ താലൂക്കിലും 10 അംഗങ്ങളിൽ കുറയാത്ത ഓരോ താലൂക്ക കമ്മററികളും ഉണ്ട്. താലൂക്കിലെ തഹശീൽദാർ താലൂക്കകമ്മററിയുടെ കൺവീനറും ഖജാൻജിയുമാണ്. താലൂക്കിനകത്തു താമസമുള്ള കേന്ദ്രകമ്മിററിയിലെ ചില അംഗങ്ങളും താലൂക്കകമ്മിററിയിലെ ex-officio അംഗങ്ങളാണ്. കോസ്റ്റൽ ഏറിയാ ആൻഡ് കയർ ട്രേയിഡ് ഡെവലപ്പമെൻറാഫീസർ അമ്പലപ്പുഴ, ചേർത്തല ഈ താലൂക്ക കമ്മററികളിൽ അംഗമാണ്. താലൂക്കകമ്മിററികളുടെ ചുമതലയിലാണ് നിധിയിലേക്ക ധനശേഖരം നടക്കുന്നതു്. രസീതുബുക്കകൾ നിധിയുടെ ഖജാൻജി ഓരോ താലൂക്കിലും അയച്ചുകൊടുക്കുന്നു. താലൂക്കകമ്മിററികളിലെ ഖജാൻജിമാർ ധനം സംഭാവന ചെയ്യുന്നവക്ക രസീതു കൊടുക്കുന്നു. സംഭാവന കിട്ടിയ പണമൊ അവർ തിരുവിതാംകൂർബാങ്കിലൊ അതിൻെറ ശാഖകളിലൊ നിധിയുടെ ഖജാൻജിയുടെ പേക്ക് അടയ്ക്കുന്നു. തിരുവിതാംകൂർ ബാങ്ക് ഈ നിധിയെ സംബന്ധിച്ച പണമിടപാടുകൾ കമ്മീഷൻ കൂടാതെ നടത്താമെന്നു സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂർ ബാങ്കിൻെറ ശാഖകളില്ലാത്ത സ്ഥലത്തു് അവിടത്തെ തഹശീൽദാർ Remittance Transfer Receipts വഴിയോ Cash orders വഴിയോ നിധിയുടെ ഖജാൻജിക്ക് ആഴ്ചതോറും സംഭാവന കിട്ടുന്ന തുക അയച്ചുകൊടുക്കുന്നു. സംഭാവനകളെ സംബന്ധിച്ച ലിസ്റ്റ് തഹശീൽദാരന്മാർ സൂക്ഷിക്കുന്നതാണ്.

(ബി) ചില താലൂക്കകളിലെ താലൂക്കകമ്മിററികൾ കീഴ്ഘടകങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല, നിധി കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കാൻ വേണ്ടി തുടങ്ങിയിട്ടുള്ളതുകൊണ്ട് അതിൻെറ ധനശേഖരണാർത്ഥം ഉദ്യോഗസ്ഥന്മാർ സഹകരിക്കുന്നു.

ദുരിതനിവാരണപ്രവർത്തനം.

* ൩൧൧. [൯൦] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കയർ വ്യവസായസ്തംഭനംകൊണ്ടും മററും ഉളവായ തൊഴിലില്ലായ്മക്കും, പട്ടിണിക്കും പരിഹാരം കാണുന്നതിനു് സമാരംഭിച്ച മുഖ്യമന്ത്രിനിധിയുടെ വിനിയോഗമെങ്ങിനെ;

(ബി) ഇതുവരെ എന്തു തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്; എന്തു ചെലവാക്കിയിട്ടുണ്ട്;

(സി) കയറിൻെറ വിലയിടിവുകൊണ്ടു് പണിയില്ലാതെ കഷ്ടപ്പെടുന്നതൊഴിലാളികളുടെ ഇടയിൽ ജാൺനിധിയിൽനിന്നും കിട്ടുന്ന പണംകൊണ്ടു് തൊണ്ടുവാങ്ങി വിതരണം നടത്തിവരുന്നുണ്ടോ;

(ഡി) വൈക്കം താലൂക്കിലേയ്ക്കു് അനുവദിച്ച ജാൺനിധിയുടെഭാഗം എങ്ങനെ വിനിയോഗിച്ചുവെന്നു് ഗവണ്മെൻറുശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിലെങ്ങിനെ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ);

(എ) മുഖ്യമന്ത്രിനിധിയെ ൪൭ അംഗങ്ങളുള്ള ഒരു കേന്ദ്ര കമ്മിററിയാണ് നിയന്ത്രിക്കുന്നതു്. ഗവമ്മെൻറ് ധനകാര്യവകുപ്പുസെക്രട്ടറി നിധിയുടെ ഖജാൻജിയാണ്. കോസ്റ്റൽ ഏറിയാ ആൻഡ് കയർ ട്രേഡ് ഡെവലപ്പുമെൻറാഫീസർ കേന്ദ്രകമ്മിററിയുടെ കൺവീനറും സെക്രട്ടറിയുമാണ്. ഓരോ താലൂക്കിലും ൧൫ അംഗങ്ങളിൽ കുറയാത്ത ഓരോ താലൂക്കുകമ്മററികൾ ഉണ്ടു്. താലൂക്കിലെ തഹശീൽദാർ താലൂക്കുകമ്മിററിയുടെ കൺവീനറും ഖജാൻജിയുമാണ്. ദുരിതാശ്വാസ പ്രവൃത്തനങ്ങളുടെ ചുമതല താലൂക്കുകമ്മിററികൾക്കാണ്. ഓരോ താലൂക്കിലേയ്ക്കും ആവശ്യമുള്ള തുക കോസ്റ്റൽ ഏറിയാ ആൻഡ് കയർട്രേഡ് ഡെവലപ്പ്മെൻറാഫീസർ ആരാഞ്ഞറിയുകയും അതിനെപ്പററി കേന്ദ്രകമ്മിററിയെ ധരിപ്പിക്കുകയും ചെയ്യുന്നു. കേന്ദ്രകമ്മിററി തുക അനുവദിക്കുന്നു. അനുവദിച്ച തുക താലൂക്കുകമ്മിററികളെ തഹശീൽദാർമുഖേന ഏല്പിക്കുന്നു. താലൂക്കുകമ്മിററികൾ ഈ തുകയെ പാവപ്പെട്ട സ്കൂൾകുട്ടികൾക്കു ഉച്ചഭക്ഷണം കൊടുക്കുന്നതിനും പാവങ്ങൾക്കു അഴുകിയതൊണ്ടുവിതരണം ചെയ്യുന്നതിനും വീടുമേഞ്ഞുകൊടുക്കുന്നതിനും മരച്ചീനിവിതരണം ചെയ്യുന്നതിനും വസ്ത്രം കൊടുക്കുന്നതിനും നൂൽവിതരണം ചെയ്യുന്നതിനും മററുമായി വിനിയോഗിക്കുന്നു.

(ബി) ൫-൩-൧൯൫൩ വരെ ൨,൦൪,൧൪൯ രൂപ ൪൧ ൧൧ പൈസാ പിരിഞ്ഞു കിട്ടിയിട്ടുണ്ടു്. ൧,൪൩,൪൦൦ രൂപാ ചെലവായിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) വൈക്കംതാലൂക്കിലേയ്ക്കു് ൬൦൦൦ രൂപ അനുവദിച്ചിട്ടുണ്ടു്. വൈക്കം, നടുവിലാ, പടിഞ്ഞാറെക്കര, ചെമ്പ്, മണകുന്നം, വെച്ചൂർ എന്നീ പകുതികളിലുള്ള പാവപ്പെട്ട ൬൪൭ പേർക്കു അഴുകിയ തൊണ്ടു വിതരണം ചെയ്തിട്ടുണ്ടു്. ൫ സ്കൂളുകളിലായി പാവപ്പെട്ട ൧൫൦ കുട്ടികൾക്കു ദിവസേന കഞ്ഞികൊടുത്തുവരുന്നു.

പഞ്ചവത്സരപദ്ധതികൾ.

* ൬൧൭. [൩൧] ശ്രീ. പി. എസ്സ് വാസുദേവൻപിള്ള:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിൻെറ പഞ്ചവത്സരപദ്ധതികളിൽ പ്രവൃത്തനം ആരംഭിച്ച ജോലികൾ ഏതെല്ലാം;

(ബി) ഓരോ സ്കീമിനും എന്തു തുകകൾ ചെലവായിട്ടുണ്ടു്;

(സി) ഓരോ സ്കീമും തൃപ്തികരമായി പ്രോഗ്രസ്സ് ചെയ്യുന്നുണ്ടോ;

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഒരു ലിസ്ററമേശപ്പുറത്തു വച്ചിട്ടുണ്ടു്. †

† Please See Appendix

(ബി) ഇതിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്.

ടൈററാനിയം കമ്പനി.

*൬൧൯. [൩൨] ശ്രീ. പി. എസ്. വാസുദേവൻപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരത്തുള്ള ടൈററാനിയം കമ്പനി വീണ്ടും പ്രവർത്തനം ആരംഭിക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) അടുത്തഭാവിയിൽ ഈ കമ്പനി വീണ്ടും പ്രവർത്തനം ആരംഭിക്കുമോ ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്. ഈ വ്യവസായത്തിനു വേണ്ട സംരക്ഷണം നൽകുന്നതിനും തന്മൂലം ഫാക്ടറി വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതിനും വേണ്ടി സംസ്ഥാനഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഈ സംഗതി ഈ വ്യവസായത്തിനു വേണ്ട സംരക്ഷണം നൽകുന്നതിനെക്കുറിച്ച് ഇൻഡ്യൻ താരിഫ് ബോർഡ് സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ കേന്ദ്രഗവണ്മെന്റ് നിശ്ചയിക്കുന്ന തീരുമാനത്തിനെ ആശ്രയിച്ചിരിക്കുന്നതാണ്.

Japanese method of paddy cultivation.

*620. (33) **Shri N. P. Varghese :** Will the Chief Minister be pleased to state :

(*a*) whether there is any scheme for popularising Japanese methods of paddy cultivation ;

(*b*) what is the yield per acre of paddy crop under the Japanese methods of cultivation and by indigenous methods of cultivation ; and

(*c*) is it a fact that the Government of India are giving grants for model farms under Japanese methods of paddy cultivation.

Chief Minister (**Shri A. J. John**) :

(*a*) Yes.

(*b*) An yield of about 6,000 lbs. of paddy per acre is claimed by the Kora Gramodyog Kendra of Bombay State, where the Japanese method of cultivation is being successfully carried out. This has to be proved by experiments here.

The average yield obtained in this State, by the application of indigenous methods, is about 1200 lbs. of paddy per acre. Yields up to 6000 lbs. and 7000 lbs. have also been obtained in this State from the Paddy Prize Competition Plots, by applying intensive cultivation methods.

(*c*) No.

Chief Minister's Fund.

*621. [35] **Shri P. V. Avira Tharakan :** Will the Chief Minister be pleased to state :

(*a*) the amount collected from the public for the Chief Minister's Fund up to 31st January 1953 ;

(*b*) the amount distributed up to 31st January 1953 ;

(*c*) the machinery for distribution ; and

(*d*) whether any political party was entrusted with the distribution of the fund ?

Chief Minister (**Shri A. J. John**) :

(*a*) Rs. 1,68,936—13—8.

(*b*) Rs. 99,300.

(*c*) The Chief Minister's Fund for Distress Relief is being administered by a Central Committee consisting of 48 members. The Finance Secretary to Government is the Treasurer of the Fund. The Coastal Area and Coir Trade Development Officer is the Convener and Secretary. Taluk Committees have been constituted in each Taluk with not less than 15 members. The Tahsildar of the Taluk is the Treasurer and Convener of the Taluk Committee. The Taluk Committees are responsible for initiating appropriate relief measures in the Taluks. The requirements of the Taluks are ascertained by the Coastal Area and Coir Trade Development Officer. He apprises the Central Committee from time to time of the requirements of the Taluks. The Central Committee then makes allotments to each Taluk consistent with the availability of funds. The allotments so made are placed at the disposal of the Taluk Committees through the Tahsildars.

(*d*) No.

UNSTARRED QUESTIONS

അദ്ധ്യാപകന്മാർ.

൩൭൭. [൧] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ ഇരുന്നുകൊണ്ടു് കൂടുതൽ പരീക്ഷായോഗ്യത സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകന്മാക്കു് അവർ അർഹിക്കുന്ന പ്രോത്സാഹനം നൽകുന്നുണ്ടോ ;

(ബി) അങ്ങനെയുള്ള ആരെയെങ്കിലും എൻ ർ ൻ.ൽ ഗ്രാഡ്വേറ്റ് സ്കെയിലിൽ നിയമിച്ചശേഷം ഉത്തരവു റദ്ദുചെയ്തു വീണ്ടും പഴയ ലാവണത്തിൽ തിരിച്ചയച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്തു് ;

(ഡി) ഇപ്രകാരം തരംതാഴ്ത്തപ്പെട്ട അദ്ധ്യാപകക്കു് ബി. റ്റി. ക്കു് പഠിക്കുമ്പോൾ സ്റ്റൈപ്പെൻഡ് കിട്ടിയില്ലെന്നുള്ള കാര്യം ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ചു എന്തെങ്കിലും പരാതികിട്ടിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി & എഫ്) ഉദിക്കുന്നില്ല. പരാതികിട്ടിയാൽ അതിനെപ്പററി പരിഗണിക്കുന്നതാണു്.

കുളങ്ങൾ.

൩൱൬. [൨] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉള്ളൂർ പകുതിയിൽ സർക്കാർവകയും അല്ലാത്തതുമായ കൃഷിക്കു ഉപയുക്തമായ കുളങ്ങൾ എത്രയുണ്ടു് ;

(ബി) അഞ്ചുവർഷത്തിനകം ഇതിൽ എത്ര എണ്ണം സർക്കാരിൽ നിന്നും കുഴിപ്പിച്ചു നന്നാക്കിയിട്ടുണ്ടു് ;

(സി) ഇപ്പോൾ വലുതും ചെറുതുമായ പല കുളങ്ങളും പലരും കൈവശപ്പെടുത്തി കഴിഞ്ഞിരിക്കുന്നുവെന്നു് സർക്കാർ അറിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) നാല്പത്തിഒന്നു് കുളങ്ങൾ ഉണ്ടു്

(ബി) "വയമ്പുച്ചിറ" എന്ന ഒരു കുളം ഈ അഞ്ചുകൊല്ലത്തിനിടയ്ക്കു് നന്നാക്കിയിട്ടുണ്ടു്.

(സി) ഉള്ളൂർപകുതിൽ സർവ്വേ ൪൮ ൫ംനമ്പർ തട്ടാർകോണത്തുചിറ അയൽക്കാർ കൈവശപ്പെടുത്തി കൃഷിക്കു് ഉപയോഗമില്ലാതായിത്തീർന്നിട്ടുണ്ടു് ?

മുൻസിഫ് മജിസ്ട്രേട്ടുകോടതി.

൩൫൧. [൩] ശ്രീ. പ്രാക്കുളം ഭാസി: താഴെപറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ തെക്കുംഭാഗത്തെ പൊതുജനങ്ങളിൽനിന്നു അവരുടെ അധികൃതി കരുനാഗപ്പള്ളി മുൻസിഫ്, മജിസ്ട്രേട്ടുകോടതികളിൽനിന്നു കൊല്ലത്തേക്കു മാററികിട്ടണമെന്നു കാണിച്ച് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ നടത്തി?

ഉത്തരം.

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ഇരിക്കുന്നു.

കശുഅണ്ടി ഗവേഷണം.

൩൫൨. [൩] കുട്ടപ്പൻ കോയിക്കൽ: താഴെപറയുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊട്ടാരക്കരയിൽ ൧൯൫൦-ൽ ഒരു കശുഅണ്ടി ഗവേഷണകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനമെന്താണെന്നു പറയുമോ; ഈ കേന്ദ്രത്തിന് ഇൻഡ്യൻ കാർഷിക ഗവേഷണ സമിതിയിൽനിന്നും വല്ല ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്താണ് അതു്?

ഉത്തരം

ഉണ്ട്. ടി കേന്ദ്രം താഴെപറയുന്ന പരിപാടികൾ നിർവ്വഹിക്കുന്നതാണ്:

(൧) പ്രാദേശികമായ സ്ഥലം സർവ്വേചെയ്യുകയും, മാതൃകകൾ തിരഞ്ഞെടുക്കുകയും, തിരഞ്ഞെടുക്കപ്പെട്ട മാതൃകകൾ തയ്യാർ ചെയ്യുകയും ചെയ്യുക.

(൨) പ്രദേശത്തിന് അനുയോജ്യമായി തൈ വളർത്താൻ സാങ്കേതിക വിജ്ഞാനം സംജാതമാക്കുക.

(൩) തിരഞ്ഞെടുക്കപ്പെട്ട ക്ലോണൽ പ്രോജനികളെ (മുറിച്ചെടുത്തതും, പതിവച്ചെടുത്തതുമായ ശിഖരങ്ങളും, തൈകളും) പരിശോധിക്കുക.

(൪) പുഷ്പനത്തിന് പ്രേരകമായ ഘടകങ്ങളെക്കുറിച്ച് പഠിക്കുകയും, ഫലങ്ങളെ പരിശോധിക്കുകയും ചെയ്യുക ഇവയാണ്.

ഉണ്ട്.

ഈ പദ്ധതിക്ക് ആവർത്തകമായി നേരിടുന്ന ചിലവിന്റെ ൫൦ ശതമാനം ഇൻഡ്യൻ കാർഷിക ഗവേഷണസമിതിയിൽനിന്നു ലഭിക്കുന്നുണ്ട്.

കൃഷി വായ്പ.

൩൫൯ [൧] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരെ സഹായിക്കുന്നതിനു ഭക്ഷ്യോൽപാദന ബോർഡിൽനിന്നും കൃഷിവായ്പ അനുവദിക്കുന്നുണ്ടോ; അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) വായ്പ അനുവദിക്കുന്നതിന് വില്ലേജ് ആഫീസർമാരുടെ സർട്ടിഫിക്കേറ്റ് ആവശ്യമുണ്ടോ;

(സി) ൧൯൫൨-൫൩-ൽ ഈ ഇനത്തിൽ എത്ര രൂപ അനുവദിച്ചു;

കാർത്തികപ്പള്ളി, മാവേലിക്കര ഈ താലൂക്കുകളിൽ ആർക്കെല്ലാമാണ് അനുവദിച്ചത്; തുക എന്ത്?

ഉത്തരം.

(എ) അനുവദിക്കുന്നുണ്ട്.

ഭക്ഷ്യോൽപാദനപദ്ധതിയനുസരിച്ച് വായ്പ നൽകുന്നതിലേക്കുള്ള നിബന്ധനകൾ ൧൯൫൦ ഡിസംബർ ൨൯-ാംനു-ലെ ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

(ബി) ആവശ്യമില്ല. എന്നാൽ ജാമ്യവസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ റെവന്യൂ ഡിപ്പാർട്ടുമെൻറ മുഖാന്തിരമാണ് ശേഖരിക്കുന്നത്.

(സി) ൨,൩൪,൧൦൦ രൂപ അനുവദിച്ചു.

(൧) എം. ഗോപാലപിള്ള, പള്ളിക്കൽവീട് പുതുപ്പള്ളി തെക്ക് ൩൦൦൦ രൂപ.

(൨) പാണ്ടവത്തു ശങ്കരപ്പിള്ള, അമൃതഭവനം, പല്ലന, ൫൦൦൦ രൂപ.

(൩) വെള്ളമ്പൻ നാണു, പതിനെട്ടുപറതോപ്പിൽ വീട്, കുമാരപുരം, കാർത്തികപ്പള്ളി ൩൦൦൦ രൂപ.

Lands belonging to Hindu Mutts of Madras State.

360. (8) **Shri A. Samraj :** Will the Chief Minister be pleased to state :

(*a*) the extent of land in the State belonging to Hindu Mutts of Madras State and the amount of annual income derived from these lands ;

(*b*) whether there was an agreement by these Hindu Mutts with the erstwhile Travancore Government regarding the proportion of expenses to be spent in the State out of this income ; and

(*c*) if so, what is the date of this agreement ; and what are its salient features ?

Answer.

(*a*) Extent 2852 acres 12 cents. Income Rs. 2,02,351.

(*b*) There was an agreement with the Thiruvaduthurai Mutt.

(*c*) The agreement is dated the 31st July 1941. According to the agreement the Head of the Mutt has consented :

(*i*) to lease out the properties in the Travancore State in public auction after notifying the time and place of the auction in the Gazette and after giving timely intimation to the Devaswom Commissioner who will arrange for an officer being present ;

(*ii*) after meeting all unavoidable expenditure estimated at Rs. 7,777—1—7 and the collection expenses which have to be charged to the above, 45 per cent. of the net income for 6 years from the date of agreement and 50 per cent. thereafter to be spent for religious purposes, religious propaganda and Maheswara Pooja in the Travancore State ;

(*iii*) to submit the budget estimate of receipts and expenditure and also consolidated receipts and expenditure relating to the properties in Travancore State to the Devaswom Commissioner ; and

(*iv*) to keep open the accounts of the Adheenam for inspection by an auditor or nominee appointed by the Accountant-General of the Government.

Fire accident in Shencottah town.

361. (9) **Shri K. Sattanatha Karayalar** :Will the Chief Minister be pleased to state ;

(*a*) whether any relief in money was given to those who lost their houses and belongings in the recent fire accident at Shencottah town ; and

(*b*) if not, why not ?

Answer.

(*a*) & (*b*) Yes. In deserving cases relief in money was given by public subscription. Materials were also given at concessional rates.

Fire accident at Kambili.

362. (10) **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(*a*) whether any relief was given to those who lost their houses in the fire accident at Kambili in Shencottah Taluk ;

(*b*) if so, to how many were relief given ; and

(*c*) what is the basis on which relief is given ?

Answer.

(*a*) Yes.

(*b*) Twelve persons, amounting to Rs. 415.

(*c*) The extent of loss sustained and the financial position of each was considered in affording the relief.

വാളൻറിയേഴ്സ്

൩൬൩. [൧൧] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവർമെൻറ് പ്രസിൽ വാളൻറിയേഴ്സ് എന്നപേരിൽ ജോലിനോക്കിവന്നിരുന്നവരും ഇപ്പോൾ ടെമ്പററിയായി നിയമിച്ചിട്ടുള്ളവരുടെയും എണ്ണം എത്ര;

(ബി) ഇവർക്കു ഗവർമെൻറുപ്രസിൽ ഏററവുംകൂടുതൽ എത്ര കൊല്ലത്തെ സർവീസുണ്ട്;

(സി) ഒരു കൊല്ലത്തിനുശേഷം ഇവരെ സ്ഥിരപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ഡി). വാളൻറിയേഴ്സായി ജോലിനോക്കിവന്നകാലത്തേക്കു അവസാനമായി ഇവർക്കു നൽകിവന്ന ഡിയറനസ് അലവൻസും ശമ്പളവും എത്ര രൂപാ വീതം;

(ഇ) ഈ സ്കെയിൽ സംസ്ഥാന സർവീസിൽ മറെറതെങ്കിലും ഡിപ്പാർട്ടുമെൻറിലുണ്ടോ;

(എഫ്) വാളൻറിയേഴ്സിനു ൨൦ രൂപ ശമ്പളവും ൨൦ രൂപാ ഡിയറനസ് അലവൻസും നൽകുന്നതാണെന്നു ഗവർമെൻറ് പ്രസ്സ് സൂപ്രണ്ട് ലേബർകമ്മീഷണർ വിളിച്ചുകൂട്ടിയ ഒരു കൺസിലിയേഷൻ കാൺഫറൻസിൽവച്ച് സമ്മതിച്ചു ഒപ്പുവച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആ കരാർ ഗവർമെൻറ് പാലിക്കാതിരിക്കാൻ കാരണമെന്ത്?

ഉത്തരം

(എ) ഉവ്വ

(ബി) കൂട്ടത്തിലേക്കും സീനിയറായ ആളിനു ഏകദേശം ൨൦ കൊല്ലത്തെ സർവീസുണ്ടു്.

(സി) അല്ല, സ്ഥിരമൊഴിവുകൾ ഉണ്ടാകുമ്പോൾ അത്രയും ടെമ്പററി തൊഴിലാളികളെ ആ ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതാണു്.

(ഡി) വാളൻറിയേഴ്സിനു ശമ്പളമില്ല. അവക്കു് ൩൦ രൂപാ സ്റ്റൈപ്പെൻറും, ൨൦ രൂപാ ഡീയർനസ് അലവൻസും കൊടുത്തിരുന്നു.

(ഇ) മേൽപറഞ്ഞതു് ഒരു ശമ്പളസ്കെയിലിൽ അല്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഗവർമെൻറിൻെറ അനുമതി ലഭിക്കുന്നപക്ഷം തിരുവനന്തപുരം പ്രസിലുള്ള വാളൻറിയേഴ്സിനു ൩൦ രൂപാ ശമ്പളവും ൩൩ രൂപാ ഡിയർനസ് അലവൻസും വീതം കൊടുക്കാമെന്നു ഗവർമെൻറ് പ്രസ് സൂപ്രണ്ടു് സമ്മതിച്ചിട്ടുണ്ടു്.

(ജി) ഗവർമെൻറ് പ്രസിലെ വാളൻറിയേഴ്സും സ്ഥിരം ശമ്പളക്കാരും തമ്മിലുള്ള വ്യത്യാസത്തെ പരിഗണിച്ചും അതിനാലുള്ള പണച്ചിലവിനെ കണക്കാക്കിയുമാണു്.

Enquiry in the case of Shri M. V. Abraham.

364. (12) **Shri N. Raghava Kurup :** Will the Minister for Home Affairs be pleased to state whether any enquiry has been instituted in the case of Shri M. V. Abraham, Chief Store-keeper, Office of the Inspector-General of Police, Trivandrum, and if so what is the result of the enquiry ?

Answer.

Yes. The enquiry was completed . But in order to fix the extent of the financial liability of Shri M. V. Abraham, an audit of the accounts was conducted by the staff of the Comptroller and their report is awaited to make a final decision in the matter.

Workers Unions.

365. (14) **Shri T. S. Ramaswami :** Will the Minister of Finance and Civil Supplies be pleased to state ;

(*a*) the number of new workers unions formed under the Trade Unions Act in the State in the year 1952-1953 ;

(*b*) in which industries ; and

(*c*) whether there were already existing unions in these industries locally ?

Answer.

(*a*) 1952 ..221.

1953 ..till date. (20th February 1953) .. 3.

(*b*)

		1952	1953
(1)	Plantation ..	16	..
(2)	Agriculture ..	14	1
(3)	Minerals ..	4	..
(4)	Quarrying ..	4	..
(5)	Cashewnut ..	4	..
(6)	Fishing ..	7	..
(7)	Oil Mills and Soap	4	....
(8)	Bakery ..	1	..
(9)	Salt ..	2	..
(10)	Toddy tapping ..	11	..
(11)	Beedi ..	14	..
(12)	Textiles ..	10	1
(13)	Coir ..	9	..
(14)	Timber work and saw milling..	3	..
(15)	Plywood ..	1	..
(16)	Paper ..	2	..
(17)	Printing ..	8	..
(18)	Leather manuafactory ..	2	..
(19)	Rubber Products ..	1	..
(20)	Cement ..	1	..
(21)	Lime shell work ..	1	..
(22)	Engineering ..	5	..
(23)	Transport including motor transport ..	20	1
(24)	Municipal workers ..	13	..
(25)	Pottery including tile ..	6	..
(26)	Electricity ..	2	..
(27)	Shops and Establishments ..	9	..
(28)	Bank employees ..	1	..
(29)	Stevedoring and port workers ..	10	..
(30)	Washing ..	3	..
(31)	Hair-dressing ..	3	..
(32)	Ayurveda Pharmacy ..	1	..
(33)	Devaswom ..	1	..
(34)	Picture Houses ..	4	..
(35)	Head Load work ..	3	..
(36)	Tree climbing ..	7	..
(37)	Craft Unions ..	7	..
(38)	General ..	7	..

(*c*) In some of the above industries there were local unions already existing.

പുതിയ ക്ലാസുകൾക്ക് ഗ്രാൻറ്.

൩൩൩. [൧൫] ശ്രീ. എം. ജി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ഡിപ്പാർട്ടുമെൻറിൻെറ അംഗീകാരത്തോടുകൂടി നടത്തുന്ന പ്രൈവററ് പ്രൈമറിസ്കൂളുകളിലെ അംഗീകാരം ലഭിച്ച എല്ലാക്ലാസ്സുകൾക്കും ഗ്രാൻറ ലഭിക്കുന്നതിന് അവകാശമുണ്ടോ;

(ബി) ൧൯൫൧-൫൨-ൽ പുതുതായി അംഗീകാരം നൽകിയിട്ടുള്ള എത്ര പ്രൈമറി ക്ലാസുകൾ തിരുവിതാംകൂർ വിഭാഗത്തുണ്ട്;

(സി) അവയ്ക്കെല്ലാം ഗ്രാൻറ നൽകിയോ;

(ഡി) ഇല്ലെങ്കിൽ എത്ര ക്ലാസ്സുകൾക്ക് ഗ്രാൻറ നൽകിയില്ല;

(ഇ) അപ്രകാരം ഗ്രാൻറ നൽകാതിരുന്ന സ്കൂളുകൾ ഏതെല്ലാം;

(എഫ്) ഗ്രാൻറ നൽകാതിരിക്കാൻ കാരണമെന്ത്;

(ജി) ൧൯൫൨-൫൩-ൽ അതുപോലെ ഗ്രാൻറ കൊടുക്കാത്ത ക്ലാസ്സുകളുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എത്ര ക്ലാസ്സുകൾ ഏതെല്ലാം സ്കൂളുകളിൽ?

ഉത്തരം.

(എ) അർഹതയുണ്ട്.

(ബി) ൧൩൦.

(സി) ഉവ്വ്.

(ഡി) (ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉണ്ട്.

(എച്ച്) ഇങ്ങിനെയുള്ള ക്ലാസ്സുകൾക്ക് അംഗീകാരം സിദ്ധിക്കുന്നതിന് സ്കൂൾവർഷം അവസാനംവരെ (അതായത് മേയ്മാസം ൩൦-നു വരെ) സമയമുള്ളതുകൊണ്ട് അതിനകം മാത്രമേ ഈ ചോദ്യത്തിന് ഉത്തരം പറയാൻ നിവൃത്തിയുള്ളു.

എം. വി. അബ്രഹാമിൻെറ സസ്പെൻഷൻ

൩൩൭. [൧൯] ശ്രീ. ജെയിംസ് തറയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ജി. ആഫീസിലെ സ്റ്റോർകീപ്പറായിരുന്ന എം. വി. അബ്രഹാമിനെ അന്വേഷണത്തിനു വിധേയനായി സസ്പെൻഷനിൽ നിർത്തിയിട്ട് എത്ര കാലമായി;

(ബി) ഇതുസംബന്ധിച്ച് പ്രസ്തുത ഉദ്യോഗസ്ഥനിൽനിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഏകദേശം മൂന്നരക്കൊല്ലത്തോളമായി.

(ബി) ഉവ്വ്.

(സി) ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

ലിഫ്റ്റ് ഇറിഗേഷൻ.

നമ്പർ. [വ ०] ശ്രീ. ജെയിംസ് തറയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം താലൂക്കിൽ പേരൂർ പുഞ്ചനിലങ്ങളിൽ ലിഫ്റ്റ്ഇറിഗേഷൻ ഏർപ്പെടുത്തണമെന്ന് ഗവണ്മെൻറിലേക്ക് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതു്;

(സി) അതിന്മേൽ എന്തു നടപടി നടത്തി?

ഉ രം.

(എ) ഉണ്ട്.

(ബി) ० വ്വ—൯— ഫ ൽ ® ഫ—ൽ.

(ഡി) വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

പയൽസ്കൂൾ

നമ്പർ. [വ ൧] ശ്രീ. പി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര പയൽസ്കൂളുകളുണ്ട്;

(ബി) പയൽസ്കൂളുകളിൽ എത്ര ക്ലാസ്സുവരെ നടത്താൻ ഗവണ്മെൻറ് അനുവദിക്കാറുണ്ട്;

(സി) പരവൂർപകുതിയിൽ പുതക്കുളത്തുസ്ഥാപിച്ചിരുന്ന പയൽസ്കൂൾ കൊട്ടാരക്കര പകുതിയിലേക്കു മാററുവാനുള്ള കാരണമെന്തു്;

(ഡി) ആ സ്കൂൾ മാററിസ്ഥാപിക്കരുതെന്നു നാട്ടുകാർ ഗവണ്മെൻറിനോട്ട് അപേക്ഷിച്ചിരുന്നില്ലേ?

ഉത്തരം

(എ) ൪ വ്വ.

(ബി) അഞ്ചു ക്ലാസ്സുവരെ.

(സി) പുതക്കുളത്തു ഒരു മാനേജ്മെൻറ് സ്കൂൾ നടത്തുന്നതിനാൽ അവിടെ ഒരു പയൽസ്കൂളിൻെറ ആവശ്യമില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടു് കൂടുതൽ ആവശ്യമുള്ളസ്ഥലത്തേക്കു മാററി.

(ഡി) അപേക്ഷിച്ചിരുന്നു.

നഷ്ടപരിഹാരസംഖ്യ

നം ൧൦. [ഫ-വ്യ] ശ്രീ. സി. കെ. കുമാരപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൧൮-ൽ സിലോൺ ലേബർഫോഴ്സിൽ ജോലിക്കാരനായി പോയി മരിച്ചു കണ്ടൻനാരായണന്റെ അവകാശി വെങ്കോതക്ക് അന്നത്തെ കൊച്ചി ഗവൺമെൻറിൽ നിന്നും അനുവദിച്ചു നഷ്ടപരിഹാരസംഖ്യ ഇനിയും കിട്ടിയിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അവകാശി ൭൦ വയസ്സായ ഒരു വിധവയാണെന്നറിയാമോ?

(സി) പ്രസ്തുത സംഖ്യ ഉടനെ കൊടുക്കുന്നതിനു ഉത്തരവു പുറപ്പെടുവിക്കുമോ;

(ഡി) ഈ സംഖ്യ കൊടുക്കുന്നതിനു നാലു കൊല്ലത്തോളം കാലതാമസമുണ്ടായതിനു കാരണമെന്താണ്.

ഉത്തരം

(എ) ഉണ്ട്.

(ബി) ൬൧ വയസ്സായ വിധവയാണ്, താമസിയാതെ കൊടുക്കുന്നതാണ്.

(സി) സംയോജനത്തിനുശേഷം ഉണ്ടായിട്ടുള്ള മാററങ്ങൾ നിമിത്തം നഷ്ടപരിഹാരത്തിനുള്ള സംഖ്യ സോൾജേഴ്സ് ബോർഡ് സെക്രട്ടറിയുടെ പേരിൽ മാററുന്നതിനുണ്ടായ താമസവുംമററും മൂലമാണ്.

Voting of Demands for Grants. *(contd.)*

DEMAND XIII—ADMINISTRATION OF JUSTICE *(contd.)*.

[12 NOON.]

Mr. Speaker: Order, order, please. Time for interpellations is over.

The hon. Minister for Home Affairs may reply.

ശ്രീ. ടി. എം. വർഗ്ഗീസ്: സർ, ഈ ഡിമാൻറിനെ സംബന്ധിച്ചു നടത്തിയ വിമർശനങ്ങളിൽ ഏററവും പ്രധാനമായി ഉന്നയിച്ചിട്ടുള്ള ചില ആക്ഷേപങ്ങൾക്കു മറുപടി പറയാൻ ശ്രമിക്കാം. ഇരിങ്ങാലക്കുട മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ഈ ഡിപ്പാർട്ടുമെൻറുമുഖേന യഥാർത്ഥത്തിൽ നടക്കുന്നതു് പൌരാവകാശധ്വംസനം ആണെന്നും, നീതിപരിപാലനമല്ലെന്നും, പൌരാവകാശധ്വംസനപരമായ യാതൊരു പ്രവൃത്തനങ്ങളും ഈ ഡിപ്പാർട്ടുമെൻറുവഴി നടക്കുന്നതായി ഗവൺമെൻറിന്റെ

അറിവിൽപ്പെട്ടിട്ടില്ല. മാത്രമല്ല അങ്ങിനെയൊരു പ്രസ്താവനയ്ക്കു വിദൂരമായിട്ടും അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. നേരേ മറിച്ചു് കോടതികളിൽ പൗരാവകാശസ്ഥാപനത്തിനും സംരക്ഷണത്തിനും ആവശ്യമായിട്ടുള്ള നടപടികളാണു് നടക്കുന്നതു്.

കേസുകളുടെ തീരുമാനത്തിൽ നേരിടുന്ന താമസത്തെപ്പററിയും അതു നിമിത്തം ഉണ്ടാകുന്ന അസൗകര്യങ്ങളെപ്പററിയും ബഹുമാനപ്പെട്ട മെമ്പറന്മാരിൽ പലരും സംസാരിച്ചു. അങ്ങിനെ നീതി നടത്തുന്നതിൽ താമസം നേരിടുന്നതുകൊണ്ടു് നീതി നിഷേധിക്കുന്ന ഫലമാണുണ്ടാകുന്നതെന്നും അഭിപ്രായപ്പെടുകയുണ്ടായി. ആ തത്വത്തോടു ഗവണ്മെൻറു തീർച്ചയായും യോജിക്കുന്നുണ്ടു്. നീതിപരിപാലനത്തിനു നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാർ തീർച്ചയായും കാലതാമസത്തിനു ഇടകൊടുക്കാതെ കേസുകൾ തീരുമാനിക്കേണ്ടതു് അവരുടെ കടമയാണു്. അതിൽനിന്നും അവർ വ്യതിചലിക്കുന്നിടത്തോളം അതു പൊതുജനങ്ങളുടെ നന്മയ്ക്കു ഹാനികരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. യാതൊരു കാലതാമസവുംകൂടാതെ കേസുകളെല്ലാം ശീഘ്രഗതിയിൽ തീരുമാനിക്കുന്നുണ്ടെന്നു അഭിമാനിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനോ ഗവണ്മെൻറിനോ അവകാശമുണ്ടെന്നു തോന്നുന്നില്ല. എത്രയും വേഗത്തിൽ കേസുകൾ തീർക്കുന്നതിനും അനാവശ്യമായ കാലതാമസം സംഭവിക്കാതിരിക്കുന്നതിനും ഗവണ്മെൻറു് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വസ്തുത ഈ സഭയിലെ അംഗങ്ങൾക്കു അറിവുള്ളതാണു്. അതുകൂടാതെ ഇനിയും ഇത്തരത്തിലുള്ള ആക്ഷേപങ്ങൾക്കു കാരണമാകാതിരിക്കത്തക്ക വിധത്തിൽ ശീഘ്രഗതിയിൽ കേസുകൾ തീരുമാനിക്കുന്നതിനുള്ള ഏർപ്പാടുകൾ കഴിവുള്ളിടത്തോളം ചെയ്യുന്നതാണു്. കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി കുറെ മജിസ്ട്രേട്ടുകോടതികൾ കൂടുതലായി അനുവദിച്ചിട്ടുണ്ടു്. അതുകൂടാതെ ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ഇതിലേക്കു വേണ്ട നടപടികൾ എടുക്കുന്നതിലേക്കു ഗവണ്മെൻറു വേണ്ടതു ചെയ്യുന്നതാണു്. കഴിയുന്നതും വേഗത്തിൽ ഈ ആക്ഷേപങ്ങൾ തീരത്തക്കവിധത്തിലുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാകുമെന്നു ഗവണ്മെൻറു വിശ്വസിക്കുന്നു. അനാവശ്യമായ അവധിക്കപേക്ഷകൾ ജഡ്ജിമാരും മജിസ്ട്രേട്ടന്മാരും അനുവദിക്കുന്നതുകൊണ്ടല്ലേ ഇത്രവളരെ കാലതാമസം ഉണ്ടാകുന്നതു് എന്നു ചോദിക്കുന്നതു കേട്ടു. ആ ചോദ്യം കേവലം അസ്ഥാനത്താണെന്നു പറയുന്നില്ല. എന്നാൽ അതുകൊണ്ടു മാത്രമാണു കാലതാമസം നേരിടുന്നതു എന്നു പറയുന്നതു ശരിയല്ല. പല ക്രിമിനൽ കേസുകളിലേയും പ്രതികൾ ഹാജരാകാതിരിക്കുന്നതുകൊണ്ടു് കേസുകൾ മാററിവെയ്ക്കേണ്ടതായി വരുന്നുണ്ടു്. ഒരു കേസിൽ പത്തു പ്രതികൾ ഉണ്ടെങ്കിൽ നാലോ അഞ്ചോ പേർ ഹാജരാവുകയും ബാക്കിയുള്ളവർ ഹാജരാകാതെ കാലതാമസത്തിനു ഇടയാകുകയും ചെയ്യുന്നതായി കാണാം. ഹാജരാകുന്നവരുടെ പേരിൽ കേസു് എടുക്കുകയും താമസിച്ചു് ഹാജരാകുന്നവരുടെ പേരിൽ വീണ്ടും വിസ്താരം നടത്തുകയും ചെയ്യേണ്ടതായി വരുന്നുണ്ടു്. ഇങ്ങനെയുള്ള പല കാരണങ്ങൾകൊണ്ടും കൂടിയാണു കേസുകൾ ദീർഘിച്ചുപോകുന്നതു്. മേലാൽ കേസുകൾക്കു കാലതാമസം അനാവശ്യമായി ഉണ്ടാകാതെയിരിക്കുവാൻ വേണ്ട നടപടികൾ എടുക്കുന്നതിനു നിർദ്ദേശങ്ങൾ ഗവണ്മെൻറു നൽകുന്നതായിരിക്കും.

എക്സിക്യൂട്ടീവും ജൂഡീഷ്യറിയും വേർതിരിച്ച് തമ്മിൽ ബന്ധമില്ലാത്ത വിധത്തിൽ പ്രത്യേക ഡിപ്പാർട്ടുമെൻറുകളാക്കിയാൽ കേസുകൾ തീരുമാനിക്കുന്നതിനും നീതിന്യായപരിപാലനത്തിനും കൂടുതൽ പ്രയോജനമുണ്ടാകുകയില്ലേ എന്നു ബഹുമാനപ്പെട്ട നേമം മെംബർ ചോദിക്കുകയുണ്ടായി. അതിനെപ്പററി ഗവണ്മെൻറ ഗാഢമായി ആലോചിക്കുന്നുണ്ട്. കഴിയുന്നതും വേഗത്തിൽ ഗവണ്മെൻറ് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്.

സാക്ഷികൾക്കുള്ള പടി കൊടുക്കുന്ന കാര്യത്തിൽ വളരെ അമാന്തം കാണിക്കുന്നുണ്ടെന്നു ചില ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ക്രിമിനൽ കേസുകളിൽ ബാററ കൊടുക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ഉണ്ടായ ചോദ്യോത്തരവേളയിൽ വിവരങ്ങൾ സഭയെ ധരിപ്പിച്ചു എന്നു തോന്നുന്നു. സിവിൽ കോടതികളിൽ പടി കൊടുക്കുന്ന കാര്യത്തിൽ അമാന്തവും കാലതാമസവും വരുന്നുണ്ടെന്നു തോന്നുന്നില്ല. ക്രിമിനൽ കോടതികളിൽ സാക്ഷികളുടെ യാത്രച്ചെലവിനും ഭക്ഷണച്ചെലവിനും അനുവദിച്ചിട്ടുള്ള തുക കൊടുക്കുന്ന കാര്യത്തിൽ വരുന്ന കാലതാമസം പരിഹരിക്കാൻ ഗവണ്മെൻറ് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതായിരിക്കും.

മററൊരു പ്രധാന കാര്യം ഉന്നയിച്ചതു തിരുവനന്തപുരത്തു സ്ഥാപിക്കാനുദ്ദേശിക്കുന്ന ഹൈക്കോടതിയെ സംബന്ധിച്ചുള്ളതാണ്. ഇതിനെക്കുറിച്ച്, ഒരു ചോദ്യത്തിനുത്തരമായി, പ്രധാനമന്ത്രി വിവരങ്ങൾ ഇവിടെ വിശദമായി പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പാർലമെൻറിൽ അയച്ചിരിക്കുന്ന ബില്ലിലെ വ്യവസ്ഥ അനുസരിച്ച് തിരുവനന്തപുരത്തു മൂന്നു ജഡ്ജിമാർ ഉണ്ടായിരിക്കും; ഒരു ഡിവിഷൻ ബഞ്ചിലേയ്ക്കു രണ്ടു ജഡ്ജിമാരും, ഒരു സിംഗിൾ ബഞ്ചിലേയ്ക്കു ഒരു ജഡ്ജിയും. തിരുവനന്തപുരത്തെയും നാഗർകോവിലെയും ഡിസ്ട്രിക്ട് കോടതികളുടെ അധികാരാതിർത്തികൾ ഈ ബഞ്ചിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതായിട്ടാണു കാണുന്നതു്.

<u>ശ്രീ. ആർ. കേശവപിള്ള</u>: കൊല്ലം ഡിസ്ട്രിക്ട് കോടതിയുടെ അധികാരാതിർത്തിയുംകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

<u>ശ്രീ. ടി. എം. വർഗ്ഗീസ്</u>: ബില്ലിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു ഈ സഭയിലുള്ള എല്ലാ മെംബറന്മാർക്കും അറിയാം. അധികാരാതിർത്തിയുടെ പരിധി പിന്നീടു നിശ്ചയിക്കാമെന്നാണു ഉദ്ദേശിച്ചിരുന്നതു്. ഈ വിഷയത്തെപ്പററി ഇപ്പോൾ ഇവിടെ ഒരു വാദപ്രതിവാദം നടത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവനന്തപുരവും നാഗർകോവിലും ഡിസ്ട്രിക്ട് കോടതികളുടെ അധികാരാതിർത്തികൾ കൂടാതെ, കൊല്ലം ഡിസ്ട്രിക്ട് കോടതിയുടെ അധികാരാതിർത്തികൂടി ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തുന്നപക്ഷം, വിസ്തീർണ്ണംകൊണ്ടും, കേസുകളുടെ എണ്ണംകൊണ്ടും, തിരുവിതാംകൂർ-കൊച്ചിയുടെ പകുതിയോളം ഈ ഡിവിഷനിൽ ഉൾപ്പെടുമെന്നും മററും പരിഗണിച്ചായിരിക്കാം കൊല്ലം കൂടി ഉൾപ്പെടുത്താത്തതു്.

ശ്രീ. ആർ. കേശവപിള്ള : ആറു ഡിസ്ട്രിക്ട് കോടതികളാണ് ഇപ്പോൾ ഉള്ളത്. അതിൽ കൊല്ലം ഡിസ്ട്രിക്ട്കൂടി ഉൾപ്പെടുത്തിയാൽ ൩ കോടതികൾകൂടി ഇതിന്റെ പരിധിയിൽ വരും. അപ്പോൾ കൂടുതൽ സൗകര്യം ഉണ്ടാവുകയില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു കൂടുതൽ സൗകര്യമായിരിക്കാം. ഈ വിഷയത്തിൽ ഒരു വാദപ്രതിവാദം ഇവിടെ സംഗതമാണെന്നു വിചാരിക്കുന്നില്ല. കൊല്ലം കൂടി ഉൾപ്പെടുത്തുന്നതു കൂടുതൽ സൗകര്യപ്രദമാണെന്നുകണ്ടാൽ അതു ആലോചനയ്ക്കു വിഷയമാക്കാവുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : കൊല്ലംകൂടി ഉൾപ്പെടുത്തുന്ന കാര്യത്തിൽ, ഈ ഗവണ്മെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഗവണ്മെന്റിന്റെ അഭിപ്രായം നക്കൽ ബില്ലിൽ ചേർത്തിരുന്നു. ഏതെല്ലാം അധികാരാതിർത്തികളാണ് ഉൾപ്പെടുത്തേണ്ടതെന്നുള്ളതിനു പകരം "പിന്നീട് ഗവണ്മെന്റ തീരുമാനിക്കുന്നതുപോലെ" എന്നാണ് ചേർത്തിരുന്നതു്.

ശ്രീ. ഏ. താണുപിള്ള : ഗവണ്മെന്റിന്റെ അഭിപ്രായപ്രകാരമാണോ തിരുവനന്തപുരവും, നാഗർകോവിലും ഡിസ്ട്രിക്റ്റ് കോടതികൾ ഉൾപ്പെടുത്തിയാൽ മതിയെന്നു തീരുമാനിച്ചതു്?

ശ്രീ. ടി. എം. വർഗ്ഗീസ് : തീരുമാനിച്ചു എന്നു പറയുന്നതു ശരിയല്ല. ഹാജരാക്കിയിരിക്കുന്ന ബിൽ പാസ്സാകുമ്പോഴേ തീരുമാനമാകയുള്ളൂ. ഇതു സംബന്ധമായ റിക്കാർഡുകൾ കൈവശമില്ല.

ശ്രീ. ഏ. താണുപിള്ള : ആദ്യമെ ഞാൻ ചോദിച്ചതു ഈ ഗവണ്മെന്റിൽനിന്നും ഇൻഡ്യാഗവണ്മെന്റിനെ എങ്ങിനെയാണ് അറിയിച്ചതെന്നാണ്. തിരുവനന്തപുരം ഡിവിഷൻ മാത്രം ഉൾപ്പെടു..ിയാൽ മതിയെന്നാണോ?

ശ്രീ. ടി. എം. വർഗ്ഗീസ് :. അധികാരാതൃത്തി പിന്നീട് ഗവണ്മെന്റ് നിശ്ചയിക്കുന്നതുപോലെ എന്നായിരുന്നു വ്യവസ്ഥചെയ്തിരുന്നതെന്നു പറഞ്ഞുകഴിഞ്ഞു. കൂടുതലായ എഴുത്തുകുത്തുകൾ ഉണ്ടായോ എന്നു ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. ഏ. താണുപിള്ള :. ഇന്നലെ ഇതേപ്പററി പല വാദപ്രതിവാദങ്ങളും അഭിപ്രായങ്ങളും ഉണ്ടായിട്ടും മന്ത്രി അതേപ്പററി നോക്കിയിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: വാദപ്രതിവാദത്തിനുവന്ന ഡിമാൻറിന്റെ പരിധിയിൽ ഇതു ഉൾപ്പെടുന്നില്ല. അതുകൊണ്ടു ഇതേപ്പററി നോക്കേണ്ട സന്ദർഭമോ സൗകര്യമോ ഉണ്ടായിട്ടില്ല.

ശ്രീ. ഏ. താണുപിള്ള : ഏതായിരുന്നാലും കൊല്ലം ഡിസ്ട്രിക്ട് കോടതികൾകൂടെ ഇതിന്റെ അധികാരത്തിൽ ഉൾപ്പെടുത്തണമെന്ന് അഭിപ്രായം ഈ സഭയിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് അതിന് തടസ്സമാകാത്തവിധത്തിൽ ഈ ഗവണ്മെന്റ ഇൻഡ്യാഗവണ്മെന്റിനെ എഴുതി അറിയിക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ സഭയുടെ അഭിപ്രായമനുസരിച്ച് ആവശ്യവും സാദ്ധ്യതയുമുള്ള കാര്യങ്ങൾ ഇൻഡ്യാഗവണ്മെന്റിനെ അറിയിക്കുന്നതിന് ഈ ഗവണ്മെന്റിനു യാതൊരു വൈമനസ്യവുമില്ല.

ശ്രീ. എ. താണുപിള്ള: ഇതേസംബന്ധിച്ച് അവസാനതീരുമാനം എടുക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കോ ഈ ഗവണ്മെന്റിനോ എടുക്കത്തക്കതാണോ, ഈ ജൂറിസ് ഡിക്ഷൻ സംബന്ധിച്ച് നിയമനിർമ്മാണം ചെയ്യണമെന്നെങ്കിലും ആവശ്യപ്പെടുമോ എന്നറിയാനാണ് ചോദിച്ചത്.

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ സഭയിൽ അഭിപ്രായപ്പെട്ടതു പോലെ ഈ ഗവണ്മെന്റിനോ ഹൈക്കോടതിക്കോ ആർക്കാണ് ഇതേസംബന്ധിച്ച് തീരുമാനം ഉണ്ടാക്കാൻ അധികാരം എന്നു നോക്കീട്ട് ഉണ്ടാകുന്ന അഭിപ്രായം നമ്മെ അറിയിക്കും. എന്നാൽ അതിനുമുമ്പ് നാം ഒരു അമെൻഡ്മെൻറുമായി പോകണമോ വേണ്ടയോ എന്നുള്ള കാര്യമാണ് ആലോചിക്കേണ്ടത്. അമെൻഡ്മെൻറുകൂടി കൊണ്ടുചെന്നു അതിലന്തർഭവിച്ചിരിക്കുന്ന തത്വം അവിടെ ആലോചനക്കെടുത്തു കാലതാമസം ഉണ്ടാക്കുന്നതിൽഭേദം ഇപ്പോൾ അതേപ്പറ്റി മൗനം അവലംബിക്കുന്നതാണ്.

The motion of Shri K. V. Krishnankutty Warrier was put and lost.

The question that the Government be granted a sum of Rs. 40,00,600 under Demand XIII—ADMINISTRATION OF JUSTICE—was put and carried.

The grant was made.

DEMAND XXVII—CIVIL WORKS

Shri Kalathil Velayudhan Nair : I move for a grant of Rs. 2,49,25,400 under Demand XXVII—Civil Works.

Shri K. Kochukuttan : I second it.

Shri Prakkulam Bhasi : I move to reduce the allotment of Rs. 85,88,000 for Original Works Communications, by Rs. 10.

സർ, ഈ ബഡ്ജറ്റ് പരിശോധിച്ചാൽ സിവിൽ വർക്ക്സിനു ഏകദേശം രണ്ടുകോടി അൻപതുലക്ഷം രൂപ ഈ വർഷത്തേയ്ക്കു കൊള്ളിച്ചിട്ടുള്ളതായി കാണാം. കഴിഞ്ഞ കൊല്ലം ഒരു കോടി അറുപത്തിരണ്ടു ലക്ഷത്തിൽ ചില്വാനം രൂപയാണെന്നും, അതുകൊണ്ട് ൯൦ ലക്ഷത്തോളം രൂപ ഈ ആണ്ടിൽ സിവിൽവർക്ക്സിനായി കൂടുതൽ വച്ചിട്ടുണ്ടെന്നും കാണാവുന്നതാണ്. ഇതേപ്പറ്റി സംസാരിക്കുന്ന കൂട്ടത്തിൽ കമ്മ്യൂണിക്കേഷനു ൮൫ ലക്ഷത്തിൽ ചില്വാനം രൂപ നീക്കിവച്ചിട്ടുള്ളതിനെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്.

സർ, ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഞങ്ങൾ പറയുന്ന കാര്യങ്ങൾക്കും ചോദ്യങ്ങൾക്കും മന്ത്രി മറുപടി പറയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: രണ്ടുകോടി ഇരുപതുലക്ഷം രൂപയാണ് കഴിഞ്ഞകൊല്ലം സിവിൽസപ്ലൈസിനായി നീക്കിവച്ചിരുന്നത്. ഒരുകോടി അറുപതുലക്ഷമെന്നു പറഞ്ഞതു തെററാണ്.

ശ്രീ. പ്രാക്കുളം ഭാസി: അതു തെററാണ്. ഈ ഡിപ്പാർട്ടുമെൻറിൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട എന്നൊരു സമ്പ്രദായം വേണ്ടെന്നു വച്ചിരിക്കുകയാണോ എന്നറിഞ്ഞാൽ കൊള്ളാം. ൫൯൬൦, ൬൫, ൬൨ ഈ വർഷങ്ങളിലെ റിപ്പോർട്ടുകൾ കിട്ടീട്ടില്ല.

സർ, ഈ ഗവണ്മെൻറിനെ ആവശ്യത്തിനും അനാവശ്യത്തിനും കുററം പറയണമെന്നെനിക്കഭിപ്രായമില്ല. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി പറയുകയാണെങ്കിൽ നമ്മുടെ നാട്ടിൽ കഴിഞ്ഞ വർഷത്തിൽ കുറെ ജോലികൾ എല്ലാം നടത്തീട്ടുണ്ട്. അതുകൊണ്ട് വലിയ തുകകൾ പതിവുപോലെ ലാപ്സാക്കിട്ടില്ല. അതിനു മന്ത്രിയെ അഭിനന്ദിക്കുന്നു. നമ്മുടെ പഞ്ചവത്സരപദ്ധതി അനുസരിച്ച് കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്ന ൧൬൦൦ മൈൽ റോഡുകൾ അടുത്ത മൂന്ന് വർഷങ്ങൾക്കകം ൨൫൦൦ മൈലുകളാക്കിയിരിക്കേണ്ടതാണ്. പക്ഷെ ൫൯൬൫-ൽ നമ്മുടെ നാട്ടിൽ ൩൫·൧൩ മൈലാണ് പുതിയതായി തീർക്കുവാൻ സാധിച്ചത്. ൪൪൩.൦൪ മൈലാണ് നന്നാക്കിയത്. അതിനു ൩൨,൦൯,൯൫൩ രൂപയോളവും നന്നാക്കുന്നതിന് ൪൧,൩൧,൪൦൬ രൂപയും ചെലവാക്കിയിട്ടുമുണ്ട്. ഇങ്ങനെ ഈ സംസ്ഥാനത്ത് ഓരോ വർഷവും ൩൫ മൈൽവീതമാണ റോഡുണ്ടാക്കുവാൻ പോകുന്നതെങ്കിൽ നമ്മുടെ ൧൬൦൦ മൈൽ ൨൫൦൦ മൈലാക്കി കിട്ടുന്നതിനു എത്രനാൾ വേണ്ടിവരും. അതിന് ഗവണ്മെൻറിന് വല്ല പദ്ധതിയുമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

സർ, അതുപോലെതന്നെ വില്ലേജുറോഡുകളുടെ കാര്യമാണെങ്കിൽ അതിലേയ്ക്ക് വി. ആർ. ഡി. സ്കീം എന്നൊരു അപൂർണ്ണമായ ഒരു പഞ്ചവത്സരപദ്ധതി ഇവിടെയുണ്ട്. ഈ വി. ആർ. ഡി. സ്കീം (൫൪൩-ൽ) ഇൻഡ്യാ ഗവണ്മെൻറിൻെറ നാഗ്പൂർ പ്ലാൻ അനുസരിച്ചുള്ള ഒരു സ്കീമാണ്. അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അവരുടെ സ്വദേശങ്ങളിൽ കൂടുതൽ വർക്കുകൾ ഈ സ്കീമിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണോ എന്നും സംശയമുണ്ട്. ചില സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം അമിതമായ താൽപര്യങ്ങൾ കാണിക്കുന്നു. 'അതുപോലെതന്നെ ഈ ഫൈവ് ഇയർ പ്ലാനിൽ പറഞ്ഞിരിക്കുന്നത്:

"The Commission suggests that the State Governments should pay special attention to the maintenance and construction of village roads. In certain States, village roads are already being developed with the active cooperation of the villagers themselves. The road organization has formulated a model scheme for village roads on a cooperative basis and has made an initial offer of **Rs. 15** lakhs from the Central Roard Fund."

[ശ്രീ. പ്രാക്കുളം ഭാസി]

ഈവിധത്തിലാണോ നമ്മുടെ ബഡ്ജററ് രൂപീകരിച്ചിരിക്കുന്നതു്? ഗ്രാമങ്ങളിലെ റോഡുകളെ സംബന്ധിച്ചിടത്തോളം നാട്ടുകാർ പണംചെലവാക്കി റോഡുണ്ടാക്കുകയാണെങ്കിൽത്തന്നെ ഗവണ്മെൻറ് ഏറെറടുക്കുന്നതിനു വൈമനസ്യം കാണിക്കുകയുമാണു്. അതിനവർ പറയുന്ന കാരണം നാട്ടുകാർ പണം ചെലവാക്കിവെട്ടിക്കുന്ന റോഡിനു ആവശ്യമായ വീതിയില്ലെന്നും മററുമാണു്. അതുസംബന്ധിച്ചു് ഈയിടെ ഒരു പ്രസ്സ് നോട്ടും പുറപ്പെടുവിക്കയുണ്ടായി. നാട്ടുകാർ ഉണ്ടാക്കുന്ന റോഡുകൾ ഏറെറടുക്കാൻ ഗവണ്മെൻറ് തയ്യാറില്ലാ എന്നു്. ഇതേസംബന്ധിച്ചു് ട്രാൻസ്പോർട്ടു മന്ത്രി, ഗവണ്മെൻറിൻെറ നയം അദ്ദേഹം മറുപടി പ്രസംഗത്തിൽ വിശദീകരിക്കാനാഗ്രഹിക്കുന്നു. തീർച്ചയായും ഗവണ്മെൻറ് അതു ഏറെറടുത്തേ കഴിയു എന്നാണു് എനിക്കു പറയാനുള്ളതു്.

ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ ഇൻറർപ്പലേഷൻ സമയത്തു പ്രാദേശികമായ കാര്യങ്ങൾ പറയരുതെന്നും ബഡ്ജററു ചർച്ചാവേളയിൽ പ്രാദേശികാവശ്യങ്ങളെപ്പററി പറയാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എൻെറ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ചില പ്രാദേശികാവശ്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ടു്. പല സ്കീമുകളനുസരിച്ചു് കമ്മ്യൂണിക്കേഷനിൽ തുകപ്പെടെ എട്ടു് ഐററങ്ങളുണ്ടു്. അതിൽ എനിക്കു പറയാനുള്ളതു ഞാൻ വളരെ വൈഷമ്യത്തോടുകൂടിയും വ്യസനത്തോടുകൂടിയുമാണു് പറയുന്നതു് 1953–54 Budget estimate-ൽ comminucation head-ൽ എട്ടു് ഐററങ്ങൾ ഉണ്ടെങ്കിലും അതിലൊന്നിൻെറ ഇനത്തിലും ചവറ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഒരു വക്കപോലും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. അതേ സമയം മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ അനേകായിരം രൂപയുടെ വക്കുകൾ കൊള്ളിച്ചിട്ടുമുണ്ടു്. മന്ത്രിമാരായാൽ മാത്രമേ ആ നാട്ടിലെ പ്രാദേശികാവശ്യങ്ങൾ സാധിക്കുകയുള്ളോ എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: മെമ്പറുടെ നിയോജകമണ്ഡലത്തിൽ വക്കുകൾ കൊള്ളിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: ഉണ്ടു്, 1953–54-ൽ അറുനൂറുരൂപ കൊള്ളിച്ചിട്ടുണ്ടു്. നീണ്ടകര-ദളവാപുരം എന്ന സ്ഥലത്തു ഒരു കടവിനു വേണ്ടി അറുനൂറുരൂപ കൊള്ളിച്ചിട്ടുണ്ടു്. 1953–54 ൽ ഇതു് ഒഴിച്ചാൽ ഒന്നിനുംതന്നെ കൊള്ളിച്ചിട്ടില്ലന്നാണു ഞാൻ പറഞ്ഞതു്. പ്രത്യേകിച്ചു വി. ആർ. ഡി-യിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂന്നു റോഡുകളുടെ കാര്യം പറയുകയാണെങ്കിൽ 1951-ലും 52-ലും എസ്റ്റിമേററ സാംക്ഷനായി കിട്ടി ജോലികൾ തുടങ്ങിയതാണു്.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: മെയിൻറോഡിൻെറ സ്പെഷ്യൽ സർഫസിംഗ് കഴിഞ്ഞാൽ പിന്നെ എന്താണു വേണ്ടതു്?

ശ്രീ. പ്രാക്കുളം ഭാസി: രാമൻകുളങ്ങര-മരുതടി റോഡിനു ഈ വർഷം നാലായിരംരൂപ അനുവദിച്ചിട്ടുണ്ടു്. അതുപോലെ ന്യൂർ ചവറ-ശാസ്താംകോട്ട റോഡിൽനിന്നു് തിരിഞ്ഞു് തെക്കുംഭാഗം പള്ളി

മുട്ടിൽക്കടവുറോഡിന്റെ കാര്യമാണെങ്കിൽ ഏഴായിരംരൂപ അനുവദിച്ചിട്ടുണ്ട്. ആറോഡിന്റെ പണി മന്ത്രി സ്റ്റേചെയ്തതും മന്ത്രിയും ഞാനും കൂടി ഇയ്യിടെ പോയികണ്ടിട്ടുള്ളതും സ്റ്റേ ക്യാൻസൽചെയ്യാമെന്ന് പറഞ്ഞിട്ടുമാണ്. ഇതെല്ലാം ചവറ കൊററംകുളങ്ങര–കാരാട്ടുകടവ് റോഡിന് ൭൦൦൦ രൂപയും അനുവദിച്ചിരുന്നു. സർ, പക്ഷെ ഇതെല്ലാം ൧൯൬൭–൬൮-ൽ അനുവദിച്ചിരുന്നവർക്കുകളാണ്. അതു തീർക്കുന്നതിനാണ് രൂപ കൊള്ളിച്ചിരിക്കുന്നത്. അല്ലാതെ യാതൊന്നും പുതിയതായി അനുവദിച്ചിട്ടില്ല.

സർ, Budget-ൽ Civil works-നു വേണ്ടി നീക്കിവച്ചിട്ടുള്ള രണ്ടുകോടി ഇരുപതുലക്ഷം രൂപയിൽ 'Buildings'-ൽ ചവറ ആശുപത്രിക്കു ഇരുപതിനായിരം രൂപ കൊള്ളിച്ചിട്ടുണ്ട്; അവിടത്തെ പോലീസ് സ്റ്റേഷൻ നന്നാക്കുന്നതിനു രണ്ടായിരം രൂപ കൊള്ളിച്ചിട്ടുണ്ട്. സമ്മതിക്കുന്നു. അങ്ങിനെ, ഇരുപതിരായിരം രൂപയും വി. ആർ. ഡി. സ്കീം അനുസരിച്ച് പതിനാറായിരം രൂപയും ൧൯൬൮–ലേയ്ക്ക് ചെലവഴിക്കാനുദ്ദേശിക്കുന്നു. പക്ഷെ ഇത്രയും കൊണ്ടു മാത്രമായില്ല. കുറെ രൂപ ഈ വർഷത്തെ ബഡ്ജററിൽ കൊള്ളിക്കേണ്ടതായിരുന്നുവെന്നാണ് എനിക്കു പറയാനുള്ളത്.

സർ, അടുത്തതായി പറയാനുള്ളത് കടപ്പുറത്ത് ബണ്ടു് ഇടുന്നതിനെ സംബന്ധിച്ചാണ്. കടലോരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ പല ചോദ്യങ്ങൾ മൂലം ഞാൻ പറഞ്ഞിട്ടുള്ളതാണ്. നീണ്ടകര, പൊന്മന മുതലായ തീരപ്രദേശങ്ങളിൽ സാധാരണയായി കടലാക്രമണങ്ങൾ ഉണ്ടാകുന്നുണ്ട്. കുറെ വർഷങ്ങൾക്കു മുൻപ് കടൽപ്പുറത്തു ഒരു ബണ്ടു് ഇട്ടിരുന്നു. എന്നാൽ ഇപ്പോൾ മണ്ണെടുത്ത് ആ ബണ്ടു് നശിച്ചുപോയിരിക്കുകയാണ്. കഴിഞ്ഞ തുലാമാസത്തിൽ കടലിൽ നിന്നും വെള്ളം കയറിയതു് യാദൃഛികമായി അതുവഴിപോയ മന്ത്രിതന്നെ കണ്ടറിഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ കടലാക്രമണം ഉണ്ടാകാതിരിക്കുന്നതിനു ശരിയായ ഒരു ബണ്ടു് തീരപ്രദേശത്തു് ഇട്ടേമതിയാകു. അങ്ങിനെ ഒരു ബണ്ടു് അവിടെ ഇല്ലാത്തതുകൊണ്ടു് മത്സ്യത്തൊഴിലാളികൾക്കും മററുള്ളവർക്കും വളരെ അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടെന്നുള്ളതു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

ചവറ, കോഴിത്തോട്ടത്തു് ബോട്ടുജെട്ടിയിൽ ഒരു വെയിററിംഗ് ഷെഡ്ഡുള്ളതുകൊണ്ടു് ആളുകൾക്കു് പ്രയോജനമൊന്നുമില്ല. അവിടെ ആരോ കച്ചവടം നടത്തുന്നതായിട്ടാണ് നാട്ടുകാർ പറയുന്നതു്. ഞാൻ തന്നെ അതു നേരിട്ടു കണ്ടിട്ടുണ്ട്. അക്കാര്യം ഗവണ്മെന്റ അന്വേഷിച്ച് അവിടെയുള്ള വെയിററിംഗ് ഷെഡ്ഡ് വെയിററിംഗ്ഷെഡ്ഡായി തന്നെ തുടരാൻ ഗവണ്മെന്റ ശ്രദ്ധിക്കണം.

യാത്രക്കാർക്കും നാവികത്തൊഴിലാളികൾക്കും മററും വളരെ ക്ലേശങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ചവറ തോടിന്റെ വീതികൂട്ടി സഞ്ചാരയോഗ്യമാക്കിത്തീർക്കണം. ചവറ നിയോജകമണ്ഡലത്തിൽനിന്ന് സാധാരണ ഇനങ്ങളിലുള്ള വരവുകളിൽ കൂടുതലായി ൩൩ ലക്ഷം രൂപയോളം ഗവണ്മെന്റിനു ആദായമുള്ള മണൽക്കമ്പനികളിലെ തൊഴിലാളി

[ശ്രീ. പ്രാക്കുളം ഭാസി]

കാറുകൾക്ക് സഞ്ചരിക്കാൻ റോഡില്ലെന്നും, കടത്തുകടക്കാൻ പാലമില്ലെന്നും വരുന്നതു് കഷ്ടമാണ്. പൊന്മന കന്നിട്ടകടവിൽ ഫുട്ട്ബ്രിഡ്ജ് ഉണ്ടാക്കണം, രാത്രികാലങ്ങളിൽ രണ്ടുമണി സമയത്തും നാലുമണിസമയത്തും അനവധി തൊഴിലാളികൾക്കു ജോലികഴിഞ്ഞു പോകേണ്ട സ്ഥലമാണ്. ആ വ്യവസായതൊഴിലാളികളുടെ സൗകര്യത്തിനുവേണ്ടി, ചവറ തട്ടാശ്ശേരിയിൽനിന്നു് മണൽക്കമ്പനികളിലേയ്ക്കു് പോകുന്നതിനു് ഒരു റോഡു് ആവശ്യമാണ്. ഇങ്ങനെ പല കാര്യങ്ങളും എനിക്കു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. സമയമില്ലാത്തതുകൊണ്ടു് തൽക്കാലം ഇത്രമാത്രം നാട്ടുകാർ വെട്ടിത്തീർത്തിട്ടു് വളരെ നാളായ കന്നേറ്റി-കൊല്ലം റോഡും ഗവണ്മെന്റ ഏറ്റെടുക്കേണ്ടതാണ്. ബോട്ടുജെട്ടികളെല്ലാംതന്നെ നന്നാക്കേണ്ടിയിരിക്കുന്നു. മിക്കവാറും കൊല്ലംമുതൽ ആലപ്പുഴവരെ മിക്ക ജട്ടികളും ഇന്നു് നശിച്ചു കിടക്കുകയാണ്.

സർ അടുത്തതായി എൻ. എം. ആർ. വർക്കേഴ്സിന്റെ കാര്യമാണ് എനിക്കു പറയുവാനുള്ളതു്. അവരുടെ അവശതകളെപ്പറ്റി കഴിഞ്ഞ കൊല്ലവും ഈ സഭയിൽ പല മെമ്പറന്മാരും പറയുകയുണ്ടായി. ഇക്കൊല്ലവും ഞങ്ങൾ നിവേദനം നടത്തുകയും ഗവണ്മെന്റിനെ സമീപിച്ചു് ഹർജികൾ കൊടുക്കുകയും ചെയ്തിട്ടുണ്ടു്. എൻ. ജി. ഓ. മാരെപ്പോലെ അവരെയും കണക്കാക്കേണ്ടതാണ്. അവരെ അകാരണമായി പിരിച്ചുവിടരുതു്. അഥവാ പിരിച്ചുവിട്ടാൽ സാധാരണ മററു സ്ഥാപനങ്ങളിൽ ചെയ്തുവരുന്നതുപോലെ അവർക്കു എന്തെങ്കിലും വേതനം കൂടി കൊടുക്കേണ്ടതാണ്. എൻ. ജി. ഓ. മാർക്കു് ചെയ്തുകൊടുക്കുന്ന മററു സൗജന്യങ്ങളെല്ലാം ചെയ്തുകൊടുക്കേണ്ടതാണ് പി. ഡബ്ലിയു. ഡി . വർക്ക്ഷാപ്പിലെ തൊഴിലാളികൾക്കു് മററുള്ളവർക്കു കൊടുക്കുന്നതുപോലെ പ്രാവിഡന്റ ഫണ്ടും ഏർപ്പെടുത്തേണ്ടതാണ്. ഇന്നവർക്കു കിട്ടുന്ന കൂലി വളരെ അപര്യാപ്തമാണ്. ശമ്പളപരിഷ്കാരം നടപ്പിൽ വരുത്താൻ ഗവണ്മെന്റ ശ്രദ്ധിക്കണം. ജോലിസ്ഥിരത, Leave with wages ഉടനടി ഏർപ്പെടുത്തണം.

സർ, കമ്മ്യൂണിക്കേഷനെപ്പററി പറയുമ്പോൾ കാൺട്രാക്ററ സിസ്റ്റത്തെക്കുറിച്ചും പറയേണ്ടിയിരിക്കുന്നു. കാൺട്രാക്ററ സിസ്റ്റത്തോടു ഞാൻ എതിരല്ല. പക്ഷെ കാൺട്രാക്ററ കൊടുക്കുമ്പോൾ എസ്റ്റിമേററിനകത്തു് വർക്കേഴ്സ് ഷെഡ്യൂൾഡ് റേററുകൂടി കാണിക്കാനുണ്ടു്. ആ റേററനുസരിച്ചു് അവരുടെ കീഴിൽ തൊഴിലാളികൾക്കു് കൂലി കിട്ടുന്നുണ്ടോ എന്നുകൂടി ഗവണ്മെന്റ അന്വേഷിക്കേണ്ടതാണ്. ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട മെമ്പർ അദ്ദേഹത്തിന്റെ താലൂക്കിൽ ഒരു കൺട്രാക്ററർ തൊഴിലാളികൾക്കു ഒൻപതുമുതൽ പന്ത്രണ്ടണ വരെയാണു കൂലി കൊടുക്കുന്നതെന്നു പറഞ്ഞു. ഷെഡ്യൂൾഡ് റേററു് ഒരു രൂപ എട്ടണയോ, ഒരു രൂപ പന്ത്രണ്ടണയോ ആയിരിക്കും. Tender വിളിക്കുമ്പോൾ മനുഷ്യപ്രയത്നത്തെക്കൂടി ലേലം വിളിക്കുകയാണോ ചെയ്യുന്നതെന്നു എനിക്കു തോന്നിപ്പോകുന്നു.

സർ, പൊതുവെ ഈ ഡിപ്പാർട്ടുമെന്റിലെ വർക്കുകളെപ്പററി പറയുകയാണെങ്കിൽ ഇവിടെ ഒരു മെമ്പർ പ്രസ്താവിച്ചതുപോലെ രാമേശ്വരത്തു ക്ഷൗരംപോലെയാണ് നടന്നിരുന്നതു്. പക്ഷെ, ഇന്നു് ആ സ്ഥിതി ഒന്നു

മാറിയിട്ടുണ്ട്. രാമേശ്വരത്തെ ക്ഷൗരംമാറി നമ്മുടെ ക്ഷൗരം പോലെയായിട്ടുണ്ട്. എങ്കിലും പോരാ. ഓരോ സ്ഥലത്തേയും വർക്കുകൾ നടത്തുമ്പോൾ കൊച്ചിയിൽ ഒരേർപ്പാടുണ്ടായിരുന്നു. ഒരു വർക്കിനുള്ള തുക ബഡ്ജററ ചെയ്യുമ്പോൾ ആ തുകയ്ക്കുള്ള ആ വർക്ക് സമയത്തിനു തന്നെ ചെയ്തുതീർക്കണമെന്നുണ്ടായിരുന്നു. ആവശ്യമുള്ള തുക കൊള്ളിക്കുന്നതിലും ശ്രദ്ധിക്കുമായിരുന്നു. എന്നാൽ, തിരുവിതാംകൂറിലാണെങ്കിൽ ഓരോ വർക്കും കുറെ തുടങ്ങിയും പിന്നെ മുടങ്ങിയും അതേ അവസരത്തിൽ മററു വർക്കുകൾ തുടങ്ങിയും അങ്ങനെ ഒരവസാനം ഇല്ലാതെ പോകും. ഈ രീതി മാറേറണ്ടതാണ്.

മുൻസിഫ് കോടതിയിലും മജിസ്ട്രേട്ടു കോടതിയിലും നടന്നുവരുന്ന കേസുകളിൽ എത്ര കേസുകൾ ഡിസ്പോസുചെയ്തു, എത്ര കേസ് പെൻറിംഗാണ്, എന്ന് മാസംതോറും സ്റ്റേററമെൻറുകൾ ഹൈക്കോടതിയിലേയ്ക്ക് അയയ്ക്കാറുള്ളതുപോലെ എല്ലാ സബ്ഡിവിഷൻ ആഫീസറന്മാരും അതാതു സബ്ഡിവിഷനുകളിൽ എത്രമാത്രം ജോലിചെയ്തു, എത്ര പുരോഗമിച്ചു, ഇനി എന്തു തീരാനുണ്ട് എന്നു കാണിക്കുന്ന ഓരോ മാസാന്ത്യ റിപ്പോർട്ടു കൂടി അയയ്ക്കുവാൻ ഏർപ്പാടു ചെയ്യേണ്ടതാണ്.

നമ്മുടെ റോഡുനിർമ്മാണത്തിനുവേണ്ടി, നാഷണൽ ഹൈവേ സ്കീം അനുസരിച്ചായാലും കൊള്ളാം, വില്ലേജ് റോഡ് ഡവലപ്മെൻറ സ്കീം അനുസരിച്ചായാലും കൊള്ളാം, ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ഗ്രാൻറ കിട്ടുന്നുണ്ട്. ആ നിലയ്ക്കു നമ്മുടെ എല്ലാ റോഡുകളും ഷെൽക്രീററു ചെയ്യുന്നതിനോ കോൾക്രീററു ചെയ്യുന്നതിനോ കാൺക്രീററുചെയ്യുന്നതിനോ ഗവണ്മെൻറു മടിച്ചുകൂടാ. ആണ്ടോടാണ്ടു റോഡുകൾ മെൻറയിൻ ചെയ്യുന്നതിന് ഒരു മൈലിനു ഏകദേശം ഏഴായിരം രൂപ ചെലവു വരുമെങ്കിൽ ഒരു മൈലിന് എഴുപതിനായിരം രൂപ ചെലവു വന്നാലും തരക്കേടില്ല, റോഡുകൾ ഷെൽക്രീററും, കോൾക്രീററും ചെയ്യുന്നതു നന്നായിരിക്കും. അങ്ങനെ ചെയ്യുന്നതുകൊണ്ടു ഗവണ്മെൻറിനു മെയിൻറനൻസ് ഇനത്തിൽ ഒരു നല്ല തുക ലാഭംവരും. മാത്രമല്ല, ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതി കുറയുന്നതിനു അതു ഒരു കാരണവുമാകും. ആണ്ടവസാനമാകുമ്പോൾ ധൃതഗതിയിൽ ഈ മെയിൻറനൻസ് നടത്തിവരുന്നതുകൊണ്ടു പലപ്പോഴും പല അഴിമതികളും ഉണ്ടാകാറുണ്ട്. അതു കൂടാതെ കഴിക്കുന്നതിനും ഈ പദ്ധതി ഉപകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മാവേലിക്കര മെംബർ ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള ചാററയിൽ മെയിൻറോഡു കഴിഞ്ഞാൽ പിന്നെ ഏതു റോഡാണുള്ളതെന്നു ചോദിച്ചു. പല റോഡുകളും ഉണ്ട്, മെയിൻറോഡിൽ നിന്നും അഞ്ചു മൈൽ അകലെ ഒരു ഗ്രാമവും ഉണ്ടായിരിക്കാൻ പാടില്ലെന്നാണ് ൧൯൪൩-ൽ ഇൻഡ്യാ ഗവണ്മെൻറ് ആവിഷ്ക്കരിച്ച നാഗപ്പൂർ പദ്ധതിയിൽ പറഞ്ഞിരിക്കുന്നതു്.

Shri A. Achyuthn : To Sir I move: reduce the total allotment of Rs. 2, 49, 25, 400 under Demand XXVII by Re 1.

സർ, പി. ഡബ്ലിയു. ഡി. വകുപ്പു പൊതുവെ വളരെ ഉപകാരപ്രദമായ ഒരു വകുപ്പാണെന്നുള്ളതിനു സംശയമില്ല. ആണ്ടുതോറും അതിൻെറ തുക കൂടുതലായി ബഡ്ജററിൽ കൊള്ളിച്ചുവരുന്നതായി കാണുന്നു. ഇങ്ങനെ

[ശ്രീ. എ. അച്ചുതൻ]

കാണുന്നതു ആശാസ്യജനകം തന്നെ. എന്നാൽ ഈ തുക എന്തു ഉദ്ദേശത്തോടുകൂടി കൊള്ളിക്കുന്നുവോ ആ ഉദ്ദേശം കൂടുതലായി സഫലമാകുന്നുണ്ടോ, അതിന്റെ പ്രയോജനം ജനങ്ങൾക്കു് ഉദ്ദേശിക്കുന്ന മാതിരി അനുഭവപ്പെടുന്നുണ്ടോ എന്നുള്ളതു സംശയകരമാണു്. അതിനു് ചില പ്രത്യേക കാരണങ്ങൾ ഉണ്ടെന്നു് എനിക്കു തോന്നുന്നു. ഇക്കൊല്ലത്തിൽ രണ്ടുകോടി നാൽപ്പത്തിഒൻപതുലക്ഷം രൂപ ഈ വകുപ്പിലേയ്ക്കു കൊള്ളിച്ചിട്ടുണ്ടു്. ആ തുകയുടെ ഏതാണ്ടു ഒരു അൻപതു ശതമാനത്തിൽ കൂടുതൽ ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നില്ലെന്നു ചിലപ്പോൾ എനിക്കു സംശയം തോന്നാറുണ്ടു്. ബഹുമാനപ്പെട്ട ചവറ മെംബർ കഴിഞ്ഞകൊല്ലത്തെ പ്രവർത്തനം വളരെ മെച്ചമായിരുന്നു എന്നു പറയുകയുണ്ടായി. അതിനോടു അല്പം ഞാനും യോജിക്കുന്നു. എന്നാൽ ഇതിന്റെ എസ്റ്റാബ്ളിഷ്മെന്റു് മുൻ കൊല്ലങ്ങളെക്കാൾ കൂടുതൽ കൂട്ടീട്ടുണ്ടെങ്കിലും കൺട്രോളും സൂപ്പർവിഷനും ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം നന്നായിട്ടുണ്ടോ എന്നു സംശയമാണു്. ഇന്നു ഒരു ചീഫ്ഇൻജിനീയരും, രണ്ടു സൂപ്രണ്ടിംഗ് ഇൻജിനീയറന്മാരും, കുറെ ഡിവിഷൻ ആഫീസറന്മാരും അസിസ്റ്റൻറ്ഇൻജിനീയറന്മാരും ഒക്കെ ഈ ഡിപ്പാർട്ടുമെൻറിലുണ്ടു്. ഇത്രയും പേർ ഉണ്ടെങ്കിലും സൂപ്പർവിഷൻ ശരിയായി നടക്കാതിരിക്കുന്നതിനുള്ള കാരണം എനിക്കു തോന്നുന്നതു ഞാൻ പറയാം. പി. ഡബ്ലിയു. ഡി. കോഡു് അനുസരിച്ചു ചെയ്തു തീർക്കേണ്ട ജോലിയെ സംബന്ധിച്ചു് ചില നിർദ്ദേശങ്ങൾ ഉണ്ടു്. ആദ്യത്തെ മൂന്നുമാസം മുഴുവൻ അലാട്ടുമെന്റിന്റെ പതിനഞ്ചുശതമാനവും രണ്ടും മൂന്നും ക്വാർട്ടറിൽ ൨൫ ശതമാനം വീതവും, നാലാമത്തെ ക്വാർട്ടറിൽ അലാട്ടുമെന്റിന്റെ ൩൫ ശതമാനവും ചെയ്തു തീർക്കണമെന്നാണു വ്യവസ്ഥ. ഇന്നു ആ വ്യവസ്ഥ ശരിയായി പാലിക്കുന്നില്ല. അതിന്റെ ഫലമായി ജോലി മുഴുവൻ ആണ്ടവസാനത്തേയ്ക്കു തള്ളിക്കൊണ്ടുപോകുന്നു. ഒടുവിൽ എല്ലാംകൂടി ധൃതഗതിയിൽ ചെയ്തു തീർക്കുന്നു. അതുകൊണ്ടു ജോലി ശരിയായി നടക്കുന്നില്ലെന്നു മാത്രമല്ല കറപ്ഷനും അഴിമതിയും വർദ്ധിച്ചുവരികയും ചെയ്യുന്നു. കോഡിൽ ഇങ്ങനെ വ്യവസ്ഥചെയ്യുന്നതിനുണ്ടായ പ്രധാന കാരണം നമ്മുടെ പ്രകൃതിയെക്കൂടി നോക്കിയാണു്. മഴ ധാരാളം ഉള്ള കാലത്താണു് മെററലിംഗും ഗ്രാവലിംഗും നടത്തേണ്ടതു്. ഇതു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. മന്ത്രിതന്നെ പറയുന്നുണ്ടു്. ഷെൽക്രീററം കോൺക്രീററം വേനൽക്കാലത്തു ചെയ്യുന്നതായിരിക്കും നല്ലതു്. എന്നാൽ മെററലിംഗും ഗ്രാവലിംഗും വർഷകാലത്തുതന്നെ ചെയ്യണം. റോഡിന്റെ ഉറപ്പിനും അപ്പോൾ ചെയ്യുന്നതാണു നല്ലതു്. അതൊന്നും ഇല്ലാതെ എല്ലാംകൂടി അവസാനത്തിലേയ്ക്കു തള്ളുമ്പോൾ പണികൾ നന്നാകുകയില്ല എന്നു മാത്രമല്ല അഴിമതി കൂടുതലായി ഉണ്ടാകുകയും ചെയ്യും. കൺട്രാക്ടറന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും വലിയ പരാതികൾക്കു തൻമൂലം ഇടവരുന്നതാണു്. അതുകൊണ്ടു് ജോലികൾ അവസാനത്തെ ക്വാർട്ടറിൽ ചെയ്യുന്നതിനിടവരുത്താതെ സൂക്ഷിക്കേണ്ടതാണു്. ഈ കണക്കിൽ അതാതിനത്തിലേയ്ക്കു നീക്കിവച്ചിട്ടുള്ള തുകകൾ അതാതിനത്തിനുവേണ്ടിത്തന്നെ ചെലവാക്കുന്നതിനുവേണ്ട നിഷ്കർഷ ചെലുത്തുകയും എതെങ്കിലും ഇന

ത്തിന അലാട്ടുചെയ്തിട്ടുള്ള തുക ഏതെങ്കിലും കാരണവശാൽ ആ വർഷത്തേയ്ക്കു ചെലവായില്ലെങ്കിൽ ആ തുക സറണ്ടർ ചെയ്യാ കൂടുതൽ പ്രയോജനകരമായ മററു ജോലികൾക്കായി ഡൈവെർട്ടു ചെയ്യുന്നതും നന്നായിരിക്കും.

ആവശ്യമുള്ളിടത്തോളം തുക പല ജോലികൾക്കും കൊള്ളിക്കാറില്ല, വിശേഷിച്ചും പതിനായിരം രൂപയ്ക്കു അകം ചെലവാകുന്ന ജോലികൾക്ക ആവശ്യമുള്ള തുക അലാട്ടു ചെയ്യില്ലെങ്കിൽ ആ ജോലി നടക്കുകയില്ല അതുകൊണ്ടു ജനങ്ങൾക്ക് തൃപ്തി വരികയും ഇല്ല; ചെലവാക്കിയ തുക തന്നെ പ്രയോജനപ്പെടാതെ നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് പതിനായിരം രൂപയിൽ കുറഞ്ഞുവരുന്ന തുകയ്ക്കുള്ള വേലകൾക്ക് ആ വേലകൾ തീരത്തക്കനിലയിൽ വേണ്ട അലാട്ടുമെൻറ അനുവദിക്കേണ്ടതാണ്.

ഇപ്പോൾ സ്പെഷ്യൽ സർഫേസിംഗിനായി ൨൦ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ റോഡ് ഡവലപ്പ്മെൻറഫണ്ടിലേക്ക ൨൦ ലക്ഷം രൂപയുണ്ട്. ഈ രണ്ടു തുകയും ഒന്നുകിൽ കോസ്റ്റൽറോഡിൽ അല്ലെങ്കിൽ എം. സി. റോഡിൽമാത്രം ചെലവാക്കാതെ ഇടറോഡുകളിലേയ്ക്കുകൂടി കഴിയുന്നത്ര വ്യാപിപ്പിച്ചാൽ കൊള്ളാം. ഇപ്പോൾ പല സ്ഥലങ്ങളിലും വീതി കുറഞ്ഞ റോഡുകളുണ്ട്. ആ റോഡുകളിൽക്കൂടി ബസ്സ് ട്രാഫിക്കുകളും ധാരാളം നടക്കുന്നുണ്ട്. തിരുവനന്തപുരം പട്ടണത്തിൽ തന്നെ അങ്ങനെയുള്ള റോഡുകൾ ധാരാളം ഉണ്ട്. ആ റോഡുകൾ നന്നാക്കുന്നതിനുമുമ്പായി വീതികൂട്ടുന്നതിനുള്ള വ്യവസ്ഥകൂടി ചെയ്യേണ്ടതു അത്യാവശ്യമാണ്.

കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേയ്ക്കു ഒരു പ്രത്യേക കെട്ടിടനിർമ്മാണ പദ്ധതി ഉണ്ടാക്കിയാൽ കൊള്ളാം എന്നു ഇൻഡ്യൻ പ്രധാനമന്ത്രിതന്നെ ഭവനനിർമ്മാണവിഷയത്തെപററി പറയാറുണ്ട്. നമ്മുടെ നാട്ടിനു പററിയ രീതിയിൽ ഇതിലേയ്ക്കു ഒരു പദ്ധതി ഡിപ്പാർട്ടുമെൻറിൽനിന്നും ആവിഷ്കരിക്കുന്നതു നന്നായിരിക്കും.

ഇനി പാലത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. നമ്മുടെ നാട്ടിൽ ധാരാളം പാലം ആവശ്യമുണ്ട്. എന്നാൽ ചുരുങ്ങിയ കാലമായിട്ട് പടിഞ്ഞാറൻ പ്രദേശങ്ങളിൽ പാലം പണി നടക്കാറില്ല. അതു പാലം പണികൾക്കുള്ള നിവേദനങ്ങൾ ജനങ്ങളിൽനിന്നും ഉണ്ടാകാഞ്ഞിട്ടല്ല. എന്തോ ചില സംഗതികൾകൊണ്ട് പാലങ്ങളൊക്കെ വടക്കോട്ടും കിഴക്കോട്ടും ആണു പോകുന്നതു്. അതുകൊണ്ട് ഗതാഗത സൗകര്യങ്ങൾ വളരെ കുറഞ്ഞിരിക്കുന്നതും ആളുകൾ തിങ്ങിപ്പാർക്കുന്നതുമായ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വലിയ ചെലവുവരാത്ത പാലങ്ങളെങ്കിലും എത്രയും വേഗത്തിൽ പണിയിക്കേണ്ടതു ആവശ്യമാണ്. അതിലേയ്ക്കു ഒരു ബ്രിഡ്ജ് സെക്ഷൻ തന്നെ ഉണ്ടാകുന്നതുകൊള്ളാം. ഇന്നു അങ്ങനെ ഒരു സെക്ഷൻ ഇല്ലെന്നാണു തോന്നുന്നതു്. പാലം എവിടെയൊക്കെയാണു വേണ്ടതു്, എങ്ങനെയാണു പണിയേണ്ടതു്, എന്നൊക്കെ ആലോചിക്കുവാൻ ഒരു ബ്രിഡ്ജ് സെക്ഷൻ ഉണ്ടായിരിക്കുന്നതു നന്നായിരിക്കും.

പൊതുവെ ഇത്രയും പറഞ്ഞശേഷം പ്രത്യേകമായ ചില കാര്യങ്ങളെക്കൂടി പറയാമെന്നു വിചാരിക്കുന്നു. ബിൽഡിംഗ് ഇനത്തിൽ ൫൦ ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്, അതിൽ ൳ ലക്ഷംരൂപ എഡ്യൂക്കേഷൻ

[ശ്രീ. ഏ. അച്യുതൻ.]

ഡിപ്പാർട്ടുമെൻറിലേയ്ക്കാണ്. അതായതു് സക്കാർ ചെലവിൽ കെട്ടുന്ന പ്രൈമറി, സെക്കൻഡറി വിദ്യാലയങ്ങൾക്കുവേണ്ടിയാണ്. പ്രൈമറി സെക്കൻഡറി വിദ്യാലയങ്ങൾ ഗവണ്മെൻറിൽനിന്നും നേരിട്ടു സ്ഥാപിച്ചു കിട്ടുന്നതിനു പൊതുജനങ്ങളുടെ വക ധാരാളം നിവേദനങ്ങൾ വരുന്നുണ്ടു്. ഒരു സ്ഥലത്തു ഒരു പ്രൈമറി വിദ്യാലയം ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ അതിനു ഇത്ര തുക ഗവണ്മെൻറിലേയ്ക്കു കൊടുക്കണമെന്നു പ്രത്യേകം വ്യവസ്ഥയുമുണ്ടു്. അങ്ങിനെ പൊതുജനങ്ങളിൽനിന്നും പണം കിട്ടിയ ശേഷം മതിയാകാത്ത സംഖ്യകൂടി ഗവണ്മെൻറിൽനിന്നും ചെലവാക്കിയ ശേഷമാണ് പള്ളിക്കൂടങ്ങൾക്കുവേണ്ടി അവിടവിടെയുള്ള പൊതുജനങ്ങൾ തുക പിരിച്ചു് സക്കാരിനെ ഏല്പിക്കയും അതു വാങ്ങിവച്ചുകൊണ്ടു മൗനം ദീക്ഷിക്കയുമാണ് ചെയ്തുവരുന്നതു്. ൧൯൪൯-ൽ ഇപ്രകാരം സാങ്ഷനായ വിദ്യാലയങ്ങൾ ഇനിയും ടെൻഡർ വിളിക്കാതെ ഇട്ടിരിക്കയാണ്. ഈവക വിദ്യാലയങ്ങൾ ഇന്നു പൊതുജനങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്, തൻമൂലം പല അസൗകര്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഈ കാര്യങ്ങൾ ഇനിയെങ്കിലും ഗവണ്മെൻറു അനുഭാവപൂർവ്വം വീക്ഷിക്കുമെന്നു വിശ്വസിക്കുന്നു. പ്രത്യേകിച്ചും ഇങ്ങനെയുള്ള പള്ളിക്കൂടങ്ങളുടെകാര്യത്തിൽ ഗവണ്മെൻറിൽനിന്നും കെട്ടിക്കൊടുക്കേണ്ടതായ കെട്ടിടങ്ങൾ എത്രയും വേഗത്തിൽ കെട്ടിക്കൊടുക്കുന്നതിനു വേണ്ട നടപടികൾ തുടങ്ങേണ്ടതാണ്. മറെറാരു സംഗതി, ഒരു റോഡിന്റെ കാര്യമാണ്. കാത്തികപ്പള്ളി—ഠാണാപ്പടിക്കൽ കനാൽ ബാങ്ക് റോഡാണ് അതു്. ആ റോഡു് കാത്തികപ്പള്ളിയിലെ ജനസഞ്ചാരക്കൂടുതലുള്ള ഒന്നാമത്തെ റോഡാണ്. ഇത്രയും ശോചനീയമായ തരത്തിൽ നമ്മുടെ രാജ്യത്തു് ഏതെങ്കിലും റോഡുകളുണ്ടോയെന്നു സംശയമാണ്. അത്രയ്ക്കു സഞ്ചാരസൗകര്യം കുറഞ്ഞതും ഇരുവശങ്ങളും ഇടിഞ്ഞുപൊളിഞ്ഞതും പൊതുജനോപയോഗത്തിനു വളരെ അപര്യാപ്തവും ആയ റോഡാണ് അതു്, ആ റോഡുവഴി ധാരാളം ബസ് സർവീസുകൾ നടത്തുന്നുമുണ്ടു്. എന്നിട്ടും ഈ റോഡു നന്നാക്കുന്ന കാര്യത്തിൽ വളരെ അലസതയാണു കാണിച്ചുവരുന്നതു്. ആണ്ടുതോറും ൮൦൦൦ രൂപ വരെ മെയിൻറനൻസുവകയിൽ ചെലവാക്കാൻ അലാട്ടുചെയ്യുന്നുമുണ്ടു്. അതിൽ ഏതാനും തുക ചെലവാക്കി റോഡരുകിൽ നിൽക്കുന്ന തെങ്ങുകൾക്കും മററും കുറെ ജോലി ചെയ്യുമെന്നല്ലാതെ റോഡിനുവേണ്ടി കാര്യമായി ഒന്നും ചെയ്യുന്നില്ല. അതുകൊണ്ടു ഇങ്ങനെയുള്ള റോഡുകളെ സംബന്ധിച്ചിടത്തോളം, ജനസഞ്ചാരക്കൂടുതലിനേയും ബസ് ട്രാഫിക്കിനേയും പരിഗണിച്ചു് കഴിയുന്നതും വേഗം അററകുററപ്പണികൾ തീക്കേണ്ടതാണ്. കുഴൽക്കിണറുകളെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ, ഈ വകയ്ക്കു ൨൪,൦൦൦ രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഇതു് ൮ കുഴൽക്കിണറുകൾക്കുവേണ്ടി ചെലവാക്കാൻ നീക്കിവച്ചിട്ടുള്ള തുകയാണ്. അപ്പോൾ ഒരെണ്ണത്തിനു ൩൦൦൦ രൂപ വീതമാകുന്നുണ്ടു്. അങ്ങിനെ '൮ ട്യൂബ്' വെൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഇൻജിൻ ൨ എണ്ണമാണുള്ളതു്. അങ്ങനെയാണെങ്കിൽ ഈ എട്ടു കുഴൽക്കിണറുകളും ഉണ്ടാക്കുന്നതിനു വേണ്ടി എത്രകൊല്ലം വേണ്ടിവരുമെന്നുള്ളതു കണ്ടുതന്നെ അറിയേണ്ടതാണ്. ഇന്നു് കുടിക്കാൻ ശുദ്ധജലം കിട്ടാതെ വിഷമിക്കുന്ന അനവധിയാളുകൾ, അനവധി സ്ഥലങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടു്. സ്വാതന്ത്ര്യം

കിട്ടിയതോടുകൂടി നല്ലവെള്ളമെങ്കിലും കുടിക്കാമെന്നു പ്രതീക്ഷിച്ചിരിക്കയാണ്. ഇവർ ജലദൗർലഭ്യത്തെ പരിഹരിക്കുന്നതിനുവേണ്ടി നടപടികൾ എടുക്കണമെന്നു ഞാൻതന്നെ പല പ്രാവശ്യവും ഈ അസംബ്ലിയിൽ അഭിപ്രായപ്പെടുകയും നിവേദനങ്ങൾ സമർപ്പിക്കയും മററും ചെയ്തിട്ടുണ്ട്. ടി. എസ്സ്. കനാലിൻെറ ഇരുവശങ്ങളിലും താമസിക്കുന്നവർക്കു ഒട്ടുംതന്നെ ശുദ്ധജലം കിട്ടുന്നില്ലെന്നുവേണം പറയാൻ. പട്ടിണികൊണ്ടു എരിപൊരി കൊള്ളുന്ന ഇക്കൂട്ടർ അല്പം നല്ല വെള്ളമെങ്കിലും കുടിച്ചുകൊണ്ടു മരിക്കാമെന്നുവച്ചാൽ അതിനും അവർക്കു സാധിക്കുമെന്നു തോന്നുന്നില്ല. ഏതായാലും കുഴൽക്കിണറുകൾക്കുവേണ്ടി ഒരു വലിയ സംഖ്യ നീക്കിവച്ചു ഈ സ്ഥലങ്ങളിൽ ഒരു മൈലിനകത്തോ അല്ലെങ്കിൽ രണ്ടുമൈലിനകത്തോ ഓരോ കുഴൽക്കിണറുവീതം ഉണ്ടാക്കിക്കൊടുക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. അവ ഉണ്ടാക്കാനുള്ള സാമഗ്രികൾ വരുത്തി കഴിയുന്നതും വേഗം ജോലി തുടങ്ങണമെന്നു എനിക്കൊരപേക്ഷയുണ്ടു്. ഈ കാര്യത്തെപ്പററിയും ഞാൻ ഇതിനുമുൻപു ഈ സഭയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്. നിർദ്ദേശങ്ങളും ഗവണ്മെൻറിലേയ്ക്കു അയച്ചിട്ടുണ്ടു്. ഈ കാര്യത്തിനുവേണ്ടി വേണ്ടിവന്നാൽ ഒരു സെക്ഷൻതന്നെ ഓപ്പൺചെയ്തു ഒന്നോ രണ്ടോ ആഫീസറന്മാരെ നിയമിക്കുന്നതുകൊണ്ടും തരക്കേടില്ല. ആളുകൾക്കു കുടിക്കാനെങ്കിലും ശുദ്ധജലം കിട്ടിയാൽമതി. മറെറാന്നു്, റോഡിനു അടുത്തകൊല്ലം ൨൪ ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടു്. പുതിയ പുതിയ ജോലികൾ പലതും ഈയാണ്ടിൽ തുടങ്ങുന്നുവെന്നും കേൾക്കുന്നു. ഈ ഇനത്തിൽ ആവശ്യമുള്ള ജോലികൾ നിർവഹിക്കുന്നതിനുവേണ്ടി കുറെ തുകകൂടി കൊള്ളിക്കയും വളരെ വേഗം ജോലികൾ തുടങ്ങുകയും ചെയ്യേണ്ടതാണെന്നു ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. അതുപോലെ തന്നെ മറെറാരുകാര്യം പറയാനുള്ളതു് തിരുവനന്തപുരം സിററിയെപ്പററിയാണ്. സംസ്ഥാനത്തിൻെറ മറേറതു ഭാഗത്തേക്കാളും ജനബാഹുല്യമുള്ള ഈ തിരുവനന്തപുരം സിററിയുടെ കാര്യത്തിൽ ഗവണ്മെൻറ് ഒരലസമായ മനോഭാവമാണു കാണിച്ചു വരുന്നതു്. ഡ്രെയിനേജു സിസ്റ്റം ഉണ്ടാക്കുകയും അതനുസരിച്ച് പല സ്ഥലങ്ങളിലും തുടങ്ങി പകുതിയാക്കിയിട്ടു നിറുത്തിവച്ചിരിക്കുകയുമാണു ചെയ്യുന്നതു്. ഉദാഹരണമായി പറയാൻ പല സ്ഥലങ്ങളും ഉണ്ടെങ്കിലും കുന്നുകുഴി എന്ന സ്ഥലത്തു ടൗണിൻെറ മറേറതു ഭാഗത്തേക്കാളും ഡ്രെയിനേജ് ഏററവും ആവശ്യമായിട്ടുള്ളതാണെന്നു നമുക്കെല്ലാപേക്കും അറിയാവുന്നതാണ്. മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളാണ് അവിടെ അധികമുള്ളതു്. ആ സ്ഥലത്തുള്ള വൃത്തികേട് എത്രത്തോളമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം തന്നെയാണ്. ആ സ്ഥലങ്ങളിൽ ആവശ്യമുള്ളത്രഓടകൾ കെട്ടിക്കൊടുക്കേണ്ടതു വളരെ ആവശ്യമാണ്. ഈ കാര്യത്തിൽ സിവിൽ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. സിററിയുടെ സിവിൽ വർക്സിനുവേണ്ടി ൨൪,൦൦൦ രൂപയാണു ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. ഈ തുകകൊണ്ടു് എന്തുചെയ്യാൻ സാധിക്കും. കൂടുതൽ തുക ഇനി ഈ ബഡ്ജററിൽകൊള്ളിക്കാൻ സാധിക്കുകയില്ല. തുക അനുവദിച്ചു സപ്ലിമെൻററി ഡിമാൻറുകൊണ്ടുവന്നു കൂടുതൽ അത്യാവശ്യം വേണ്ടതായ, ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള സംഗതികൾ നടത്തിക്കൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയാകുന്നു. എനിക്കു ഇത്രയും കാര്യങ്ങൾ മാത്രമേ ഇപ്പോൾ പറയാനുള്ളു.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, സിവിൽവർക്സ് എന്ന വകുപ്പ് ഈ രാജ്യത്തു് ഏററവും പ്രധാനപ്പെട്ടതും അതേസമയത്തു് ഉപകാരപ്രദവും ആയ ഒരു വകുപ്പാണു്. സംസ്ഥാനത്തെ കർഷകരെ ഉദ്ധരിക്കാൻ ഇത്ര പ്രയോജനപ്രദമായ ഒരു വകുപ്പു് വേറെ ഉണ്ടോ എന്നുകൂടി സംശയമാണു്. സർ, ഈ വകുപ്പിലേയ്ക്കു വേണ്ടി ആണ്ടുതോറും ഒരു വലിയ സംഖ്യയാണു നീക്കിവയ്ക്കുന്നതു്. എന്നാൽ, തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചു് ഒരു ചിററമ്മ മനോഭാവമാണു ഗവണ്മെൻറു കൈക്കൊള്ളുന്നതു് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. കൂടുതൽ നെല്ലുവിളയിക്കുന്ന കാര്യത്തിൽ തെക്കൻതിരുവിതാംകൂറുകാർ സംസ്ഥാനത്തെ എല്ലാവർക്കും വേണ്ടി അദ്ധ്വാനിക്കുന്ന ഒരു കൂട്ടരാണെന്നു പറയുന്നതിൽ തെററില്ല. അവിടെ വിളയിക്കുന്ന നെല്ലിൻെറ ഭൂരിഭാഗവും കൺട്രോൾ വിലവച്ചു് ഗവണ്മെൻറു കൊണ്ടുപോകുകയാണു്. തിരുവിതാംകൂറിലെ കർഷകൻ കടത്തിലും വിഷമത്തിലുംകിടന്നു നരകിയ്ക്കുമ്പോഴാണു യുദ്ധം വന്നതു്. അവൻെറ വിഭവങ്ങൾക്കു് വില കിട്ടിത്തുടങ്ങി. എന്നാൽ, തെക്കൻതിരുവിതാംകൂറിലെ കർഷകൻെറ നിർഭാഗ്യംകൊണ്ടു് അവൻെറ വിഭവം കൂടിയ വിലയ്ക്കു വിൽക്കാൻ അവനു സാധിക്കാതെയാക്കി. അവിടെ ഉണ്ടാകുന്ന വിഭവങ്ങൾ കൺട്രോൾ വിലയ്ക്കു് ഗവണ്മെൻറിനു കൊടുക്കേണ്ടിവന്നു. തുറന്ന മാർക്കററിൽ വിൽക്കാമായിരുന്ന വിലയിൽ മൂന്നിലൊന്നു വിലയ്ക്കാണു് ഗവണ്മെൻറു് എടുത്തുകൊണ്ടുപോയതു്. യു. പി. യിലും, സി. പി. യിലുമുള്ള കർഷകനു് ഇവിടത്തെ ഗവണ്മെൻറു് കൊടുത്ത വിലപോലും തെക്കൻതിരുവിതാംകൂറിലെ കൃഷിക്കാർക്കു് കൊടുത്തിട്ടില്ല. നേരെമറിച്ചു് വടക്കൻതിരുവിതാംകൂറിനെപ്പററിയാണെങ്കിൽ നെല്ലു മാത്രമല്ല, മററു പല വിഭവങ്ങളും അവിടെയുണ്ടു്. അവകൾക്കെല്ലാം വമ്പിച്ച വിലയാണു കിട്ടിയതു്. സർ, ഉദാഹരണമായി പറയുകയാണെങ്കിൽ നൂററിനു നാലുരൂപാ ഉണ്ടായിരുന്ന തേങ്ങ ൨൫ രൂപവരെ വില കിട്ടിയിട്ടുണ്ടു്. അതുപോലെതന്നെ കണ്ടിക്കു് ൨൦൦ രൂപ ഉണ്ടായിരുന്ന കുരുമുളകു് ൪,൦൦൦ രൂപാവരെ വച്ചു വിൽക്കാനുള്ള സൗകര്യം അവർക്കു ഉണ്ടായിട്ടുണ്ടു്. അതുപോലെതന്നെ തേയില, ഏലം, റബ്ബർ, കാപ്പി, ഇഞ്ചി തുടങ്ങിയവ. ഇങ്ങനെ പല വിഭവങ്ങളും എത്രയോ ഇരട്ടി വിലയ്ക്കു വിററു് പണം സമ്പാദിക്കാനുള്ള പല വഴികളും വടക്കൻ തിരുവിതാംകൂറിൽ ഇപ്പോഴും ഉണ്ടെന്നുതന്നെ പറയാം. നേരെമറിച്ചു് തെക്കൻതിരുവിതാംകൂറിലാണെങ്കിൽ അവരുടെ ഏക കാർഷികവിഭവം നെല്ലു മാത്രമാണു്. അവർ വിൽക്കേണ്ടതു് കുറഞ്ഞ കൺട്രോൾവിലയ്ക്കു വിൽക്കണം. എന്നാൽ, വാങ്ങേണ്ടതെല്ലാം കൂടിയവിലയ്ക്കു വാങ്ങണം. ഇതാണവരുടെ ദയനീയാവസ്ഥ.

The House rose for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

DEMAND XXVII—Civil Works—(*Contd.*)

2 P. M.]

ശ്രീ. എ. കുഞ്ഞൻ നാടാർ: (തുടർച്ച) സർ, എനിക്കു് വിളത്തല ലിഫ്ററ് ഇറിഗേഷൻ, പട്ടണംകാൽ ഇറിഗേഷൻ, ലെഫ്ററ്ബാങ്ക ചാനൽ എന്നിവയെപ്പററിയാണു് പ്രധാനമായി പറയുവാനുള്ളതു്.

Mr. Speaker: About irrigation we had enough of discussion under the Irrigation Demand. It has no relevance here.

ശ്രീ. എ. കുഞ്ഞൻ നാടാർ: വിളത്തല ഇറിഗേഷനെപ്പററി സിവിൽ വർക്സിൽ പറയുന്നുണ്ടു്.

Mr. Speaker: I do not find any such item.

ശ്രീ. എ. കുഞ്ഞൻ നാടാർ: ചുരുക്കമായിട്ടു ഒന്നുരണ്ടു സംഗതികൾ..........

Mr. Speaker: Irrigation under Capital Revenue and irrigation under charged revenue were discussed here under the demand for irrigation.

ശ്രീ. എ. കുഞ്ഞൻ നാടാർ: തെക്കൻതിരുവിതാംകൂറിനോടു ഈ ഗവണ്മെൻറ കാണിച്ചുവരുന്ന ചിററമ്മനയത്തിൽ ഈ മന്ത്രിസഭയുടെ കാലത്തു കുറച്ചു മാററം ഉണ്ടായിട്ടുണ്ടെങ്കിലും അതിൻെറ ഫലം അവിടെ ലഭിച്ചിട്ടില്ലെന്നാണു എനിക്കു പറയുവാനുള്ളതു്. മന്ത്രിസഭ അവിടേയ്ക്കു് അനുവദിക്കുന്നതായ കാര്യങ്ങൾ ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞു് മന്ത്രിസഭയുടെ കീഴിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ നീട്ടിക്കൊണ്ടുപോകുകയാണു ചെയ്യുന്നതു്. പട്ടണംകാൽ ഇറിഗേഷൻ വർക്സ് മുതലായതു ഗവണ്മെൻറ ചെയ്യണമെന്നു തീരുമാനിച്ചു. എന്നാൽ, അതിനു നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ പല തടസ്സങ്ങളും പറഞ്ഞു് അതു നീട്ടിക്കൊണ്ടുപോകുകയാണു ചെയ്യുന്നതു്. ആദ്യത്തെ ഇൻവെസ്റ്റിഗേഷനു ഒരുകൊല്ലം, അതു കഴിയുമ്പോൾ ഡീറെറയിൽസ് ഇൻവെസ്റ്റിഗേഷനു രണ്ടുകൊല്ലം, പിന്നീടു് എസ്റ്റിമേററുണ്ടാക്കുന്നതിനു ഒരു കൊല്ലം, അതു കഴിഞ്ഞു് കറക്ററഡ് എസ്റ്റിമേററുണ്ടാക്കുന്നതിനു രണ്ടുകൊല്ലം ഇങ്ങനെ പറഞ്ഞു് നാളുകൾ നീട്ടിക്കൊണ്ടുപോകയാണു് അവരുടെ നയം. വിളത്തല ഇറിഗേഷൻ ജോലിക്കു് ഒന്നരലക്ഷംരൂപ ഗവണ്മെൻറു് ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ആ ജോലി ഈക്കൊല്ലംതന്നെ ഗവണ്മെൻറ ചെയ്തുതീർക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ പാലങ്ങൾ, റോഡുകൾ ഇവ ഉണ്ടാക്കുന്ന കാര്യത്തിലും ഗവണ്മെൻറു് വേണ്ടിടത്തോളം ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

നിർബന്ധവിദ്യാഭ്യാസം തെക്കൻതിരുവിതാംകൂറിലാണു ആദ്യമായി നടപ്പിലാക്കിയതു്. അവിടെ പ്രൈമറിസ്കൂളുകൾ നടത്തുന്ന കെട്ടിടങ്ങൾ എല്ലാം ഇടിഞ്ഞു പൊളിഞ്ഞുവീഴുന്ന വിധത്തിലാണു ഇരിക്കുന്നതു്. കെട്ടിടനിർമ്മാണത്തിനു് ൨൨ ലക്ഷം രൂപ ഗവണ്മെൻറ കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ, തെക്കൻതിരുവിതാംകൂറിലേയ്ക്കു് ഇരുപതിനായിരത്തിൽ ചില്വാനം രൂപ മാത്രമാണു നീക്കിവച്ചിട്ടുള്ളതു്. തെക്കൻതിരുവിതാംകൂറിലുള്ള പ്രൈമറിസ്കൂൾ കെട്ടിടങ്ങളെല്ലാം മാററികെട്ടേണ്ട സ്ഥിതിയിലാണു ഇരിക്കുന്നതു്. തിരുവിതാംകൂർ-കൊച്ചിയിൽ ഒരുസ്ഥലത്തും ഇങ്ങനെയുള്ള ഒരു അവസ്ഥ കാണുകയില്ല.

അതുപോലെ പാലങ്ങൾ പണിയുന്നതിനു് ൫൦ ലക്ഷത്തിൽ ചില്വാനം രൂപയാണു് രാജ്യത്തൊട്ടാകെ ചെലവുചെയ്യുന്നതിനു നീക്കിവച്ചിരിക്കുന്നതു്. എന്നാൽ, തെക്കൻതിരുവിതാംകൂറിൽ ൨൬,൦൦൦

[ശ്രീ. എ. കുഞ്ഞൻ നാടാർ.]

രൂപ മാത്രമാണു് ചെലവു ചെയ്യുന്നതു്. പാലങ്ങളുടെ അഭാവംമൂലം തെക്കൻതിരുവിതാംകൂറിൽ ഗതാഗതത്തിനു് വളരെ ബുദ്ധിമുട്ടുണ്ടു്. തെക്കൻതിരുവിതാംകൂറിൽനിന്നു് തിരുവനന്തപുരത്തേയ്ക്കു് വരണമെന്നുണ്ടെങ്കിൽ ഒന്നുരണ്ടു പാലങ്ങൾ കടക്കേണ്ട ആവശ്യമുണ്ടു്. കാളവണ്ടിയായാലും ലോറി ആയാലും എന്നുവേണ്ട എല്ലാ ട്രാഫിക്കുകളും ഒന്നുരണ്ടു പാലങ്ങളിൽക്കൂടിവേണം കടന്നുവരാൻ. കരമനപാലം, നെയ്യാററിൻകര പാലം ഇവ കടന്നിട്ടുവേണം തെക്കൻതിരുവിതാംകൂറിൽനിന്നു തിരുവനന്തപുരം ടൗണിലേയ്ക്കു് വരാൻ. ഈ പാലങ്ങളിൽ ഹെവി ട്രാഫിക്കാണുള്ളതു്. പൂവാർ എന്ന സ്ഥലത്തു ഒരു പാലം വേണമെന്നു് ജനങ്ങൾ ആവശ്യപ്പെട്ടുതുടങ്ങിയിട്ടു് വളരെക്കാലമായി. ഒന്നൊന്നരലക്ഷം രൂപയുണ്ടെങ്കിൽ ആ പാലം തീർക്കാവുന്നതാണു്. ഈ പാലം പണിതുകഴിഞ്ഞാൽ തെക്കൻതിരുവിതാംകൂറിൽനിന്നു പൂവാർവഴി തിരുവനന്തപുരത്തേയ്ക്കുവരാം. നാഷണൽ ഹൈവേയ്ക്കു കേന്ദ്രഗവണ്മെൻറാണു് പണം ചെലവാക്കുന്നതു്. രണ്ടായിരത്തിഅഞ്ഞൂറോ, മൂവായിരമോ് രൂപ ഒരു മൈൽ റോഡിനു് കേന്ദ്രഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്. എന്നാൽ, തിരുവനന്തപുരത്തുനിന്നു് തെക്കോട്ടുള്ള റോഡിനു് ൫൦൦ രൂപ മാത്രമേ മൈലിനു് ഈ ഗവണ്മെൻറു് നൽകുന്നുള്ളു.

ഇനി എനിക്കു പറയുവാനുള്ളതു് നെയ്യാർ ഡാമിനെപ്പററിയാണു്. ഇതിനെക്കാൾ പ്രയോജനമുള്ളതാണു ലഫ്ററബാങ്കു് ചാനൽ. അതുപോലെതന്നെ പട്ടണംകാൽ, വിളവങ്കോട ചാനൽ ഇവയുടെ വർക്കുകളും തുടങ്ങാതാണിരിക്കുന്നതു്. ചീഫ് എൻജിനീയർ ഈ വർക്കിനു എതിരായിരുന്നു. ഈ സംഗതിയിൽ അനുഭാവപൂർവ്വമായ ഒരു മനോഭാവം ഉദ്യോഗസ്ഥന്മാർ കാണിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു അവസ്ഥ വരികയില്ലായിരുന്നു. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരുടെ മാസ്തടസ്സംമാററി ഗവണ്മെൻറു് നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഞങ്ങൾക്കു് കിട്ടുവാൻ സൗകര്യമുണ്ടാക്കണം. ലഫ്ററ്ബാങ്കു് ചാനൽവർക്കു് തീർക്കുകയാണെങ്കിൽ പതിനായിരം ഏക്കർ സ്ഥലം നല്ല കൃഷിസ്ഥലമായി മാറുവാൻ സാധിക്കും. അതിനുള്ള എസ്റ്റിമേററു് ഇതിൽ കാണുന്നില്ല. അതുകൊണ്ടു് ഈ വക കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി അവർകൾ കുറേക്കൂടി ശ്രദ്ധപതിപ്പിക്കണമെന്ന അപേക്ഷ മാത്രമേ എനിക്കുള്ളു.

ശ്രീ. എ. എൽ. ജേക്കബ്: സർ, അടിയന്തിരമായ ചിലകാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു് ഞാൻ വിചാരിക്കുന്നതു്. പള്ളിത്തോട്ടുമുതൽ മനക്കോടശേരിവരെ നീണ്ടു കിടക്കുന്ന തീരപ്രദേശങ്ങൾ തുടർച്ചയായി കടലാക്രമണത്തിൽപെട്ടു് നശിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവണ്മെൻറിനു് നേരിട്ടറിയാവുന്ന ഒരു സംഗതിയാണു്. അനേകായിരം ഏക്കർ കൃഷിസ്ഥലങ്ങളേയും ജനങ്ങളേയും സംരക്ഷിക്കുന്നതിനു് വേണ്ട കടലാക്രമണനിരോധനടപടികൾ നമ്മുടെ ഗവണ്മെൻറ എടുക്കേണ്ടതായിരുന്നു. ഈ പ്രശ്നത്തിന്റെ പ്രാധാന്യവും ഗൗരവവും ബഹുമാനപ്പെട്ട മരാമത്തുമന്ത്രിക്കുതന്നെ നേരിട്ടു് അറിയാവുന്നതാണു്. അതനുസരിച്ചു് കടലാക്രമണത്തെ തടുക്കുന്നതിനായി കരിങ്കൽചിറ നിർമ്മിക്കുവാൻ വേണ്ടി ഒരു സപ്ലിമെൻററി ഗ്രാൻറ നിയമസഭയിൽ കൊണ്ടുവരാമെന്നു് അവിടത്തെ ജനങ്ങൾക്കു് മന്ത്രി ഉറപ്പു

നൽകിയിരുന്നതാണ്. എന്നാൽ അവിടത്തെ ജനങ്ങളുടെ നിർഭാഗ്യം കൊണ്ട് അതിലും ഗൗരവമേറിയ കാര്യങ്ങളിൽ നമ്മുടെ മന്ത്രിമാർ വ്യാപൃതരായിരുന്നതിനാൽ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരുന്നതിനോ അവിടെ കരിങ്കൽചിറ നിർമ്മിക്കുവാനുള്ള നടപടികൾ എടുക്കുന്നതിനോ സാധിച്ചില്ല. രാജ്യത്തിന്റെ ചില ഭാഗങ്ങൾ കടലെടുത്തുപോയാൽത്തന്നെ അതേപ്പററി ഗൗനിക്കുവാൻ ആരും ഇല്ല എന്നുള്ള നിസ്സഹായതയിലാണ് ജനങ്ങൾ അവിടെ കഴിഞ്ഞുകൂടുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ടമന്ത്രി ചെയ്ത വാഗ്ദാനവും കടലാക്രമണത്തിൽപ്പെട്ടുപോയി എന്നു ജനങ്ങൾ പറയാതിരിക്കുവാൻ കടലാക്രമണനിവാരണനടപടികൾ എടുക്കണമെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു.

എറണാകുളം രാജേന്ദ്രമൈതാനംമുതൽ പെരുമാനൂർ റയിൽവേ പാലംവരെ കായൽനികത്തി എടുത്ത കുറെ സ്ഥലം ഉണ്ട്. മുൻ കൊച്ചി ഗവണ്മെന്റ് ഏകദേശം ൨൨ ലക്ഷം രൂപ ചെലവുചെയ്താണ് ആ ഭൂമി കായൽനികത്തി എടുത്തത്. ഈ സ്ഥലത്തുകൂടി ഒരു റോഡ് ഉണ്ടാക്കുന്നതിനും ബാക്കിയുള്ള സ്ഥലം കെട്ടിടനിർമ്മാണത്തിന് ലേലം വിളിച്ചു കൊടുക്കുന്നതിനും ആയിരുന്നു ഗവണ്മെന്റിന്റെ ഉദ്ദേശം. അതിൽ നിന്ന് ഗണ്യമായ ഒരു ആദായവും ഗവണ്മെന്റ് പ്രതീക്ഷിച്ചിരുന്നു. നാലഞ്ചുകൊല്ലമായി ഈ സ്ഥലം നിരുപയോഗമായി കിടക്കുകയാണ്. അതുകൊണ്ട് ഉടനടി ഈ റോഡിന്റെ കാര്യത്തിൽ ഗവണ്മെന്റ് ശ്രദ്ധ പതിപ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വൈപ്പിൻ റോഡിനെപ്പററിയാണ് ഇനി എനിക്ക് രണ്ടുവാക്കു പറയുവാനുള്ളത്. ആ റോഡ് യാതൊരു സംരക്ഷണയുമില്ലാതെ കിടക്കുകയാണ്. ചില സ്ഥലങ്ങളിൽ റോഡ് തോടായിട്ടുകൂടിയാണ് കിടക്കുന്നത്. അവിടെ ഒരു ബസ്സ് സർവ്വീസ് ഉണ്ട്. അവിടെ റോഡ് മോശമായി കിടക്കുന്നതുകൊണ്ട് ബസ്സ് ഓടിക്കുവാൻതന്നെ നിവൃത്തിയില്ലാതെ അവർ കഷ്ടപ്പെടുകയാണ്. ഈ റോഡ് ഉടനടി നന്നാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

വൈപ്പിൻ കരയിലുള്ള ജനങ്ങൾ ആവശ്യത്തിനുള്ള ശുദ്ധജലം കിട്ടാതെ കഷ്ടപ്പെടുകയാണ്. ഇപ്പോൾ കുറച്ച് ആലുവാവെള്ളം അവർക്ക് സപ്ലൈ ചെയ്യുന്നുണ്ട്. നായരമ്പലത്ത് ഒരു കുഴൽക്കിണർ ഉണ്ടാക്കി നല്ലവെള്ളം വിതരണം ചെയ്യുന്നതിനുള്ള ഒരു പ്രവൃത്തി ആരംഭിച്ചിരുന്നു. ആ പ്രവൃത്തി ഇപ്പോൾ നിറുത്തിയപോലെയാണ് കാണുന്നത്. ഒരു ഉദ്യോഗസ്ഥന് ശമ്പളം കൊടുക്കുന്നതു മാത്രമാണ് ഇന്ന് അവിടെയുള്ളത്. ഒന്നുകിൽ അവിടെ കിണർ കുഴിച്ചുനോക്കണം. അല്ലെങ്കിൽ അത് വേണ്ടെന്നു വയ്ക്കണം. ആലുവായിൽനിന്നു പറവൂർ വഴി ശുദ്ധജലം അവിടെ വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി ഉണ്ടായിരുന്നു. അതിനുവേണ്ടി അന്വേഷണവും നടത്തിയതാണ്. സംയോജനത്തിനു ശേഷം അത് വേഗം നടക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അതിനെപ്പററി ഇപ്പോൾ ഒന്നും കേൾക്കുവാനില്ല. അതുകൊണ്ട് തീരപ്രദേശത്ത് ശുദ്ധജലം കൊടുക്കുവാനുള്ള നടപടികൾ ഗവണ്മെന്റ് ഉടനെ എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വാസുദേവൻപിള്ള: സർ, കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മരാമത്തു മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ പ്രധാനപ്പെട്ട മൂന്നു റോഡുകളെപ്പററി പറയുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒരു റോഡാണ് ഈസ്റ്റേൺഹൈവെ. ഈ റോഡ് തിരുവനന്തപുരത്തുനിന്നു തെന്മല, പുനലൂർ, പത്തനംതിട്ട, റാന്നി, മുണ്ടക്കയം, മുതലായ സ്ഥലങ്ങളിൽക്കൂടി ദേവികുളംവരെ പോകുമെന്നാണ് അദ്ദേഹം ആ പ്രസംഗത്തിൽ പറഞ്ഞിരുന്നതു്. ഈ റോഡ് മററു രണ്ടു പ്രധാനപ്പെട്ട റോഡുകഠം പോലെ പ്രധാനപ്പെട്ട ഒരു റോഡാണ്. കഴിഞ്ഞകാലങ്ങളിൽ ഈ റോഡ് വേണ്ടതുപോലെ സംരക്ഷിച്ചിരുന്നു. പത്തനംതിട്ടമുതൽ റാന്നിവരെയുള്ള റോഡും ശരിക്ക് സൂക്ഷിച്ചിരുന്നു. എന്നാൽ ഇപ്പോഠം ഹൈവേ ആരംഭിക്കാനുദ്ദേശിച്ചതോടുകൂടി ഈ റോഡ് പണ്ടുണ്ടായിരുന്നതിൽ നിന്നും വളരെ അധഃപതിച്ചുപോയിട്ടുണ്ട്. ഈ റോഡു മററ് ഹൈവേ പോലെതന്നെ വളരെ പ്രാധാന്യം ഉള്ളതാണ്. ഈ റോഡ് ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ തോട്ടങ്ങളിൽനിന്നും മലംപ്രദേശങ്ങളിൽനിന്നും ഉല്പന്നങ്ങഠം സംഭരിച്ച് പട്ടണങ്ങളിലും തുറമുഖങ്ങളിലും എത്തിക്കുവാൻ സാധിക്കയുള്ളു. ഈ റോഡ് വളരെ പ്രാധാന്യമുള്ളതാണെങ്കിലും രണ്ടു മൂന്നു പ്രധാന വിഷമങ്ങഠം ഇന്നു ഗവണ്മെൻറിനുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. അതായതു് മൂന്നു പാലങ്ങഠം ഈ റോഡിൽ തീർക്കേണ്ടതുണ്ട്. അതിനു് വളരെ അധികം സംഖ്യ ചെലവാകും എന്നുള്ളതുകൊണ്ടായിരിക്കാം ഗവണ്മെൻറ് അതിനുവേണ്ടി പരിശ്രമിക്കാതിരിക്കുന്നതു്. എന്നാൽ ഈ റോഡിൻെറ പ്രാധാന്യം പരിഗണിച്ച് ഈ മൂന്നു പാലങ്ങളുടെയും പണി തീർക്കേണ്ടതാണ്. അതിൽ ഏററവും പ്രധാനപ്പെട്ട പാലമാണ് കുമ്പഴ പാലം. പത്തിരുപതു കൊല്ലംമുമ്പ് ഈ സംസ്ഥാനത്തിൽ ഏററവും കൂടുതൽ വണ്ടികഠം, ലോറികഠം കുമ്പഴ കടവിൽക്കൂടി പോയിരുന്നതായി ഗവണ്മെൻറിനു് അറിയാവുന്നതാണ്. ആ കടവിൽ ഒരു പാലം പണിയുന്നതിനു് ആ നാട്ടിനെ അന്നു പ്രതിനിധീകരിച്ചിരുന്ന ആഠം അന്നത്തെ സഭയിൽ അഭിപ്രായപ്പെടുകയും അതിനു പരിഗണന കൊടുക്കാമെന്നു് ഗവണ്മെൻറ മറുപടി പറകയും ഉണ്ടായിട്ടുണ്ട്.

അതിനു ഒരു ഇൻവെസ്റ്റിഗേഷൻ പത്തിരുപതുവർഷംമുമ്പു നടത്തിയിട്ടുണ്ടായിരുന്നു. അതിലേയ്ക്കു ഒരു പദ്ധതി ഗവണ്മെൻറ് ഉണ്ടാക്കിയിട്ടുണ്ടോയെന്നു സംശയമാണ്. അതുപോലെതന്നെ വളരെ പ്രാധാന്യമുള്ളതാണു റാന്നിക്കടവ്. അവിടെ വളരെ അധികം ആളുകഠം ദിവസം പ്രതി നദി കടക്കുന്നുണ്ട്. ആ ആററിൻെറ ഇരുകരകളിലുമായി മൂന്നു ചന്തകഠം നടക്കാറുണ്ട്. അങ്ങനെ വളരെ പ്രാധാന്യമുള്ള ഒരുസ്ഥലമാണതു്. ആളുകഠം ഇപ്പോഠം വള്ളത്തിലാണു അക്കരെ ഇക്കരെ കടക്കുന്നതു്. ഒരു പത്തൻപതു വള്ളം ആളുകളെ അക്കരെ ഇക്കരെ കടത്തിയാൽ മാത്രമെ അവിടത്തെ കടത്തു ശരിയായി നടക്കുകയുള്ളു. ഗവണ്മെൻറിൽ നിന്നും ഇപ്പോഠം കൊടുത്തിരിക്കുന്നതു നാലു വള്ളങ്ങളാണ്. അതുകൊണ്ടു് അവിടത്തെ ആവശ്യം നിർവഹിച്ചു പോകുന്നതിനു വളരെ വിഷമം നേരിടുന്നുണ്ട്. ഇതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു

പാലമാണ് മണിമലപാലം. ഈ മൂന്നു പാലങ്ങളും പണിഞ്ഞാൽ ആ റോഡു വളരെ പ്രാധാന്യമുള്ള ഒരു റോഡായിത്തീരുകയും, മലംചരക്കുകൾ ട്രാൻസ്പോർട്ടുചെയ്യുന്നതിനു വളരെ സൗകര്യം കിട്ടുകയും ചെയ്യും.

അടുത്തതായി റോഡുകൾ സ്പെഷ്യൽ സർഫസിംഗ് നടത്തുന്ന കാര്യത്തെപ്പററിയാണ് എനിക്കു പറയാനുള്ളത്. ആ കാര്യത്തിൽ പത്തനംതിട്ടതാലൂക്കിനെ തീരെ അവഗണിച്ചിരിക്കുകയാണ്. പ്രധാനമായി അവിടെ നാലു ടൗണുകളുണ്ട്. ആ ടൗണുകളിലുള്ള റോഡുകൾപോലും സ്പെഷ്യൽ സർഫസ് ചെയ്യുന്നതിനു ഗവൺമെൻറ ഒരുങ്ങിയിട്ടില്ല. പത്തനംതിട്ട ടൗണിലും, കോന്നിയിലും, റാന്നിയിലും, കോഴഞ്ചേരിയിലുമുള്ള റോഡുകൾ ടാർ ഇടേണ്ടതു വളരെയാവശ്യമാണ്. അതുപോലെതന്നെ കോഴഞ്ചേരി-ആറന്മുള റോഡും ടാർ ഇടേണ്ടതാണ്. ആ റോഡിന്റെ ഇരുവശങ്ങളിലും ജനങ്ങൾ തിങ്ങിപാർക്കുന്നുണ്ട്. ഇപ്പോൾ പൊടിയുടെശല്യം അവിടെ വളരെയുണ്ട്. അതുകൊണ്ടു ആ റോഡു സ്പെഷ്യൽ സർഫസ് നടത്തി ആ ഭാഗങ്ങളിൽ തിങ്ങിതാമസിക്കുന്ന ആളുകളെ രക്ഷിക്കേണ്ടതു ഗവൺമെൻറിന്റെ കടമയാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഇനി ഒരു കാര്യം എനിക്കു പറയാനുള്ളതു വില്ലേജുറോഡുകളെപ്പററിയാണ്. വില്ലേജുറോഡുകളുടെ കാര്യത്തിൽ ഗവൺമെൻറ് രാജ്യത്താകമാനംതന്നെ ഒരലസത കാണിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പ്രധാന ടൗണുകളിലെ റോഡുകൾമാത്രം നന്നാക്കുന്നതിനുവേണ്ടിയാണ് ഗവൺമെൻറ് പണം ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളത്. എന്നാൽ കൃഷിക്കാർക്കു വളരെയധികം പ്രയോജനം നൽകുന്ന വില്ലേജുറോഡുകളെപ്പററി ഗവൺമെൻറ് കുറെക്കൂടി പരിഗണന നൽകേണ്ടതു ആവശ്യമാണെന്നാണ് ഞാൻ പറയുന്നത്. ഈ കാര്യത്തിലും ഗവൺമെൻറ് പത്തനംതിട്ട താലൂക്കിന് ഒരു പ്രാധാന്യവും കല്പിച്ചിട്ടില്ല. ആ താലൂക്കിൽനിന്നും കിട്ടുന്ന റവന്യൂ നോക്കുകയാണെങ്കിൽ മററു താലൂക്കുകളെ അപേക്ഷിച്ചു ആ താലൂക്കു മുന്നണിയിലാണ് നിൽക്കുന്നതെന്നു കാണാൻ കഴിയും. ആ നിലക്കു അവിടെനിന്നും കിട്ടുന്ന റവന്യൂവിൽ അവിടെയുള്ള വില്ലേജുറോഡുകൾ നന്നാക്കുന്നതിലേക്കു ഉപയോഗിക്കേണ്ടതാണ്. അവിടെ ൭൫ വർഷത്തോളം പഴക്കമുള്ള കയ്യൂട്ടരിൽനിന്നു കോന്നിയിൽ ചെന്നവസാനിക്കുന്ന ഒരു റോഡുണ്ട്. ആ റോഡിനെസംബന്ധിച്ചു ഈ സഭയിൽ പല പരാമർശങ്ങളും ഉണ്ടായിട്ടുള്ളതാണ്. ആ താലൂക്കിനെ പ്രതിനിധീകരിച്ചുകൊണ്ടു എനിക്കു മുമ്പു ഇവിടെ വന്നിരുന്ന മെംബറന്മാർ പലരും ആ റോഡിനെപ്പററി ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. എന്നിട്ടും ഇതുവരെയും ആ റോഡു ശരിയായ ഒരു റോഡാക്കിത്തീർക്കാനുള്ള നടപടികളൊന്നും ഗവൺമെൻറ് കൈക്കൊണ്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇനിയെങ്കിലും അതിനുവേണ്ട നടപടികൾ ഗവൺമെൻറ് എടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ റോഡു ഈ വർഷം ഗവൺമെൻറ് നന്നാക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ആ നാട്ടിലെ ആളുകൾ ഏകദേശം അൻപതിനായിരം രൂപയോളം ചെലവാക്കി ആ റോഡിന്റെ പുത്തുവക്ക് നടത്തിയിട്ടുണ്ട്. ആ റോഡിൽ രണ്ടുമൂന്നു കലുങ്കുകൾമാത്രം കെട്ടിയാൽ സാധാരണ ബസ്സുകൾ ഓടുന്ന ഒരു

[ശ്രീ. വാസുദേവൻ പിള്ള.]

റോഡായിത്തീരുന്നതാണു്. ഒരു ഇരുപതിനായിരം രൂപയിൽ കൂടുതൽ അതിനു് ചെലവു വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. അതു് ശരിയാക്കികൊടുക്കുന്നതിനുപോലും ഗവണ്മെൻറു് ഇതുവരെ പരിശ്രമിച്ചിട്ടില്ലെന്നു് കാണുന്നതിൽ വ്യസനിക്കുന്നു. ഇതുപോലെതന്നെ രണ്ടുമൂന്നു പ്രധാനപ്പെട്ട വില്ലേജുറോഡുകൾ എൻെറ നിയോജകമണ്ഡലത്തിലുണ്ടു്. കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലത്തെ നാട്ടുകാരുടെ പരിശ്രമംകൊണ്ടു ആ റോഡുകൾ എർത്തുവർക്ക് ചെയ്തു നന്നാക്കി ഇട്ടിരിക്കുകയാണു്. കഴിഞ്ഞ വർഷം കുമ്പഴ–കോന്നി റോഡു (via വെട്ടൂർ) നന്നാക്കുന്നതിനു ടെൻഡർ വിളിച്ചിരുന്നു. ഒരു എഴുപതിനായിരം രൂപ ചെലവാക്കിയാൽ റോഡു ശരിയാകും. ടെൻഡർ വന്നപ്പോൾ തുക കൂടിപോയെന്നു പറഞ്ഞു അതു സാംഗ്ഷൻ ചെയ്യാതിരിക്കയാണു ചെയ്തതു്. എസ്റ്റിമേററ വെട്ടികുറച്ചിട്ടു ഇപ്പോൾ റീടെൻഡറിനു അയച്ചിരിക്കുകയാണു്. കോന്നിയിൽനിന്നും അമ്മൻകോവിലിലേയ്ക്കു ഒരു റോഡുവെട്ടാൻ ഗവണ്മെൻറ പണം മുടക്കിയിട്ടുണ്ടു്. ൩൦ മൈൽ നീളമുള്ളതിൽ ൨൦ മൈൽ വെട്ടിതീർത്തിരിക്കുകയാണു്. ബാക്കിയുള്ള ൧൦ മൈലാണു ജോലിതുടങ്ങാതെ ഇട്ടിരിക്കുന്നതു്. വമ്പിച്ച ഒരുതുക മുടക്കിയിട്ടും ബാക്കിയുള്ള ആ പത്തുമൈൽകൂടി തീർത്തു ആ റോഡിൻെറ സൗകര്യം നാട്ടുകാർക്കു നൽകുന്നതിനു ഗവണ്മെൻറ ഇതുവരെ ശ്രമിച്ചിട്ടില്ല. ബഡ്ജററിൽ സാധാരണ റോഡുകൾ നന്നാക്കുന്നതിനും പാലങ്ങൾ ഉണ്ടാക്കുന്നതിനു മെല്ലാം തുകകൾ നീക്കിവയ്ക്കാറുണ്ടു്. എന്നാൽ കൃത്യമായി ജോലി നിർവഹിക്കുന്നതിനു നിർബന്ധം കാണിക്കാതിരിക്കുന്നതുകൊണ്ടു പല ജോലികളും ചെയ്യാതെ ആണ്ടുതോറും തുക ലാപ്സായിപോകുന്നുണ്ടു്. പത്തനംതിട്ട താലൂക്കിനെസംബന്ധിച്ചിടത്തോളവും പല തുകകളും ലാപ്സായിട്ടുണ്ടു്. ബഡ്ജററിൽ ഒരുവർഷം ഒരുജോലിക്കു തുക കൊള്ളിച്ചാൽ ആവർഷം ആ ജോലി നടത്തുന്നതിനു ഗവണ്മെൻറിൻെറ സർവകഴിവുകളും ഉപയോഗിക്കേണ്ടതാണു്. കഴിഞ്ഞകൊല്ലം ചെയ്യാൻ സാധിക്കാതെപോയ ജോലികൾക്കു അടുത്തകൊല്ലം തുക കൊള്ളിച്ചു കാണുന്നില്ല. റോഡിൻെറ മെയിൻറനൻസും കാര്യമായി ഇപ്പോൾ നടത്തുന്നില്ല. റോഡുകളുടെ ഇരുവശവും ഓടകൾപോലും വെട്ടാതിരിക്കുന്നതുകൊണ്ടു കാലക്രമത്തിൽ റോഡുകൾ ചീത്തയായിപ്പോകുകയാണു ചെയ്യുന്നതു്. വർഷമുണ്ടാകുന്ന അവസരത്തിൽ ഓട ശരിയായി ഇല്ലാത്തതുകൊണ്ടാണു് ഈ അപകടം റോഡുകൾക്കു സംഭവിക്കുന്നതു്.

എൻെറ നിയോജകമണ്ഡലത്തെപ്പററി പറയുമ്പോൾ എൻെറ അടുത്ത നിയോജകമണ്ഡലത്തെപ്പററി കൂടി പറയേണ്ട ഒരു കടമ എനിക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നു. റാന്നിയെ സംബന്ധിച്ചാണെങ്കിൽ അവിടെയുള്ള യാതൊരു വില്ലേജുറോഡുകളും വേണ്ടപോലെ സൂക്ഷിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതിനുവേണ്ടി തുക നീക്കിവച്ചിട്ടുമില്ല.

ശ്രീ. പ്രാക്കുളം ഭാസി: റാന്നിയിൽ ചങ്ങാടം ഇടുന്നതിനു ബഡ്ജററിൽ രൂപകൊള്ളിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. വാസുദേവൻ പിള്ള: അവിടെ ചങ്ങാടം വളരെക്കാലം മുമ്പേതന്നെയുണ്ട്. അവിടെയുള്ള വില്ലേജുറോഡുകൾ ശരിയാക്കുന്നതിനു ബഡ്ജററിൽ തുക നീക്കിവച്ചിട്ടില്ലെന്നാണു ഞാൻ പറയുന്നത്. അതിനെപ്പററി സംസാരിക്കാൻ ഒരുപക്ഷെ, അവിടത്തെ മെമ്പർ മന്ത്രിയായിരിക്കുന്നതുകൊണ്ടു സാദ്ധ്യമല്ലെന്നു വരാം. എന്നിരുന്നാലും അക്കാര്യത്തിൽ ഗവണ്മെൻറു വേണ്ട പരിഗണന നൽകേണ്ടതാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കുമ്പഴപാലം പണിസംബന്ധിച്ചു മുമ്പു ഗവണ്മെൻറിൽനിന്നും ചില പ്രാരംഭനടപടികൾ എടുത്തിട്ടുള്ളതായി ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. വാസുദേവൻ പിള്ള: ഇരുപതുവർഷംമുമ്പു അതിനെപ്പററി ഒരു പരിശോധന നടത്തിയിട്ടുണ്ടെന്നുള്ളതിൽ കവിഞ്ഞു എനിക്കു യാതൊരറിവുമില്ല. കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ബഹുമാനപ്പെട്ട വർക്സ്മന്ത്രി കുമ്പഴപാലം അടുത്തഭാവിയിൽ പണിയുന്ന പാലങ്ങളിൽ ആദ്യത്തേതാണെന്നു പ്രസ്താവിച്ചിട്ടുള്ളതായി എനിക്കറിയാം. ഈ വക കാര്യങ്ങളിലൊക്കെ ഗവണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ തൽക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

ஸ்ரீ: எஸ். ஜி. தேவியப்பன்: ஸர், ஸிவில் ஒர்க்ஸ் நடத்தும் பி: டப்ளியூ. டிப்பார்ட்மென்றைப்பற்றி சில வார்த்தைகள் பேச விரும்புகிறேன். இங்கு பேசிய அங்கத்தினர்கள் தங்கள் தங்கள் தொகுதிக்கு அவசியப்பட்ட ஸிவில் ஒர்க்குகளைப்பற்றிப் பேசினார்கள். ஸர், எனது தொகுதி தேவிகுளம்-பீருமேடு. இங்குதான் இந்த டிப்பார்ட்மென்று அதிக கவனம் செலுத்தி, பொதுஜனசௌகரியங்களுக்கு வேண்டுவன செய்து கொடுக்கவேண்டும். ஏனென்றால் அது ஒரு மலம் பிரதேசம்; அங்கு வாழும் மக்களில் பெரும் பாலோரும் தோட்டத் தொழிலாளிகள். முதலாவது பொதுமராமத்தை எடுத்துக்கொண்டால் தேவிகுளம்-பீருமேடு தாலூகாவிலுள்ள அநேகம் ரோடுகளையும் உடனடி செப்பனிடவேண்டும். மாத்திரமல்ல இம் முக்கிய மான ரோடுகளில் டாரிடவோ, அல்லது அவைகளை சிம்மண்டு ரோடுகளாக்க வேண்டும். மழை காலங்களில் இந்த ரோடுகள் ரெம்ப மோசமாயிருக்கின்றன. ஜனங்கள் நடப்பதற்கும், பஸ் முதலிய வாகனங்கள் போவதற்கும் கஷ்டம். ரோடுகளில் குழிகளும், ஏற்ற இறக்கங்களும், சிலயிடங்களில் நொடிகளுமிருப்பதால் பஸ்களின் பைசாக்கள் வழுக்கி, குடை சாய்ந்து, உயிர்ச் சேதமும், கீழே விழுந்து அடிப்பட்டவர்களை ஆஸ்பத்திரிக்குக் கொண்டுபோவதுமாக யிருக்கிறது. இன்னும் சில இடங்களில், பாம்பனார், வண்டிப்பெரியாறு முதலிய இடங்களில் மக்களுக்குக் குடி தண்ணீர் கிடைப்பதில்லை. அதற்காக அவர்கள் ஒரு மைல் தூரத்திலிருந்து தண்ணீர் கொண்டுவரவேண்டியதாயிருக்கிறது. இங்கு பாதைகளுமில்லை, இருக்கக் கூடிய பாதைகளும் ரொம்ப கேவலமாயிருக்கின்றன. அதனால் இம்மாதிரியான ரோடுகளை சீர்படுத்தவும், குடி தண்ணீர் கொண்டுவருவதற்கு சரியான ரோடுகள் வெட்டியும் தரவேண்டும். அடுத்தபடியாக பீருமேடு, பாம்பநாடு, வண்டிப்பெரியார், ஏலப்பாறை முதலிய இடங்களில் பஸ்களில் செல்ல வரும் பிரயாணிகள் தங்குவதற்கு பஸ் ஸ்டாண்டுகளில்லை. ஜனங்கள் தங்கள் குழந்தைகளுடன் வெகுநேரம் காத்து நிற்கவேண்டியிருக்கிறது. சில சமயங்களில் மழையும் வந்துவிடும். ஒதுங்குவதற்கு இடமில்லை. அதனால் இவ்விடங்களில் பஸ் பிரயாணிகள் தங்க பஸ் ஸ்டாண்டுகள் அமைத்துத்தர கேட்டுக் கொள்கிறேன். இன்னும் தேவிகுளம் தாலூகாவில் கிருஷிக்கு வேண்டியதைச் சொல்லவேண்டியிருக்கிறது. ரெவன்யூ மந்திரி அவர்கள் அங்கு வந்திருந்தார்கள். அவர்கள் அங்குள்ள தாசில்தார், இஞ்சினியருடன் ஜனங்களின் குறைகளை விஜாரித்தபோது, அங்குள்ள பொதுஜனங்கள் ஒன்றுசேர்ந்து மந்திரியிடம், கொஞ்ச காலத்திற்குமுன் அங்கு ஒரு அணைக்கட்டு இருந்ததாகவும், அதிலிருந்து இரண்டாயிரத்து

[ஸ்ரீ. எஸ். ஜி. தேவியப்பன்[

சொச்சம் ஏக்கர் கிருஷி செய்யப்பட்டு வந்ததாகவும்; அந்த அணையில் தற்போது பல பகுதிகளில் உடைப்புகள் ஏற்பட்டும், தண்ணீர் தங்காமலும், இதனால் கிருஷிக்கு பங்கம் ஏற்பட்டிருப்பதாகவும், அதை சீர்படுத்தித் தரவும், அங்குள்ள சானல்களை சீர்படுத்தித் தரவும் கேட்டுக் கொண்டார்கள். இதற்கு மந்திரி அவர்கள் இதை பார்வையிட்டும், இதை கவர்ன்மென்றுக்குத் தெரியப்படுத்தி, வேண்டுவன செய்துகொடுப்பதாக வந்துவிட்டார்கள். ஸர், வட்டவடைப் பகுதியில் ரெவன்யூ மந்திரி சுற்றுப் பிரயாணம் செய்தபோது, அங்குள்ள பொதுமக்கள், தங்களுக்கு ஒரு அணைக்கட்டு கட்டித் தரவேண்டுமென்று மந்திரியிடம் கேட்டுக்கொண்டார்கள். அப்படித்தரா விட்டால் ஏகதேசம் 1500 ஏக்கர் நிலம் கிருஷி செய்யாமல் போய்விடும் என்றும் கூறினார்கள். மந்திரியும் வேண்டுவன செய்து தருவதாக வந்துவிட்டார்கள். இதுவரையில் ஒரு ஏற்பாடும் நடந்ததாகத் தெரியவில்லை. ஸர், ஸ்ரீ. கேசவன் அவர்கள் பிரதான மந்திரியாய் இருக்கும்போது அங்கு விஜயம் செய்திருந்தார். குமிளி—மூன்னார் ரோடு வெட்டிதிறப்பு விழாவும் நடந்தது சுமார் 1½ வருடமாகியும் இன்னாள்வரை பயன்படத் தகுந்த ரிப்போர்ட்டு பி. டப்ளியூ. டிப்பார்ட்டுமென்டிலிருந்து வரவில்லை என்று தெரியப்படுகிறது. ஆனால் இவ்வளவு காலதாமதமேன்? இதுமாதிரி அநேகம் ரோடுகள் செப்பனிட வேண்டியிருக்கிறது. பஸ்கள், ஜனங்கள் போக்குவரத்துக்கு ரொம்ப கஷ்டமாயிருக்கிறது. ஸர், பணமோ கவர்ன்மென்றிலிருந்து கொடுக்கப்படுகிறது. ஜனங்களும் வேலையில்லாமல் திண்டாடுகிறார்கள். ஏனோ இந்த வேலை இனியும் முடியவில்லை. இந்த ரோடுகளெல்லாம் பொது ஜன நன்மைக்காக என்பதை அரசாங்கம் உணரவேண்டும். ஸர், மறையூர்- காந்தலூர் ரோடுக்கு 75000 ரூபாய் போன பட்ஜெட்டில் அனுமதிக்கப்பட்டது. ஆனால் இதுவரையில் வேலை துடங்கவில்லை. இந்த வேலையை கூடிய சீக்கிரம் செய்துதரக் கேட்டுக் கொள்கிறேன்.

ஸர், அடுத்தபடியாக திருநெல்வேலி, மதுரை, ராமநாதபுரம் முதலிய ஜில்லாக்களிலுள்ள ஜனங்கள் பெரிவாரியாக தேவிகுளத்தில் தாமதிக்கிறார்கள். அவர்களின் போக்குவரவுக்குள்ள போடிமெட்டு ரோடு வெட்டித்தர வேண்டுமென்று பல கேள்விகளும், பல நேரடிப் பேச்சு வார்த்தைகள் நடத்தியும் இதுவரையில் யாதொன்றும், எந்தவிதமான முடிவும் தெரியப்படவில்லை. ஆகையால் மேற்கண்டவைகளை அரசாங்கம் உடனடி கவனித்து, செய்து கொடுக்கும்படி கேட்டுக்கொண்டு என் பேச்சை முடித்துக் கொள்கிறேன்.

Shri L. M. Pylee : Sir, I have tabled several cut motions relating to the Municipal town of Mattancherry. I wish to speak chiefly on one of them namely Motion No. 58, *i. e.* "to press upon the Government the urgent necessity to relieve immediately the distress caused by the acute scarcity of Alwaye water in the Municipal town of Mattancherry by immediately repairing the filter beds at Chowara Water Works and by installing booster pumps at Perumanoor pumping station and by laying a 12 inches main pipe line over the bridges linking Mattancherry with Ernakulam."

Sir, it is well-known that Mattancherry is commercially the most important town in our State. It is also the most thickly populated town in the State. Yet, it is here that the scarcity of fresh water is most acute. Possibly there are other places in our State, where also there is acute scarcity. But, I think, Sir, that there is no other place in the State where the scarcity is so great and the distress so acute as in Mattancherry. The inhabitants are

confronted with a serious situation. At this very moment when I am speaking here, there are hundreds and hundreds of women waiting with their vessels at the various water-taps in that place.

This acute need for fresh drinking water has been going on for several years now. The reason is this, namely, that the waterworks machinery at Chowara was installed several decades ago to supply Alwaye water to the population of the town of Ernakulam of those days. Since then the supply has been expanded. Water is now supplied to Willingdon Island, to Mattancherry, to Fort Cochin, which is outside our State, to littoral tracts like Chellanom, southern portions of Vypeen Island, etc. The present installation at Chowara is quite inadequate for the purpose. Unless this is suitably expanded and pipes of larger capacity are laid, the problem, Sir, cannot be solved.

In this matter, therefore, firstly measures for immediate relief of the distress have to be adopted and secondly permanent arrangements will have to be made to ensure a sufficient supply. If, monetary resources are lacking, the proper course would be to move the Central Government for a substantial contribution, in as much as a large part of the supply is being utilised for the needs of the naval base and other establishments in Willingdon Island.

I may mention, Sir, the precarious situation in which the people of Mattancherry now live. At present the water is conveyed to that town by means of a submerged pipe-line. It was laid a long time ago. Nobody knows in what condition that sub-merged pipe-line is now. The water works engineers are afraid to examine it, lest any investigation should cause a leakage of the pipe and lead to absolute break-down of the supply in Mattancherry. The right course, therefore, would be to lay a suitable pipe along the two bridges in Willingdon Island, connecting Ernakulam with Mattancherry.

Sir, there are two large hospitals in Mattancherry, one a Women's Hospital and the other a General Hospital. Last year, during this time, there was no water even to wash the patients after operations, after delivery cases etc. This reveals the extent of the scarcity. Government must, therefore, take urgent steps to remedy the situation.

There are also certain other matters which I wish to bring to the notice of the Government. Some years ago, Sir, the erstwhile Cochin Government launched a scheme for the improvement of Mattancherry town. The slums were to be cleared, new roads and canals were to be opened and various other amenities were to

[Shri L. M. Pylee.]

be provided. The scheme was even started to be implemented. But with the integration of Cochin with Travancore, the scheme was dropped, and nothing further has been done. Mattancherry is an eye-sore in the State. The conditions there are such that this town, through which so much of international trade flows, is a veritable disgrace to the State. It is a part of the port, commercially the most important part. Hence I would request the Government to revive and execute the old scheme. If funds are lacking, a loan may be floated for the purpose. It will not be difficult to float such a loan in Mattancherry. Or, a Town Improvement Trust may be formed. By these means, Sir, Mattancherry can be considerably improved.

With regard to the roads in the town, something has recently been done by the Government. But there is still more to be done, and I hope that Government will give their attention to this matter also.

Sir, I would press, therefore, these various needs on the attention of the Government, particularly the need for immediate as well as for permanent measures for the relief of fresh-water scarcity. Sir, I conclude.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഞാൻ, ഈ ധനാഭ്യർത്ഥനയ്ക്ക് അനുകൂലാഭിപ്രായം രേഖപ്പെടുത്തുന്നവരിൽ ഒരാളാണ്. പൊതുമരാമത്തുവകുപ്പു മുഖേന കൈവരുത്തേണ്ട ആവശ്യങ്ങൾ പരിഗണിച്ചാൽ അതു ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും, അഭ്യർത്ഥനയ്ക്കും നിരൂപണത്തിനും വിധേയമാണെന്നു കാണാം. അധികവും പ്രാദേശികാവശ്യങ്ങളായിരിക്കും. പൊതുസ്ഥാപനങ്ങൾ, പ്രത്യേകിച്ച് റോഡുകൾ, കലുങ്കുകൾ, കുളങ്ങൾ, മററു കാർഷികാവശ്യങ്ങൾ ഇവയെല്ലാം ഒന്നൊന്നായി വരുന്നതു കാണാം. പ്രാദേശികപ്രാതിനിധ്യസ്വഭാവത്തിൽ ഇതെല്ലാം പറയുകയും നിർബ്ബന്ധിക്കുകയും സാധിപ്പിക്കുകയും ചെയ്യേണ്ട ഭാരമേറിയ ചുമതല, നിയമസഭാ സാമാജികന്മാരിൽ നിക്ഷിപ്തവുമാണല്ലോ. പറയാതിരുന്നാൽ കൃത്യവിലോപമായിരിക്കും. ചെയ്യേണ്ട ചുമതല ഡിപ്പാർട്ടുമെൻറിനുള്ളതാണല്ലോ.

സർ, എനിക്കു ചങ്ങനാശേരി നിയോജകമണ്ഡലത്തെപ്പററി ചില കാര്യങ്ങൾ കാര്യമായി ഓർമ്മപ്പെടുത്തുവാനുണ്ട്. ചങ്ങനാശേരി നമ്മുടെ രാജ്യത്തിലെ പ്രധാനപ്പെട്ട ടൗണുകളിൽ ഒന്നാണ്. എങ്കിലും ഈ പട്ടണത്തിൻെറ കുറവുകൾ ധാരാളം പരിഹരിക്കേണ്ടതായുണ്ട്. ചന്തക്കടവിൻെറയും, ഇടവഴികളുടെയും, ചന്തയുടെയും മററും പോരായ്മകൾ വളരെയുണ്ട്. അതെല്ലാം പരിഹരിക്കേണ്ടതാണ്. കുട്ടനാടിൻെറ ഒരു വിഭാഗവും, മനോഹരമായ നെല്പാടങ്ങളാൽ സംബന്ധിതവുമായ, രാമൻകരി, വെളിയനാട് ഈര, മുതലായ കരകൾ പടിഞ്ഞാറവശത്തും, പുതുപ്പള്ളി, വാകത്താനം, ഇത്തിത്താനം, വെരൂർ, നാലുന്നാക്കൽ,

മുതലായ കൃഷിപ്രധാന കരപ്രദേശങ്ങൾ കിഴക്കും, വടക്കും, തെക്കുമായി സ്ഥിതിചെയ്യുകയാണ്. ഇവിടത്തെ അത്യാവശ്യങ്ങൾ ഒന്നൊന്നായി എടുത്തു പറയാൻ സമയം ലഭിക്കുമെന്നു തോന്നുന്നില്ല. പല റോഡുകളും സഞ്ചാരയോഗ്യങ്ങളല്ല; പാലങ്ങൾ പലതും തീരാനുണ്ട്; പല കലുങ്കുകളും പുതുക്കി പണിയേണ്ടതുണ്ട്. പണിയാരംഭിച്ചിരിക്കുന്ന ചാലയ്ക്കൽ തോടിന്റെ പണി മന്ദംമന്ദം പുരോഗമിക്കുന്നതേയുള്ളു. ആലപ്പുഴ ചങ്ങനാശേരി റോഡിന്റെ പണിയും അങ്ങനെതന്നെ. വെള്ളപ്രദേശങ്ങളായ വെളിയനാട്ട് പല അത്യാവശ്യങ്ങളുമുണ്ട്. ഇങ്ങനെ പല പല ആവശ്യങ്ങൾ.

സർ, കാളേജുകൾ, സ്കൂളുകൾ, വലിയ ചന്ത, വൻപിച്ച പുരുഷാരം ഇടതിങ്ങിപ്പാർക്കുന്ന ചങ്ങനാശേരിയുടെ പ്രാധാന്യം വിവരിച്ചുപറഞ്ഞാൽ, അരമന, എൻ. എസ്. എസ്. തലസ്ഥാനം, മുതലായി പലതിന്റെയും കാര്യങ്ങൾ എടുത്തു പറയേണ്ടതായി വരും. അവിടത്തെ റസ്ററ ഹൌസും മററു പല പൊതുസ്ഥാപനങ്ങളും ഇനിയും തീരേണ്ടതായിട്ടാണിരിക്കുന്നതു്. പൊതു മരാമത്തുമന്ത്രി, ചങ്ങനാശേരി ജന്മദേശീയനാകയാൽ അന്യസ്ഥലങ്ങളിലെ ആവശ്യങ്ങളിൽചെയ്യുന്ന സത്വരശ്രദ്ധയിൽനിന്നും, ചങ്ങനാശേരിയെ സംബന്ധിച്ചിടത്തോളം അല്പം പിൻവാങ്ങുന്നില്ലേ എന്നു സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സർ, അതു പോരാ എന്നാണു ഞാൻ പറയുന്നതു്. മററു പട്ടണങ്ങൾക്കു നൽകുന്ന പ്രോത്സാഹനങ്ങൾ എല്ലാം ചങ്ങനാശേരിക്കും നൽകണം.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: പൂഞ്ഞാർ നിയോജകമണ്ഡലത്തെ സംബന്ധിച്ചു എന്തു പറയുന്നു?

ശ്രീ. കൊച്ചുകുഞ്ഞു: ചടയമംഗലത്തെപ്പററി മെംബർ എന്തു പറയുന്നു?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പൂഞ്ഞാർ നമ്മുടെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമാണ്. അവിടെയും മരാമത്തുവേലകൾ വളരെയുണ്ട്. അദ്ദേഹം മുഖ്യമന്ത്രിയായതിനാൽ എടുത്തു വിവരിച്ചു വാദിക്കുന്നില്ലെന്നേയുള്ളു. അവിടെയും ചില മരാമത്തുവേലകൾ നടന്നിട്ടുണ്ടെന്നാണറിയുന്നതു്. അവിടത്തെ അത്യാവശ്യങ്ങളും നിർവ്വഹിക്കണമെന്നാണു എന്റെ അഭിപ്രായം.

ശ്രീ. പി. ചാക്കോ: പാലായെസംബന്ധിച്ചു എന്തു പറയുന്നു?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പാലായിലും ആവശ്യങ്ങൾ പലതു കാണും. പാലായിലെ പുതിയ പാലം പാലായെ മാത്രമല്ല, പരിസരങ്ങളെയും ഇരുകരകളേയും മാത്രമല്ല, പൊതുവെ സാഹ്യമായിത്തീർന്നിട്ടുണ്ടെന്നു ഞാൻ പറയും.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ചെങ്ങന്നൂരിന്റെ ജനസംഖ്യയും അത്യാവശ്യങ്ങളും സംബന്ധിച്ചു എന്തു പറയുന്നു എന്നു മന്ത്രി പ്രസ്താവിക്കുമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഞാൻ മന്ത്രിയല്ല, ഒരു മെംബർ മാത്രം. ചെങ്ങന്നൂർ പല ആവശ്യങ്ങളും അർഹിക്കുന്നുണ്ട്. അത്യാവശ്യങ്ങൾ പലതുണ്ട്. അതെല്ലാം സാധിക്കണം. എനിക്കും അതിന്റെ ആവശ്യകതയെപ്പറ്റി ഉണർത്തിപ്പറയാനാണാഗ്രഹം.

ശ്രീ. കൊച്ചുകുഞ്ഞു: ചടയമംഗലത്തെപ്പററി മെംബർ എന്തു പറയുന്നു?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവിടെയും അത്യാവശ്യമായ മരാമത്തുവേലകൾ ഉണ്ട്. കൃഷിയാവശ്യങ്ങളുമുണ്ട്. റോഡുകളുടെ ആവശ്യവുമുണ്ട്. അതെല്ലാം തീർത്തു സഹായിക്കണമെന്നാണ ഞാൻ പറയുന്നതു്. എലക്ട്രിക് ലൈററും മററാവശ്യങ്ങളും അവിടെയും ഉണ്ടായിക്കാണാനാണ ഞാൻ ആഗ്രഹിക്കുന്നതു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: വെണ്മാന്തുരിനെ സംബന്ധിച്ചു് എന്താണ പറയുന്നതു്?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: വെണ്മാന്തുരിൽ നടക്കേണ്ട മരാമത്തുവേലകൾ അധികമുണ്ട്. കൃഷിവികസനപദ്ധതികൾ വേണം, റോഡു മെററൽ ചെയ്യണം; എലക്ട്രിക് ലൈററവേണം. വെണ്മാന്തുരിനടുത്ത വിഴിഞ്ഞം തുറമുഖം നന്നാക്കണം. ആശുപത്രികെട്ടിടം നന്നാക്കണം. ഇങ്ങനെ പലതും വെണ്മാന്തുരിന് അത്യാവശ്യമാണെന്നാണ എന്റെ അഭിപ്രായം.

ശ്രീ. കുഞ്ഞിത്തൊമ്മൻ: മെംബറുടെ പഴയ നിയോജകമണ്ഡലമായ പെരുമ്പാവൂർ, കോതകുളങ്ങര മുതലായ സ്ഥലങ്ങളെപ്പററി എന്തു പറയുന്നു?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവിടത്തെ ആവശ്യങ്ങളെപ്പററി ഞാൻ അന്നു പറഞ്ഞിട്ടുണ്ട്. പലതും സാധിച്ചു. കൃഷി പ്രോത്സാഹനം, വളംലഭിക്കൽ, പാലങ്ങൾ, കാളനി, മുതലായതിനെപ്പററി പറഞ്ഞു. അതു അധികവും സാധിച്ചു. ഇന്നു മെംബർ പറയുന്നതിനോടെല്ലാം ഞാൻ യോജിക്കുന്നു. അങ്കമാലി ആശുപത്രി ആവശ്യമാണ്. ആവശ്യങ്ങളുടെപേരിൽ ചോദിക്കുന്നതാണല്ലൊ. അത്യാവശ്യങ്ങൾക്കവേണ്ടി വാദിക്കുമ്പോൾ വാദഗതികൾ കർക്കശങ്ങളാകുന്ന ഒരു രീതി ഇവിടെ കാണുന്നുണ്ട്. അതു ശരിയല്ലെന്നാണ എന്റെ അഭിപ്രായം. മന്ത്രിമാർ ഓരോ ഡിമാൻറും അവതരിപ്പിച്ചുകൊണ്ടു ചെയ്യുന്ന പ്രസ്താവന,

'സന്തഃ പ്രസന്ന ധിഷണാഃ പരിശോധയന്തു' എന്നാണ്.

ശ്രീ. കൊച്ചുകുഞ്ഞു്: അതിന്റെ അർത്ഥം എന്താണെന്നുകൂടി പറയാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അർത്ഥമോ? പറയാം.

ബുദ്ധിമാന്മാരായ സത്തുക്കൾ പരിശോധിക്കട്ടെ, അഭിപ്രായം പ്രകടിപ്പിക്കട്ടെ എന്നാണ ചുരുക്കത്തിൽ ഇതിന്റെ അർത്ഥം.

നിരൂപണങ്ങൾ കാർക്കശ്യം കുറഞ്ഞ മുറയിലായിരുന്നാൽ കൊള്ളാമെന്നാണ എനിക്കു തോന്നുന്നതു്. മന്ത്രിമാർ ജനപ്രതിനിധികളാണല്ലൊ. നിഷ്പ്രഭനായ മന്ത്രി നിരൂപണങ്ങൾക്കു വിധേയനാകുന്നതിൽ തരക്കേ

ടില്ല. മരാമത്തു മന്ത്രി വിദഗ്ദ്ധനാണ്, കാര്യങ്ങളും നോക്കി ചെയ്യുന്നുണ്ട്. (ബെൽ) സർ, ഞാൻ നിറുത്തുന്നു. ഉപക്ഷേപത്തോടു വിയോജിക്കുന്നു. ഡിമാൻറിനെ അനുകൂലിക്കുന്നു.

അടുത്തതായി അരി വിതരണ വിഷയത്തിൽ തോട്ടം തൊഴിലാളികളോടു കാണിക്കുന്ന അനീതിയെപ്പററിയാണു് എനിക്കു് പറയാനുള്ളതു്. ഈ രാജ്യത്തു് മററു ഭാഗങ്ങളിലുള്ള ആളുകൾക്കു് റേഷൻ വാങ്ങുന്നതിനു് ലഭിച്ചിട്ടുള്ള അവകാശം തോട്ടം തൊഴിലാളികൾക്കു് നിഷേധിച്ചിരിക്കുകയാണു് ചെയ്യുന്നതു്. സംസ്ഥാനത്തു എല്ലാ ഭാഗങ്ങളിലുമുള്ള ആളുകൾക്കു ഔൺസു് റേഷൻ കിട്ടുമെന്നിരിക്കെ തോട്ടം തൊഴിലാളികൾ റേഷനു വേണ്ടി മുതലാളികളേയും കങ്കാണികളേയും ആശ്രയിക്കേണ്ടിവരുന്ന ഒരു പരിതഃസ്ഥിതിയാണു് വന്നിരിക്കുന്നതു്. റേഷൻ കിട്ടുന്നതിനു് മുതലാളിമാരുടെ ഹിതത്തിനു് വഴങ്ങിക്കൊടുക്കേണ്ട ഒരു അവസ്ഥ വന്നുചേർന്നിരിക്കുന്നതു് ഏററവും പരിതാപകരമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. തോട്ടം മുതലാളിമാരുടെ കൈവശം അരി കൊടുത്തു അവരെക്കൊണ്ടു തൊഴിലാളികൾക്കു് അരി വിതരണം ചെയ്യുന്നതിനു പകരം മററു ആളുകൾക്കു് റേഷൻ കൊടുക്കുന്നതുപോലെ നേരിട്ടു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു എനിക്കു് അപേക്ഷയുണ്ടു്.

ചാക്കിനു ഗവണ്മെൻറു് ഈടാക്കിവരുന്ന വിലയെപ്പററിയാണു് അടുത്തതായി എനിക്കു് പറയാനുള്ളതു്. ഗവണ്മെൻറിൽനിന്നും അരി കൊടുക്കുമ്പോൾ ചാക്കിനു് ൧൨ അണ വീതമാണു് വില ഈടാക്കി വരുന്നതു്. ഇന്നു് മാർക്കററിലാണെങ്കിൽ എട്ടും ഒൻപതും അണമാത്രമേ വിലയുള്ളു. അതുകൊണ്ടു വളരെയധികം നഷ്ടം അരിവാങ്ങി കച്ചവടം ചെയ്യുന്ന സൊസൈററികൾക്കുള്ളതായി എനിക്കറിയാം. മാർക്കററുവിലയിൽ കൂടുതൽ സർക്കാർ ഈടാക്കുന്നതു ഒരിക്കലും ശരിയല്ല. ബ്ലാക്കുമാർക്കററിൽ അരി വിൽക്കാതെ ന്യായമായി കച്ചവടം നടത്തുന്നവർക്കു് അതുമൂലം വലിയ നഷ്ടത്തിനിടയാകുന്നതാണു്. ഈ ഒരു ന്യൂനത പരിഹരിക്കേണ്ടതാണെന്നു് ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.'

ഒരു കാര്യത്തിൽ ഞാൻ ഗവണ്മെൻറിനെ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊള്ളുന്നു. 'അതായതു്, നമ്മുടെ അടുത്ത സംസ്ഥാനമായ മദ്രാസിൽ മന്നു് ഒന്നിനു് ൨൨ രൂപാ വിലയുള്ളപ്പോൾ ഇവിടെ മന്നു് ഒന്നിനു ൧൭ രൂപാവച്ചു വിതരണം ചെയ്യാൻ സാധിക്കുന്നതിനെ എത്രതന്നെ അഭിനന്ദിച്ചാലും അതു് അധികമായിപ്പോകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

തോട്ടം തൊഴിലാളികൾക്കു് അരി വിതരണം ചെയ്യുന്നതിലുള്ള ന്യൂനതയും, നെല്ലെടുപ്പിൽ കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടും, ചാക്കിൻെറ വിലയിൽ കാണുന്ന കുഴപ്പവും പരിഹരിക്കുന്നതിലേക്കു് അടിയന്തിരമായ ശ്രദ്ധപതിപ്പിച്ചു് കൂടുതൽ ഭംഗിയായ നിലയിൽ ഈ ഡിപ്പാർട്ടുമെൻറു് കൈകാര്യം ചെയ്യണമെന്നു ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊണ്ടു ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

Shri M. Gopalan Nair: The first thing that I want to bring to the notice of the House so far as the food problem is concerned is that Government have not made a realistic approach to this question. In the Budget Speech the hon. Finance Minister has said that food has ceased to be a problem. I challenge that statement.

4 p. m.

Shri Panampilli Govinda Menon: Where is it stated?

Shri M. Gopalan Nair: In the Finance Minister's speech introducing the budget.

Shri Panampilli Govinda Menon: No, it is not there.

Shri M. Gopalan Nair: I have not got a copy with me now. Otherwise I would have quoted the passage.

Shri Panampilli Govinda Menon: No, there is no such statement.

Shri M. Gopalan Nair: It is said that food has ceased to be a complaint. But I say that the complaint is there. In the reply of the Finance Minister to the general discussion also he said that food has ceased to be a matter of complaint because there are other food stuffs, and he referred to tapioca. My submission is that tapioca is not a substitute. It is only a supplement to food throughout the world. Wherever it is cultivated it has never been heard of as a substitute for food. It is not a staple food. In the Report of the Nutrition Committee of the F. A. O. 1948 it is stated:

> "The extended cultivation of tapioca and sweet potato in a number of tropical countries has helped to prevent starvation during the recent period of serious food shortage. From the Industrial standpoint, however such starchy foods are not a satisfactory substitute for rice. While extension of the cultivation of tapioca and other starchy foods is justified as a temporary measure in times of emergency, it is undesirable in the long run. Careful attention should be drawn to this question."

Shri Panampilli Govinda Menon: From where is the extract that the member is reading?

Shri M. Gopalan Nair: It is an extract from the Report of the F. A. O. 1948. Unfortunately a copy is not available in our Library. Wherever tapioca is cultivated, it is not used as a substitute for food. It is only a supplement to food.

[Shri. M. Gopalan Nair.]

So far as tapioca is concerned, it is considered to be a very bad diet if taken alone. But if it is taken in proper proportion with other millets, then it will be a supplemental food. This is what Mr. K. G. Sivaswamy says in his Report "Famine, Rationing and Food Policy in Cochin", page 45:

> "Tapioca has one very serious disadvantage. It is a very poor source of protein, poorer than other roots and tubers in general. If it is taken in relatively small quantities as part of diet which otherwise contains sufficient protein, no harm will result. A diet consisting, of one part of tapioca to three parts of rice, and containing other foods such as pulses or fish which are rich in protein, would not be seriously deficient in this essential factor; but if these proportions of tapioca and rice are reversed, and other protein-rich foods are not available, protein shortage is likely to result and have ill effects on health and physical development."

I do not know on what basis our Government have said that tapioca is a substitute for food.

Shri Panampilli Govinda Menon: They did not say that tapioca is a substitute for food, but that it is a food.

Shri M. Gopalan Nair: Again punnac and groundnut are used as food. But it will cause ill-health.

Shri M. V. Cheriyan: What do you say about using tapioca with fish?

Shri M. Gopalan Nair: I was only reading out extracts from a Report in which it is said that tapioca should be used with some millets.

With regard to the supply of synthetic rice to Travancore-Cochin, the Central Government have failed. There is no response so far as the people of Travancore-Cochin are concerned. In Travancore-Cochin groundnut is not available. Here it is used as manure and food for cattle. In this attempt Travancore-Cochin has failed. I read reports in the papers that certain people have been deputed to London and Geneva for arranging for the import of machinery for the production of synthetic rice. The Central Government want to impose this synthetic rice upon us. We must resist it with all our might. The statement of the Finance Minister that we are tapioca eating people will only help

the Central Government to impose it upon us. That attempt of the Central Government is a sheer idiocy. There is an advertisement in 'Kerala Kaumudi' dated the 23rd January 1953 "ക്കുടരി നിർമ്മാണം യന്ത്രം Feb. 5-ന് ഒലലം–Chief Propaganda Officer". That shows the failure of the Central Government to impose synthetic rice upon Travancore-Cochin. No body is going in for this 'ക്കുടരി'. Tapioca has been in existence from time immemorial. When the food problem was not so very acute, we were getting down rice from Burma and other places. To say that tapioca is a substitute for food is a traversty of truth. There is one thing which this House has to remember. But for tapioca, Travancore also would have experienced starvation. What Mr. Munshi said in the Central Assembly in 1950 was that rice produced in the world is so short that we have to put up with certain privation. But what Mr. Kidwai now says is that he is prepared to give rice to any province that asks for it. So far as Travancore-Cochin is concerned he is prepared to give whatever they want. About a month ago he made another statement that rice has ceased to be a problem. Now I ask why not approach the Central Government and say that we are not tapioca eaters, let us have some more rice. 'Let us have atleast 10 ozs. of rice. Let us like other parts of the Indian Union, like Madras and Bihar and Bengal have 12 ozs. or at least 10 ozs. rice. So far as Madras and Bihar are concerned, the deficit is only 10 per cent whereas our deficit is 60 per cent. We have to make up 6 ozs. to 12 ozs. What can we do with this ration? Price is the real question. Can we purchase rice from outside. Now what is the policy laid down by the Government of India? They have said that so far as prices are concerned it must be passed on to the consumer. The amount which cannot be passed on to the consumer will be distributed equally between the Provincial and Central Governments. Now what is our real position? We want to increase our ration from 6 ozs. to 10 or 12 ozs. We are not in a position to pay for it. Did our Government say so to the Government of India. Did our Ministers say to Mr. Kidwai that we are not tapioca eaters, that rice is our staple food, that we are suffering from mal-nutrition and so he must increase our rice quota? He must make a difference so far as Travancore-Cochin is concerned.

In this connection I wish to bring another important matter to the notice of the House. So far as Travancore-Cochin is concerned we are not accustomed to eating jowar or bajra or any other millet. Rice is our most important item of food and so we must have enough rice. Instead of the 6 Ozs. ration, 12 ozs. ration should be introduced. The Government must not leave

[Shri. M. Gopalan Nair.]

any stone unturned to achieve this end. We are entitled to get it, and the Central Government is entitled to give it to us. Now what is the good of keeping up this indifference? We should say "we are starving, please give us sufficient rice." That is what I want to bring to the notice of the Food Minister. Let us be honest. Let us say that we are poor. Why should we play the policy of hide and seek? Let the Government say that we are not in a position to get along. Give us some help. Has this Government courage enough to undertake that? If not they have no right to sit there. They must resign and seek re-election. This is all what I have to say with regard to the Food policy of the Government.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, നമ്മുടെ രാജ്യത്തെ ഭക്ഷ്യനിലയെക്കുറിച്ചു പറകയാണെങ്കിൽ ഇവിടത്തെ ഭക്ഷ്യസ്ഥിതിയുടെ പര്യാപ്തതയേയും അപര്യാപ്തതയേയും പററി വളരെനാൾ മുൻപുമുതൽ ഇവിടെ എടുത്തിട്ടുള്ള കണക്കുകൾ എന്റെ മുമ്പിൽ ഉള്ളതു ഞാൻ ഉദ്ധരിക്കാം. സർ. സി. പി. ഇവിടെ ദിവാൻജിയായിരുന്ന കാലത്തു സ്റ്റാററ്യൂട്ടറി റേഷനിംഗു ഇവിടെ ആരംഭിച്ചു. അക്കാലത്തു ഇവിടെ പ്രായമായ ഒരാൾക്കു പന്ത്രണ്ടു ഔൺസ് വീതം കൊടുക്കണമെങ്കിൽ അതിനാവശ്യമുള്ളതിൽ ൪൦ ശതമാനം അരി ഇവിടെ വിളയുന്നുണ്ടെന്നുള്ള കണക്കു നാം കേട്ടിട്ടുണ്ട്. ആ കണക്കു വച്ചുനോക്കുകയാണെങ്കിൽ, ഇന്നു ശരാശരി ആറ് ഔൺസ് അരി നൽകിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്, ഇവിടത്തെ കമ്മി ഏതാണ്ടു ൨൦ ശതമാനം മാത്രമാണെന്നു കണക്കുകൊണ്ടു കാണാം.

ശ്രീ. എൻ. പി. വർഗീസ്: ഈ കണക്കൊന്നു വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പന്ത്രണ്ടു ഔൺസ് വീതം കൊടുക്കാൻ ആവശ്യപ്പെട്ടപ്പോൾ അതിനു ഇവിടെ ൪൦ ശതമാനം ഉണ്ടെന്നാണു കണക്ക്. എന്നാൽ ആറ് ഔൺസ് ആണ് ഇപ്പോൾ കൊടുക്കുന്നതു്. അപ്പോൾ ൮൦ ശതമാനം ഇവിടെ ഉണ്ടാകുന്നുണ്ടല്ലോ.

ശ്രീ. എൻ. പി. വർഗീസ്: ആകെ ഇവിടത്തെ പ്രൊക്യൂവർമെൻറ എത്രയാണ്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഇവിടത്തെ പ്രൊക്യൂവർമെൻറിന്റെ കണക്കു ഒരുകോടി ഇരുപത്തിഏഴ് ലക്ഷത്തിൽ പരം പറയാണെന്നാണു ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞതു്.

ശ്രീ. എൻ. പി. വർഗീസ്: ഇപ്പോൾ പറഞ്ഞ കണക്കുകൾ ഒന്നു വിശദീകരിച്ചു ശരിയായി മനസ്സിലാക്കിയാൽ കൊള്ളാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ൧൨ ഔൺസു വീതം കൊടുക്കുന്നതിന് ഇവിടെ ൪൦ ശതമാനം ഉണ്ടാകുമ്പോൾ, ൬ ഔൺസുവീതം കൊടുത്തുവരുന്നതനുസരിച്ചു നമ്മുടെ അരിയുടെ കമ്മി ൨൦ ശതമാനം മാത്രമാണെന്നുള്ളതു് വ്യക്തമല്ലേ? ഈ കഴിഞ്ഞ ആറേഴു കൊല്ലക്കാലമായി ഭക്ഷ്യോൽപാദന വർദ്ധനവിനായി പല പദ്ധതികളും ഇവിടെ നടത്തുന്നുണ്ടു്. അതിനുവേണ്ടി ലക്ഷക്കണക്കിനു രൂപാ ഇവിടെ ചെലവാക്കുന്നുണ്ടു്. ഇതൊക്കെയാണെങ്കിലും ചെലവാക്കുന്ന രൂപയുടെ കണക്കു നമ്മുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്നതല്ലാതെ ആ പ്രവൃത്തനങ്ങളുടെ ഫലമായിട്ടു എത്ര അരി കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു എന്നുള്ള വിവരം ഞങ്ങളുടെ മുമ്പിൽ വച്ചിട്ടില്ല. തുകകൾ ചെലവാക്കുന്നതിന്റെ കണക്കല്ലാതെ അതിന്റെ ഫലമായിട്ടു ഉണ്ടാകുന്ന വിളവിന്റേയോ ഗവണ്മെന്റു കൂടുതലായി സംഭരിക്കുന്ന ഭക്ഷ്യധാന്യത്തിന്റേയോ കണക്കു ഇതുവരെ ഞങ്ങൾക്കു് കിട്ടീട്ടില്ല. തിരുവിതാംകൂർ കൊച്ചിയിൽ നിന്നും കഴിഞ്ഞ കൊല്ലം ഒരുകോടി ഇരുപത്തിഏഴു ലക്ഷത്തോളം പറ നെല്ലു് എടുത്തിട്ടുണ്ടു്. എന്നാൽ ഇക്കൊല്ലം പുതിയ ലെവി സംപ്രദായമനുസരിച്ചു് അതിന്റെ ടാർജെററു് കുറഞ്ഞാണു വന്നിരിക്കുന്നതു്. ൯൦ ലക്ഷംപറ നെല്ലു മാത്രമാണു് ഈ ൧൧൨൯-ാമാണ്ടത്തെ ടാർജെററായി ഫിക്സുചെയ്തിരിക്കുന്നതു് എന്നു ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറഞ്ഞു. ൨൦ ശതമാനം കമ്മിയുള്ള ഈ രാജ്യത്തു ഇത്ര വളരെ പദ്ധതികൾ പ്രവൃത്തനം നടത്തിയിട്ടും ഈ ൨൦ ശതമാനം നികത്താൻ സാധിക്കുന്നില്ല എന്നുള്ളതു് വളരെ അർത്ഥഗർഭമായ ചില സൂചനകൾ നൽകുന്നുണ്ടു്.

ഫുഡ്ഡിപ്പാർട്ടുമെന്റിലെ ചെലവുകൾക്കായി ഒൻപതു ലക്ഷത്തി തൊണ്ണൂററാറായിരത്തിൽ ചില്വാനം രൂപായും ഫുഡ് പ്രൊഡക്ഷനു തൊണ്ണൂറായിരം രൂപായും, അതുകൂടാതെ ഒരു പത്തൊൻപതിനായിരം രൂപയും പമ്പിംഗ് സബ്സിഡിക്കായി നാലുലക്ഷം രൂപയും ഭക്ഷ്യോൽപ്പാദനത്തിനായി ചെലവാക്കുന്നതായി കണക്കുകളിൽനിന്നും കാണാനുണ്ടു്. ഇതിനുപുറമെ ഭീമമായ ഒരു തുക കൃഷിവകുപ്പിന്റെ കീഴിലുള്ള മററു വകുപ്പുകളിലും ചെലവാക്കുന്നുണ്ടു്. ഇതിന്റെ ഫലമായിട്ടു അനുഭവത്തിൽ ഒരുമണി നെല്ലു കൂടുതലായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇതിനെസംബന്ധിച്ചു മറുപടി പറയുന്ന അവസരത്തിലെങ്കിലും കണക്കുകൾ വിശദീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ ൬ ഔൺസുവീതമുള്ള റേഷൻ ശരിക്കു എല്ലാവർക്കും കൊടുക്കുന്നില്ല. അതിന്റെ കാരണം പറഞ്ഞൊഴിയാൻ സാധിക്കുമെന്നെനിക്കറിയാം. ഇവിടെ നെൽകൃഷി ചെയ്യുന്ന ആളുകൾക്കു് ആറു് ഔൺസു വീതം റേഷൻ കണക്കാക്കിയല്ല കൊടുക്കുന്നതു്. പൗരന്മാർ തമ്മിൽ ഈ വിവേചനം എന്തിനാണു്? ക്ഷേമരാഷ്ട്രമാണെന്നു നിങ്ങൾ പറയുന്നല്ലോ. അതനുസരിച്ചു് ജനങ്ങൾക്കു് ജീവിക്കാൻ ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ ശരിയായി കണക്കാക്കി ഒരുപോലെ വിതരണം ചെയ്യുക. ഇവിടെ പലവിധ പദ്ധതികൾ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആസൂത്രണം ചെയ്തു നോക്കിയിട്ടും ഒരു പ്രയോജനവും കാണുന്നില്ല. ജനങ്ങൾ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

തമ്മിൽ, പരന്മാർതമ്മിൽ, യാതൊരു വിവേചനവും പാടില്ല. എല്ലാവർക്കും ജീവിക്കുവാനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ നൽകണം. അതിലേക്കു പ്രത്യേകമായ ഒരു നയം പരിപാലിക്കണമെന്നാണെനിക്കു ഗവണ്മെൻറിനോടു പറയാനുള്ളതു്.

ബഹുമാനപ്പെട്ട വിയ്യൂർമെമ്പർ ശ്രീ. കരുണാകരൻ സംസാരിച്ചപ്പോൾ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ: നെല്ലുകൃഷിചെയ്യുന്നവരിൽനിന്നും ഗവണ്മെൻറു് എടുക്കുന്ന നെല്ലിനു ശരിയായ വിലകൊടുക്കുന്നുണ്ടെന്നാണോ മെമ്പറുടെ അഭിപ്രായം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതു ഞാൻ പറയാം. ബഹുമാനപ്പെട്ട വിയ്യൂർ മെമ്പർ ചില കണക്കുകൾ പറയുകയുണ്ടായി. ഗവണ്മെൻറ കർഷകരുടെ അടുക്കൽ നിന്നും കൂടുതൽ നെല്ലു എടുക്കുകയാണെങ്കിൽ അതായതു് നെല്ലെടുപ്പു് കൂടുതൽ കർശനമാക്കുകയാണെങ്കിൽ, നമുക്കു കേന്ദ്രഗവണ്മെൻറിൽ നിന്നും ലഭിക്കുന്ന സഹായം കുറയുമെന്നു അദ്ദേഹം പ്രസ്താവിച്ചു. ആ വാദത്തിന്റെ അടിസ്ഥാനം വളരെ നേരമ്പോക്കുള്ളതാണു്. ഞങ്ങൾക്കു ആ വാദം സ്വീകരിക്കുവാൻ നിവൃത്തിയില്ല.

ശ്രീമാൻ ഗോപാലൻനായർ പറയുകയുണ്ടായി മദ്രാസിൽ 8 ഔൺസും വെസ്ററബംഗാളിൽ 9.6 ഔൺസും കൊടുക്കുന്നു എന്നു്.

ശ്രീ. എം. ഗോപാലൻനായർ: അവിടെ ഡീറേഷനിംഗു് ഏർപ്പെടുത്തിയിരിക്കയാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അവിടെ അതിനു യാതൊരു പരിമിതിയുമില്ലെന്നാണു പറഞ്ഞിരിക്കുന്നതു്. എന്നാൽ ഈ ഗവണ്മെൻറു് ഈ നില തുടർന്നുകൊണ്ടുപോകുവാനാണു് നോക്കുന്നതു്. അവിടങ്ങളിൽ ഭരണാധികാരികൾ കേന്ദ്രത്തിൽ ചെന്നു് അവകാശവാദങ്ങൾ നടത്തി വിജയിച്ചുവരുമ്പോൾ, ഇവിടെയുള്ള ഗവണ്മെൻറും നമ്മുടെ ഭരണാധികാരികളും കേന്ദ്രത്തിൽ ചെന്നുപറയുന്നതു ഇവിടെ അരിക്കു വലിയ ക്ഷാമമില്ല ഭക്ഷ്യോൽപാദനം വർദ്ധിച്ചിട്ടുണ്ടു് എന്നെല്ലാമാണു്. സർ, ആ ഒരു നയം മാറേറണ്ടതാണു് എന്നു് ഞങ്ങൾ ആവശ്യപ്പെടുന്നു. നാം നമ്മുടെ അവകാശങ്ങൾക്കുവേണ്ടി സമരം നടത്തുന്നതിനു പകരം അവരോടു തെണ്ടുകയാണു് ചെയ്യുന്നതു്. ഇങ്ങനെയായാൽ നമ്മുടെ കാര്യം എങ്ങിനെ പുരോഗമിക്കാൻ പോകുന്നു സാർ. ഞാൻ ഒരു പടികൂടി കടന്നു പറയുന്നു. ഇന്നു ഇവിടത്തെ ഭരണാധികാരികൾ കേന്ദ്രത്തിനെ തെററിദ്ധരിപ്പിച്ചിരിക്കുകയാണു്. അതു് ഇപ്പോഴത്തെ ഭക്ഷ്യമന്ത്രിയല്ലെങ്കിൽ ഇതിനു മുമ്പുള്ള ഭക്ഷ്യമന്ത്രിയായിരിക്കും.

ഇവിടെ ഒരു ബഹുമാന്യസ്നേഹിതൻ ചോദിക്കുകയുണ്ടായി ഈ കർഷകർക്കു് ഗവണ്മെൻറിലേക്കെടുക്കുന്ന നെല്ലിനു കൊടുക്കുന്ന വില പര്യാപ്തമായി തോന്നുന്നുണ്ടോ എന്നു്. അതിനെനിക്കു മറുപടി പറയാനുണ്ടു്. ഇവിടെ ഇന്നു രണ്ടു തരം ആളുകളെയാണു് കൃഷി ബാധിക്കു

ന്നതു്. വളരെ വളരെ കൃഷിയുള്ള വമ്പിച്ച കൃഷിക്കാരും കുറച്ചു സ്ഥലത്തു കൃഷിചെയ്തു ജീവിക്കുന്ന അധികം കൃഷിതൊഴിലാളികളുമാണു്. ഇങ്ങനെ വമ്പിച്ച കൃഷിക്കാർ കോടിക്കണക്കിനുൽപ്പാദിപ്പിക്കുന്ന നെല്ലിനു് അവർ കൂടുതൽ വിലയിടാക്കിവരുന്നു.

ശ്രീ. എം. വി. ചെറിയാൻ: പുഞ്ചപ്പാടത്തുപോയി കൃഷിചെയ്തിട്ടുള്ള ഒരു മെമ്പറാണെന്നു ഇവിടെ പറഞ്ഞിട്ടുള്ളതനുസരിച്ചു് ഞാൻ ചലഞ്ചുചെയ്യുന്നു അവക്കു ശരിയായ വില കിട്ടുന്നില്ല എന്നു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: നമ്മൾ എല്ലാവരും കൃഷിക്കാരാണു്. പക്ഷെ താൽപ്പര്യങ്ങൾക്കു വ്യത്യാസമുണ്ടു്. കൃഷിചെയ്യുന്ന എല്ലാ ജനങ്ങളുടെയും താൽപ്പര്യങ്ങൾ ഒരുപോലെയിരിക്കുന്നില്ല എന്നുള്ളതു അനുഭവത്തിൽ നിന്നും അറിയാമെന്നുള്ളതുകൊണ്ടാണു് വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവരുടെയും, ദൈനംദിനാവശ്യത്തിനു് ഭക്ഷ്യറേഷനെ ആശ്രയിക്കണമെന്നുള്ളവരുടെയും താൽപ്പര്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തെ ഞാൻ ഊന്നി പറയുന്നതു്. എന്നാൽ ഇവിടെ ഗവണ്മെൻറ് ആവശ്യത്തിനുള്ള നെല്ലു് എടുക്കുന്നില്ല എന്നാണു് എൻെറ പരാതി. ഇവിടെ നെല്ലെടുപ്പു നയം കൂടുതൽ കർശനമാക്കേണ്ട അടിയന്തിരമായിട്ടുള്ള അവസ്ഥ ഉണ്ടായിട്ടുപോലും ഗവണ്മെൻറ് ഒരു അയഞ്ഞ രീതിയിലാണു് പെരുമാറുന്നതു്. ബഡ്ജററ പ്രസംഗങ്ങളും മററും വായിച്ചാൽ തോന്നും ഇവിടെ അങ്ങനെ ഒരവസ്ഥ സംജാതമായിട്ടില്ല എന്നു്. എന്നാൽ അതേ സമയം വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു്, ഇവിടെ ഒരു കമ്മി പ്രദേശമാണു് എന്നും ഭക്ഷ്യകാര്യത്തിൽ നാം കേന്ദ്രത്തിനെ സമീപിക്കണമെന്നും. ഇങ്ങനെ പ്രസ്താവനകൾ പുറപ്പെടുവിച്ചു സംതൃപ്തനാകുന്നതിനു് ഭക്ഷ്യമന്ത്രിക്കുള്ള അവകാശത്തെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ ഇന്നും നാട്ടിൻപുറങ്ങളിൽ ഭക്ഷ്യപ്രശ്നത്തിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലാത്ത ഒരു അവസ്ഥയിലാണു ഗ്രാമീണർ കഴിയുന്നതു് എന്നുള്ളതു് അനുഭവപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണു്. നമുക്കു ആവശ്യമുള്ള കാര്യങ്ങൾ കേന്ദ്രത്തിൽനിന്നും മല്ലടിച്ചുവാങ്ങേണ്ടതും ഇവിടെയുള്ള ആളുകൾക്കു യൂണിററരീതിയിലുള്ള തോതുവച്ചു വിതരണം ചെയ്യുകയും വേണ്ടിയിരിക്കുന്നു. അല്ലാതെ വലിയവനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള പരിഗണന വളരെ കഷ്ടമാണു്.

നാട്ടിൻപുറങ്ങളിലായാലും എവിടെയായാലും ഇന്നു റേഷൻകടകളെ ആശ്രയിക്കാതെ പാവങ്ങൾക്കു കഴിഞ്ഞുകൂടാൻ വിഷമമാണു്. റേഷൻ കടകളിൽ ചെന്നാൽ പലവിധത്തിലുള്ള ദുരിതങ്ങൾ ആളുകൾക്കു് അനുഭവിക്കേണ്ടതായി വരുന്നുണ്ടു്. സാധാരണയായി ഭക്ഷ്യവകുപ്പിലെ ഏതെങ്കിലും ഒരുദ്യോഗസ്ഥനെയെങ്കിലും കൂട്ടുപിടിക്കാതെ ഗ്രാമപ്രദേശങ്ങളിൽ ഒരു റേഷൻകടപോലും കാണുകയില്ല. ഗ്രാമപ്രദേശങ്ങളിലെ റേഷൻകടകളിൽ ചെന്നാൽ കച്ചവടക്കാരും അവിടത്തെ ഭക്ഷ്യോൽപ്പാദന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ചെറിയ ചെറിയ ചില ഉദ്യോഗസ്ഥന്മാരും കൂടി യോജിച്ചുകൊണ്ടു് നാട്ടുകാരെ ഞെക്കിപ്പിഴിയുന്നതു് വളരെ സാധാരണ നടക്കുന്ന ഒരു സംഗതിയാണു്. പല ആളുകളും പല സ്ഥലത്തുനിന്നും പരാതികൾ അയച്ചുകൊണ്ടിരിക്കുന്നു. ഞാൻ ആ ഭാഗത്തേയ്ക്കു കൂടുതൽ കടക്കുന്നില്ല.

[ശ്രീ. ചെങ്ങരാപ്പിള്ളി പി. നാരായണൻപോററി]

പുഞ്ചസബ്സിഡിയെക്കുറിച്ചു ഞാൻ ഒരു ചോദ്യം ചോദിച്ചിരുന്നു. അതേക്കുറിച്ച് അൽപം എനിക്ക് പറയാനുണ്ടു്. പുഞ്ചകൃഷി സ്പെഷ്യൽ ആഫീസർ പല സ്ഥലങ്ങളിലും സഞ്ചരിക്കേണ്ടതുകൊണ്ടു ഈ സബ്സിഡി കൊടുക്കുന്നതിനു സൗകര്യപ്പെടാതെ അസൗകര്യം നേരിടുന്നുണ്ടു്. ഇന്നു് ഒന്നും രണ്ടും രൂപാ കിട്ടാനുള്ള കൃഷിക്കാർക്ക് അതു് വാങ്ങിക്കുന്നതിനു വളരെ അസൗകര്യങ്ങളും കാലതാമസവും നേരിടുന്നുണ്ടു്. ഇതു ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടാണെന്നു ഞാൻ പറയുന്നില്ല. [illegible]-ലും [illegible]-ലും ഇതു സംബന്ധിച്ച് ഒരു പ്രത്യേകവ്യവസ്ഥ അന്നത്തെ സ്പെഷ്യൽ ആഫീസർ അനുവർത്തിച്ചതായി ഞാനോർക്കുന്നു. അന്നത്തെ സ്പെഷ്യൽ ആഫീസർ സബ്സിഡി കൊടുക്കാനുള്ള പണവുമായി ഓരോ സ്ഥലത്തു് സഞ്ചരിച്ച് കൃഷിക്കാർക്ക് അവ മടക്കിക്കൊടുത്തതു് സാധുക്കളെ സംബന്ധിച്ചിടത്തോളം വലിയ ഒരനുഗ്രഹമായിരുന്നു. ഒന്നോ രണ്ടോ രൂപാ വാങ്ങിക്കുന്നതിനു ഈ സാധുക്കൾക്കു ആലപ്പുഴവരെ പോയി കിട്ടാതെ മടങ്ങേണ്ടിവരുന്നതു വളരെ കഷ്ടമാണു്. നീതിപൂർവകമായി ഈ തുക ചെറുകൃഷിക്കാർക്ക് മടക്കിക്കിട്ടാൻ എന്തെങ്കിലും വ്യവസ്ഥ ചെയ്യേണ്ടതായിരിക്കുന്നു.

ഇനി റൈസ് മില്ലിനെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അതൊരു വലിയ പ്രശ്നമായി തീർന്നിരിക്കുകയാണു്. നമ്മുടെ രാജ്യത്തു സാമുദായികമായിട്ടല്ലാതെ ഒരു കാര്യവുമില്ല. ഒരു പള്ളിക്കൂടത്തിന്റെ കാര്യമായാലും സാമുദായികമായി. ഒററി ഒഴിപ്പിക്കുന്ന കാര്യത്തിലും പാട്ടം ഒഴിപ്പിക്കുന്ന കാര്യത്തിലും ഇന്നു സാമുദായികവാദം കൊടുമ്പിരിക്കൊള്ളുന്നു. അതുപോലെ റൈസ്മില്ലുകാര്യവും ഇപ്പോൾ സാമുദായികമാണത്രെ. ഞാൻ ആ കാര്യത്തെക്കുറിച്ചൊന്നും പറയുന്നില്ല. ഇൻഡസ്ട്രീയലൈസേഷൻ എന്നുള്ളതിനു ഞങ്ങൾ ഒരു കാലത്തും എതിരല്ല. ഇൻഡസ്ട്രിയലൈസേഷൻ രാജ്യക്ഷേമത്തിനു ഏററവും ആവശ്യമാണു്. എന്നാൽ റൈസ്മിൽ അനുവദിക്കുന്നതു രാജ്യക്ഷേമത്തിനു ഹാനികരമാണു്. ഇന്നു സാധുക്കളായ ഒരു വിഭാഗം ആളുകൾ അതുകൊണ്ടു ജീവിതം നയിക്കുന്നുണ്ടു്. അതുകൊണ്ടാണു് നാഷനൽ പ്ലാനിംഗ് കമ്മീഷൻതന്നെ റൈസ്മില്ലുകളുടെ സ്ഥാനത്തു് ഹാൻറ പൗണ്ടിംഗ് കോവോപ്പറേററീവ്സ് സ്ഥാപിക്കണമെന്നു് ശുപാർശ ചെയ്തിരിക്കുന്നതു്. ഹാൻറ പൗണ്ടിംഗ് പ്രോത്സാഹിപ്പിക്കണമെന്നാണവർ ആവശ്യപ്പെടുന്നതു്. ഇന്നു് അതുകൊണ്ടു ജീവിക്കുന്നവരുണ്ടു്. ഇന്നു നമ്മുടെ ഭക്ഷ്യപ്രശ്നത്തെ വിജയപ്രദമായി കൈകാര്യം ചെയ്യണമെന്നുണ്ടെങ്കിൽ റൈസ് മില്ലുകൾക്ക് ഗവണ്മെൻറ് അനുവാദം കൊടുക്കരുതു് എന്നാണെന്റെ അഭിപ്രായം. ഇങ്ങനെ അനുവാദം കൊടുക്കുന്നതുകൊണ്ടു പലവിധ കുഴപ്പങ്ങൾക്കും ഭയങ്കരമായ കരിഞ്ചന്തകൾക്കും ഇടയാകും എന്നു ഞാൻ ആവർത്തിച്ചു പറയുന്നു. എന്റെ നാട്ടിൽതന്നെ പല റൈസ്മില്ലുകളും നടത്തുന്നതായി എനിക്ക് നേരിട്ടറിയാവുന്നതാണു്. ഒരു ഭാഗത്തുകൂടി റൈസ്മിൽ നിരോധിച്ചിട്ടുണ്ടെന്നു് പറയുകയും, മറുഭാഗത്തു് അവ യഥേഷ്ടം നടക്കുന്നതു് കണ്ടില്ലെന്നു് ഭാവിക്കുകയും ചെയ്യുന്നതിന്റെ

അത്ഥം ഞങ്ങൾക്ക് മനസ്സിലാക്കാൻ നിവൃത്തിയില്ല. നമുക്ക് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ അപര്യാപ്തമെന്നല്ല, ആവശ്യമുള്ളതിൽ തുലോം കുറവായും ഇരിക്കുന്ന ഈ കാലത്ത്, കരിഞ്ചന്തയ്ക്ക് യഥേഷ്ടം പ്രോത്സാഹനം നൽകുന്ന ഈ റൈസ്മിൽ ഏർപ്പാടിൽനിന്നും നമ്മുടെ നാട്ടിനേയും നാട്ടാരേയും രക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. സി. ജി. സദാശിവൻ: ഭക്ഷ്യ സംഭരണവിതരണകാര്യത്തിൽ വളരെ അധികം അഴിമതികൾ നടക്കുന്നതായി പരാതിയുണ്ട്. ഭക്ഷണം സംബന്ധിച്ചുള്ള കൺട്രോൾ വിട്ടുകളയണമെന്നുള്ള അഭിപ്രായത്തിനു ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്ന അഴിമതികൾ ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ഈ ഡിപ്പാർട്ടുമെന്റിൽ ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള അഴിമതികളെപ്പററി മററു പല മെമ്പറന്മാരും പറഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ കൂടുതലായി പറയണമെന്നു വിചാരിക്കുന്നില്ല.

ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി മുമ്പാകെ, ഹോൾസെയിൽ കടകളിൽനിന്നും ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിൽ കൊണ്ടുവന്നു വില്പന നടത്തുന്ന വ്യാപാരികൾക്കു നേരിടേണ്ടിവരുന്ന അനുഭവങ്ങളേയും ബുദ്ധിമുട്ടുകളേയും അതുകൊണ്ടു ജനങ്ങൾക്കുണ്ടാകാവുന്ന കഷ്ടതകളേയും ചൂണ്ടിക്കാണിക്കാം എന്നു വിചാരിക്കുന്നു. കുറെക്കാലത്തേക്കു റേഷൻ കടക്കാർക്ക് അരി തൂക്കി കൊടുക്കുകയായിരുന്നു. ഇപ്പോൾ അതു അളന്നു കൊടുക്കുകയാണ്. അരി അളന്നു ചാക്കിൽ വച്ചിരിക്കുകയാണ്. ആ ചാക്കിന്റെ വിലയും റേഷൻ കടക്കാരൻതന്നെ കൊടുക്കണം. ചാക്കിന് മാക്കററിലുള്ള വിലയെക്കാൾ കൂടുതൽ വിലയാണ് റേഷൻ കടക്കാർ കൊടുക്കേണ്ടിവരുന്നതു്. ഇതേപ്പററി ഞാൻ ഭക്ഷ്യമന്ത്രിക്കെഴുതി. അന്നു ചാക്കിന് ൰ അണ വിലയായിരുന്നു. അപ്പോൾ ൧൨ അണ ഈടാക്കിക്കൊണ്ടിരുന്നു. രണ്ടുമാസം കഴിഞ്ഞു എനിക്കു ഭക്ഷ്യമന്ത്രിയുടെ ഒരെഴുത്തുകിട്ടി ചാക്കിനു രണ്ടണ കുറവുചെയ്തു കൊടുത്തു എന്ന്. അതും കൂടുതലാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു ചാക്കിന്റെ ഇപ്പോഴത്തെ വില പന്ത്രണ്ടണയാണ്. അതിനെപ്പററി ബഹുമാനപ്പെട്ട മെമ്പർക്കു എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ മാക്കററിൽ എട്ടണയേ വിലയുള്ളു.

ശ്രീ. സി. ജി. സദാശിവൻ: ഇപ്പോൾ കൊടുക്കുന്ന അളവു തന്നെ കുറയാറുണ്ടെന്നു എല്ലാ റേഷൻ കച്ചവടക്കാരും പറയാറുണ്ട്. റേഷൻ കടക്കാർക്ക് പലവിധത്തിൽ നഷ്ടം വരാറുണ്ട്. അങ്ങനെയുള്ള നഷ്ടങ്ങൾ കുറെയൊക്കെ പരിഹരിക്കുന്നതു അളവിൽ വരുന്ന മിച്ചംകൊണ്ടാണ്. മുമ്പു വലുതായിട്ടല്ലെങ്കിലും അല്പമൊക്കെ മിച്ചം വരുമായിരുന്നു. ഇപ്പോൾ അളവു കുറയുന്നതുകൊണ്ടു ആ വകയിലും അവർക്കു നഷ്ടം സഹിക്കേണ്ടതുണ്ട്.

[ശ്രീ. സി. ജി. സദാശിവൻ]

ഏതെങ്കിലും വിശേഷങ്ങളോ അടിയന്തിരങ്ങളോ ഈ റേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നടത്തുന്നതായാൽ അവർ ഈ റേഷൻകടക്കാരെക്കൂടി ക്ഷണിക്കുന്നുണ്ട്. ഏതെങ്കിലും ഒരടിയന്തിരം നടത്തുമ്പോൾ ബന്ധുക്കളേയോ അല്ലെങ്കിൽ സ്നേഹിതന്മാരേയോ ക്ഷണിക്കുന്നതു് നമുക്കു മനസ്സിലാക്കാം. എന്നാൽ താലൂക്കിലാകെയുള്ള ഈ റേഷൻകടക്കാരെ ഒന്നാകെ ക്ഷണിക്കുന്നതു കാണുമ്പോൾ സംശയിക്കേണ്ടിയിരിക്കുന്നു. അവരെല്ലാവരും ഒരുപോലെ ബന്ധുക്കളോ സ്നേഹിതന്മാരോ ആണെന്നു തോന്നുന്നില്ല. ഇതേപ്പററിയും ഞാൻ ഭക്ഷ്യമന്ത്രിക്കെഴുതിയപ്പോൾ അന്വേഷിച്ചതിൽ വേണ്ടത്ര തെളിവില്ലെന്നുള്ള മറുപടിയാണ് എനിക്കു കിട്ടിയതു്.

റേഷൻ നെല്ലായിട്ടു കൊടുക്കുന്നതിനെ സംബന്ധിച്ചും ധാരാളം പരാതികളുണ്ട്. റേഷൻ കച്ചവടക്കാർ അതിലേക്കാദ്യം ഒരു പ്രത്യേകം പെർമിററു വാങ്ങിക്കണം. നെല്ല് എവിടെ കിടക്കുന്നുവോ അവിടെനിന്നും കൊണ്ടുപോരുന്നതിലേക്കു അതിൻെറ വിലയൊടുക്കി പെർമിററു വാങ്ങിച്ചതിനുമേൽ മാത്രമേ നെല്ലു കൊണ്ടുപോരുവാൻ നിവൃത്തിയുള്ളു. എന്നാൽ റേഷൻ കടയുടെ അടുത്തു കിടപ്പുള്ള സ്ഥലങ്ങളിലേക്കല്ല, നേരേമറിച്ചു പത്തും പതിനാലും മൈൽ ദൂരെ നെല്ലു കിടക്കുന്ന സ്ഥലങ്ങളിലേക്കാണ് പെർമിററു കൊടുക്കുന്നതു്. അടുത്തസ്ഥലത്തേക്കു പെർമിററുകിട്ടുന്നതിലേക്കു ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലി കൊടുക്കുവാൻ ഈ വ്യവസ്ഥ പ്രേരിപ്പിക്കുന്നുണ്ട്. അതിനിടവരുത്താതെ കഴിയുന്നിടത്തോളം റേഷൻ കടയുടെ അടുത്തുള്ള സ്ഥലങ്ങളിൽനിന്നു നെല്ലെടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കേണ്ടതാണ്.

മററൊരുകാര്യം എനിക്കു പറയുവാനുള്ളതു തൊണ്ടു വ്യവസായത്തെപ്പററിയാണ്.

<u>മി. സ്പീക്കർ:</u> നമ്മൾ ഇപ്പോൾ ആഹാരകാര്യത്തെപ്പററിയാണു സംസാരിക്കുന്നതു്.

<u>ശ്രീ. സി. ജി. സദാശിവൻ:</u> ഈ ഡിമാൻറിൽ തൊണ്ടിൻെറ കാര്യവും കൂടി ഉൾപ്പെടുന്നുണ്ട്.

ചേർത്തല, അമ്പലപ്പുഴ, വൈക്കം എന്നീ താലൂക്കുകളിൽ തൊണ്ടഴുക്കി റാട്ടിലല്ലാതെ കൈകൊണ്ടു കയറുപിരിക്കുന്ന തൊഴിലാളികളാണു കൂടുതലുള്ളതു്. അവർക്ക് കയറിനു് ശരിയായ വില കിട്ടാത്തുകൊണ്ടു വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. കയറിനു വില കൂടുന്നതു് അനുസരിച്ചു തൊണ്ടിൻെറ വില വർദ്ധിപ്പിക്കും. കയറിൻെറ വില കുറയുന്നതനുസരിച്ചു തൊണ്ടിൻെറ വില കുറയുകയുമില്ല. അതുകൊണ്ടു നാലും അഞ്ചും ചക്രത്തിനു തൊണ്ടുവാങ്ങിച്ചു തല്ലിപ്പിരിക്കുന്നവർക്കു ഒരിക്കലും ശരിയായ പ്രതിഫലം കിട്ടുന്നില്ല. കയർ തൊഴിലാളികൾക്കു മിനിമം വേജസ് കമ്മററി ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ഇങ്ങനെ കൈകൊണ്ടുപിരിക്കുന്നവരെ ഉൾപ്പെടുത്തിയിട്ടില്ല. അവർക്കു ശരിയായ പ്രയത്നക്കൂലി കിട്ടത്തക്കവിധം തൊണ്ടിൻെറ വില കൂടി നിയന്ത്രിക്കേണ്ടതാണ്.

സർ, പാവങ്ങളുടെ പ്രധാന ആഹാരം കപ്പയാണ്. പാവങ്ങളും തൊഴിലില്ലാതെ വലയുന്നവരുമായ ആളുകൾ സാധാരണ മൂന്ന ദിവസത്തിലൊരിക്കൽ, നാലു ദിവസത്തിലൊരിക്കലാണ അരികൊണ്ടുള്ള ആഹാരം കഴിക്കുന്നതു്. മററുള്ള ദിവസങ്ങളിൽ അവർ കപ്പ വാങ്ങി കഴിക്കുന്നു. ചേർത്തല കയർഫാക്ടറി വർക്ക്സ് യൂണിയന്റെ അതിർത്തിയെ സംബന്ധിച്ചിടത്തോളം ഏകദേശം ആറായിരം തൊഴിലാളികൾ അവിടെയുണ്ടെങ്കിലും കഷ്ടിച്ച് രണ്ടായിരംപേർക്കു മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു. ഇങ്ങനെ തൊഴിലില്ലായ്മയിൽ നട്ടംതിരിയുന്ന അവിടുത്തെ ആളുകൾ റേഷൻ യൂണിററ വാങ്ങിക്കാതെ കപ്പവാങ്ങി ജീവിച്ചു പോരുകയാണ ചെയ്യുന്നതു്. ഇപ്പോൾ അവിടെ കപ്പ ഒട്ടും കിട്ടുന്നില്ല. ഇതിനെ സംബന്ധിച്ച് ധാരാളം നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. എന്നിട്ടും ഫലം ഒന്നുമില്ല. ഇന്നലെ അടിയന്തിരപ്രമേയം വന്നപ്പോൾ ഇതേപ്പററി അന്വേഷിച്ച് പരിഹാരം ഉണ്ടാക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഗവണ്മെൻറിന്റെ ഏററവും അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കേണ്ട ഒരു കാര്യമാണിതു്. ഇതു ഉടൻ പരിഹരിച്ച് കിട്ടിയില്ലെങ്കിൽ ആ താലൂക്കിൽ വളരെ അധികം പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഗവണ്മെൻറ വേണ്ടതു ചെയ്യുമെന്നു കരുതുന്നു.

ശ്രീ. എം. വി. ചെറിയാൻ: ഈ രാജ്യത്തു റേഷൻ ഇടപാടിൽ ലെവി സിസ്റ്റം ഏർപ്പെടുത്തിയതുകൊണ്ട് വളരെ ആശ്വാസം ജനങ്ങൾക്കുണ്ട്. എക്സസ്സ് ബേസിക്സിസ്റ്റം അനുസരിച്ച് ഗവണ്മെൻറ് നെല്ലെടുത്തിരുന്നപ്പോൾ ഗവണ്മെൻറിനു് ധാരാളം നെല്ലു കിട്ടിക്കൊണ്ടിരുന്നു എന്നും എന്നാൽ, ലെവിസിസ്റ്റം വന്നതോടുകൂടി നെല്ല് കുറഞ്ഞുപോയി എന്നും ഇവിടെ ചിലർ പറയുന്നതു കേട്ടു. പക്ഷെ, ലെവി സിസ്റ്റം നിലം കുറവുള്ള ആളുകൾക്കും യഥാർത്ഥത്തിൽ അദ്ധ്വാനിക്കുന്നവർക്കും വളരെ ആശ്വാസകരമാണെന്നുള്ളതിനു തർക്കമില്ല. ഇവിടെ ഒന്നാകെ ശേഖരമായി കിടക്കുന്ന നിലങ്ങളിൽ വൻതോതിൽ കൃഷിനടത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. നേരെമറിച്ച് ചെറുതരം കൃഷിക്കാരാണ് അധികം ഉള്ളതു്. അവർക്ക് ആശ്വാസം നൽകേണ്ടതു് ഗവണ്മെൻറിന്റെ കടമയാണ്. അതിനു പര്യാപ്തമായ വിധത്തിൽ ഗവണ്മെൻറ് ലെവി സിസ്റ്റം ഏർപ്പെടുത്തിയതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിച്ചു കൊള്ളുന്നു.

സർ, ജനങ്ങളിൽനിന്നും ഗവണ്മെൻറ് നെല്ലെടുക്കാൻ തുടങ്ങുമ്പോൾ ഗവണ്മെൻറിനു് മറെറാരു ബാദ്ധ്യതകൂടിയുണ്ട്. കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിനുള്ള സർവ്വ സഹായങ്ങളും ഗവണ്മെൻറ് ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. കുട്ടനാട്ടിൽ പമ്പിംഗ് സൗകര്യത്തിനായി നാലരലക്ഷം രൂപാ ഗവണ്മെൻറ് ചെലവാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ പമ്പിംഗ് സൗകര്യം വർദ്ധിപ്പിക്കേണ്ടതാണെന്നുള്ളതിൽ ആർക്കും ആക്ഷേപമില്ല. വെള്ളം പമ്പുചെയ്യുകളഞ്ഞും, ബണ്ടുകൾ കെട്ടിയും മററും കൃഷിക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണ ഞാൻ. എന്നാൽ, തിരുവിതാംകൂറിന്റെ വടക്കൻ പ്രദേശങ്ങളായ കുന്നത്തുനാടു താലൂക്കിലും, അതിനോടു തൊട്ടുകിടക്കുന്ന മൂവാററുപുഴ

[ശ്രീ. എം. വി. ചെറിയാൻ]

താലൂക്കിലും ഉള്ളവക്ക് നമ്മുടെ ഗവണ്മെൻറ് എന്തു ആനുകൂല്യമാണു ചെയ്തുകൊടുക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. അവിടത്തെ കർഷകക്ക് ഇറിഗേഷൻ സൗകര്യങ്ങളും, സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന വളങ്ങളുമൊക്കെ ആവശ്യമുണ്ട്. അവ കുറേയൊക്കെ നിർവ്വഹിച്ചുകൊടുക്കുവാൻ അവരുടെ അടുക്കൽനിന്നും നെല്ലെടുത്തുകൊണ്ടിരിക്കുന്ന ഗവണ്മെൻറിനു ബാദ്ധ്യതയുണ്ടെന്നു പറയേണ്ടതില്ലല്ലൊ. മാത്രമല്ല, ഗവണ്മെൻറ് എടുക്കുന്ന നെല്ലിനു്, അതിൻെറ മുഖവിലയെക്കാറം കുറഞ്ഞ വിലയാണു കൊടുത്തുവരുന്നതു്. നെല്ലിനു് ഇപ്പോറം ബ്ളാക്കു മാക്കററില്ല. ഓപ്പൺ മാക്കററിൽ ഒരു പറ നെല്ലിനു് മൂന്നു രൂപയും, മൂന്നരരൂപയും വില ഉള്ളപ്പോറം ഗവണ്മെൻറ് രണ്ടുരൂപ മാത്രമേ വില കൊടുക്കുന്നുള്ളു. അതു കൃഷിക്കാരോടുള്ള ഒരു Indirect Taxation ആണു്. അങ്ങനെ കുറഞ്ഞ വില കൊടുത്തു നെല്ലെടുത്തുകൊണ്ടിരിക്കുന്ന ഗവണ്മെൻറിനു് ആ നെൽകൃഷിക്കാരെ സഹായിക്കേണ്ട കടമയുണ്ടു്. കുന്നത്തുനാട്ടിലെയും, മൂവാററുപുഴയിലെയും കൃഷിക്കാരുടെ ആവശ്യങ്ങറംകൂടി ഗവണ്മെൻറ് ശ്രദ്ധിക്കണം.

ചില മെംബറന്മാർ ഇവിടത്തെ റേഷൻ ഇടപാടുകളെപ്പററി പറയുകയുണ്ടായി. റേഷൻകടക്കാർ പലപ്പോഴും ഗവണ്മെൻറിനെയും നാട്ടുകാരെയും വഞ്ചിച്ചു് പണം സമ്പാദിച്ചിട്ടുണ്ടാവും. ചിലപ്പോറം അവക്ക് നഷ്ടം വരുമെങ്കിൽ അതു ഗണിക്കത്തക്കവിധം ഉണ്ടായിരിക്കുകയില്ല. റേഷൻകടക്കാർ ഇന്നു പല വൈകല്യങ്ങളും കാണിക്കുന്നുണ്ടു്. അങ്ങനെയുള്ള വൈകല്യങ്ങറം കഴിയുന്നിടത്തോളം നിവൃത്തിലാക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണു്. റേഷൻവിലയെക്കാറം നെല്ലുവില കുറഞ്ഞുപോകുന്നു എന്നു് ശ്രീ. ടി. കെ. ദിവാകരൻ പറയുകയുണ്ടായി.

ശ്രീ. ടി. കെ. ദിവാകരൻ: ഞാൻ അങ്ങനെ പറഞ്ഞില്ല.

ശ്രീ. എം. വി. ചെറിയാൻ: ഒരിടങ്ങഴി അരിക്ക് എട്ടണയേ വിലയുള്ളു എന്നു മുമ്പു പറഞ്ഞില്ലേ?

ശ്രീ. ടി. കെ. ദിവാകരൻ: അതു ഒരു ചാക്കിൻെറ വിലയാണു്. ഒരു ചാക്കിനു് ഇപ്പോറം എട്ടണയേ വിലയുള്ളു എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എം. വി. ചെറിയാൻ: എന്തായാലും നെല്ലിൻെറ വില ഇപ്പോറം കുറഞ്ഞിട്ടുണ്ടു്. മുമ്പു് ബ്ളാക്കുമാക്കററിൽ നെല്ലു വിററിരുന്ന കാലത്തു് ഉണ്ടായിരുന്നതിനേക്കാറം നെല്ലിൻെറ വില ഇപ്പോറം കുറവുണ്ടു്. ഗവണ്മെൻറ് അത്രയും ഒരു നില കൈവരുത്തിയതിൽ ഈ നാട്ടിലെ പാവപ്പെട്ടവർ ഗവണ്മെൻറിനോടു് നന്ദിയുള്ളവരായിരിക്കും. അതുപോലെതന്നെ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു് യഥേഷ്ടം നെല്ലുകൊണ്ടുപോകുന്നതിനുള്ള സൗകര്യം ലഭിച്ചതിൽ ഇവിടത്തെ കൃഷിക്കാക്കു് ഗവണ്മെൻറിനോടു പ്രത്യേക നന്ദിയുണ്ടു്. ഈ രാജ്യത്തെ ഭക്ഷണനില ഏററവും തൃപ്തികരമായിത്തീരുന്ന ഒരു സന്ദർഭത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണു ഞാൻ. ഇന്നിവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യസാധനങ്ങറം ഇപ്പോറം മതിയാകുന്നില്ല. ഇപ്പോറം ലെവിസിസ്റ്റം

അനുസരിച്ചു നെല്ലെടുക്കുകയാണ്. അങ്ങനെ എടുക്കുന്ന നെല്ല് ഈ രാജ്യത്തിന്റെ ആവശ്യത്തിന് തീരെ പര്യാപ്തമാകുന്നില്ല. ഈ രാജ്യത്തു ഇപ്പോൾ എത്രമാത്രം നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നുള്ളതിന് ശരിയായ ഒരു കണക്ക് ഗവൺമെന്റിന്റെ പക്കലില്ല. അങ്ങനെ ഒരു കണക്കെടുക്കുവാൻ അത്ര എളുപ്പം അല്ലെന്നും എനിക്കറിയാം. എന്നിരുന്നാലും, ഗവൺമെന്റ് വേണ്ടത്ര സ്ഥിതിവിവരക്കണക്കുകൾ ഉണ്ടാക്കേണ്ടതാണ്. ഗവൺമെന്റ് ഈ നിലയിൽ തുടർന്നു പ്രവർത്തിച്ചുകൊണ്ടുപോകുകയാണെങ്കിൽ എട്ടു പത്തു കൊല്ലത്തിനകം നമ്മൾ ഭക്ഷണകാര്യത്തിൽ ഏറെക്കുറെ സ്വയംപര്യാപ്തതയോട് അടുത്ത ഒരു നിലയിൽ എത്തുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ടി. കെ. ദിവാകരൻ: നമ്മുടെ ഭക്ഷണപ്രശ്നത്തിന്റെ വിവിധ വശങ്ങളെപ്പററി ചില ബഹുമാന്യമെംബറന്മാർ ഇവിടെ സംസാരിച്ചു. എനിക്കു പ്രധാനമായി പറയുവാനുള്ളത് നിലവിലിരിക്കുന്ന ആറു ഔൺസ് റേഷന്റെ അപര്യാപ്തതയെപ്പററിയാണ്. ഇന്നു കൊടുത്തുവരുന്ന റേഷൻ അരിയുടെ വിലയിൽ ഒരു പങ്ക് കേന്ദ്രത്തിൽനിന്നും ധനസഹായമായി ലഭിക്കുന്നുണ്ടെന്നു ധനകാര്യമന്ത്രി പറയുകയുണ്ടായി. എന്നാൽ, കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന സബ്സിഡിയെ മാത്രം നാം ആശ്രയിച്ചിരുന്നാൽ നാം എത്രമാത്രം മുമ്പോട്ടുപോകുമെന്നു കണ്ടുതന്നെ അറിയേണ്ടതാണ്.

സർ, ഒന്നുരണ്ടുകൊല്ലം കഴിയുമ്പോൾ നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന സബ്സിഡിയെപ്പററി പുനരാലോചന ചെയ്യേണ്ടിവരുന്ന ഒരു നിലയിലേക്ക് നമ്മെ കേന്ദ്രഗവൺമെന്റ് കടത്തിവിടുന്നതാണ്. റേഷൻ വർദ്ധിപ്പിക്കുന്ന നയം ആണ് ഗവൺമെന്റ് ഇനിയും കൈക്കൊള്ളാൻ പോകുന്നതെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ നിശ്ചയമായും അതനുസരിച്ചുള്ള സബ്സിഡി കേന്ദ്രത്തിൽനിന്നും നമുക്ക് കിട്ടാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെ കിട്ടിക്കൊണ്ടിരിക്കുന്ന ആറു ഔൺസ് ഭക്ഷ്യധാന്യങ്ങൾ മതിയാകുന്നില്ലെന്നുള്ള കാര്യത്തെ അടിസ്ഥാനപ്പെടുത്തിയാണു ഗവൺമെന്റ് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങിക്കാമെന്നുദ്ദേശിക്കുന്നതു്. അങ്ങനെ ഭക്ഷ്യധാന്യങ്ങൾ കൂടുതൽ വാങ്ങിക്കുമ്പോൾ അതിലേക്കുവേണ്ടി കൂടുതൽ വേണ്ടിവരുന്ന ചെലവിനെ അടിസ്ഥാനപ്പെടുത്തിയുള്ള സബ്സിഡി നിശ്ചയമായിട്ടും കിട്ടുമെന്നു വിചാരിക്കാൻ തരമില്ല. ആ കണക്കിനു ഒരു വലിയ നഷ്ടമാണു നമുക്കുണ്ടാകാൻ പോകുന്നതു്. ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചിടത്തോളവും മുമ്പിലത്തേക്കാൾ ഉല്പാദനം കൂടുതൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയുടെ കണക്കുകൾ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതു് കേന്ദ്രത്തിൽനിന്നും സബ്സിഡി കുറച്ചുകളയുമെന്നുള്ള ഭീതികൊണ്ടായിരിക്കുമെന്നാണു ശ്രീ. കരുണാകരന്റെ പ്രസംഗത്തിൽനിന്നും ഞാൻ അനുമാനിക്കുന്നതു്. ഏതായാലും നമുക്ക് കേന്ദ്രത്തിൽനിന്നും പന്ത്രണ്ട് ഔൺസ് റേഷന്റെ അടിസ്ഥാനത്തിൽ വരുവാനുള്ള സബ്സിഡി മുഴുവനും വാങ്ങിക്കുന്ന കാര്യം ഗവൺമെന്റ ശ്രദ്ധിക്കേണ്ടതാണ്. സർ, ഭക്ഷ്യോൽപ്പാദനത്തിന് കുറെയധികം തുക ആണ്ടുതോറും ചെലവു ചെയ്യുന്നുണ്ടെങ്കിലും പറയത്തക്ക പ്രോത്സാഹനങ്ങൾ കർഷകർക്ക് കൊടുക്കുന്നില്ലയെന്നുള്ളതിനു പല ഉദാഹരണങ്ങളും ഉണ്ട്. കേന്ദ്രഗവൺമെന്റ്

[ശ്രീ. ടി. കെ. ദിവാകരൻ]

൧൯൫൨-൫൩-ലേക്കു് നൽകാമെന്നു പറഞ്ഞിരുന്ന അഞ്ചുലക്ഷം രൂപാ കൃഷിവായ്പ തുക ഈ ഗവണ്മെന്റിന്റെ അലസമനോഭാവം കൊണ്ടു് വാങ്ങിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തെ സംബന്ധിച്ചു് ഒരു ചോദ്യത്തിനുത്തരമായി പറയുകയുണ്ടായി, ൧൯൪൯-൫൦-ലേക്കു് വാങ്ങിച്ചിട്ടുള്ള തുകതന്നെ മുഴുവൻ ചെലവായിട്ടില്ലെന്നും ഇനിയും കുറെ മിച്ചമുണ്ടെന്നും മററും. കാർഷികവിഭവങ്ങൾ എത്രയും കൂടുതൽ ഉണ്ടാക്കണമെന്നുള്ള കേന്ദ്രഗവണ്മെന്റിന്റെ മനോഭാവംകൊണ്ടാണു് ഇത്തരത്തിൽ ഓരോ തുകകൾ ഓരോ സ്റ്റേററിലേക്കു് വായ്പയായി കൊടുക്കാൻ ഉദ്ദേശിച്ചതു്. കർഷകർക്കു് കൃഷിയിൽ പ്രോത്സാഹനവും ഉത്തേജനവും നൽകുന്നതിനുവേണ്ടി തരാമെന്നു പറഞ്ഞിട്ടുള്ള തുക പോലും ഈ ഗവണ്മെന്റ് വാങ്ങിക്കൊടുക്കാൻ തയ്യാറായില്ലെങ്കിൽ കൃഷിവികസനപദ്ധതി എങ്ങനെ അഭിവൃദ്ധിപ്പെടാൻ പോകുന്നുവെന്നെനിക്കു മനസ്സിലാകുന്നില്ല. കർഷകർക്കു് ചെറിയ തോതിൽ ധനസഹായംചെയ്തു കൃഷിയെ വേണ്ടത്ര പ്രോത്സാഹിപ്പിക്കുന്നില്ലയെന്നു കാണുമ്പോൾ ഭക്ഷ്യോൽപ്പാദനകാര്യത്തിൽ ഗവണ്മെന്റിനു് എത്രത്തോളം താല്പര്യമുണ്ടെന്നു കാണാവുന്നതാണു്.

സർ, മറെറാരു സംഗതി എനിക്കു പറയാനുള്ളതു് ലെവി സമ്പ്രദായത്തെപ്പററിയാണു്. ൧൯൫൨-൫൩-ൽ ൨൪,൯൩,൨൯൨ പറ നെല്ലാണു സംഭരണം ചെയ്തിട്ടുള്ളതെന്നു കണക്കുകൊണ്ടു കാണാവുന്നതാണു്. ഇത്രയും നെല്ലു സംഭരിക്കാൻ വേണ്ടി ഈ ഡിപ്പാർട്ടുമെന്റിൽ ൩൫ തഹശീൽദാരന്മാരും ൧൯ അസിസ്റ്റന്റന്മാരും ൩൩ ഫീൽഡാഫീസറന്മാരും ൨൯ നെല്ലെടുപ്പു പാർവത്യകാരന്മാരും ഉണ്ടു്. പ്രതിവർഷം ഈ സ്റ്റാഫിനു് വേണ്ടി നാലുലക്ഷത്തിൽ ചില്വാനം രൂപാ ചെലവാകുകയും ചെയ്യുന്നു. ഇത്രയും ഒരു വലിയ തുക ചെലവു ചെയ്യുമ്പോൾ അതനുസരിച്ചുള്ള സംഭരണം നടത്തിയിട്ടില്ലെന്നു വേണം വിചാരിക്കാൻ. അതായതു്, ചുരുങ്ങിയ ഒരു തോതിൽ മാത്രമെ, സംഭരണം നടത്തിയിട്ടുള്ളൂ. അങ്ങനെയിരിക്കെ ജി. പി. തഹശീൽദാരന്മാരെയും ഫീൽഡാഫീസറന്മാരെയും കുറയ്ക്കാൻ പോകുന്നുവെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ തന്നിമിത്തം സംഭരണത്തിൽ ഇനിയും ഉണ്ടായേക്കാവുന്ന കുറവിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി ചിന്തിച്ചിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. എന്തായാലും ഇത്രയും ചുരുങ്ങിയ തോതിലുള്ള സംഭരണത്തിനുവേണ്ടി ഇത്രയും വൻപിച്ച തുക ചെലവു ചെയ്യണമോ എന്നു് ഭക്ഷ്യവകുപ്പുമന്ത്രി ആലോചിച്ചു പ്രവർത്തിക്കണമെന്നു് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അതുപോലെതന്നെ ടെക്സ്റ്റൈൽ വകുപ്പിലും പലരെയും കുറവു ചെയ്യാൻ കഴിയുന്നതാണു്. മറെറാരു കാര്യം മരച്ചീനിയെ സംബന്ധിച്ചിടത്തോളം അവ തീരദേശങ്ങളിൽ കിട്ടുന്നില്ലെന്നുള്ളതാണു്. സർ, നാട്ടിലുള്ള സാധുക്കളുടെ ഒരു പ്രധാന ആഹാരസാധനമായ മരച്ചീനി ഇവിടങ്ങളിൽ കിട്ടുന്നതിനുവേണ്ടി വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു കഴിഞ്ഞ അസംബ്ലിയിലും പറഞ്ഞിട്ടുള്ളതാണു്. ഞാൻ മുൻപു പറഞ്ഞ ഡിപ്പാർട്ടുമെന്റുകളിൽനിന്നും പിരിച്ചുവിടപ്പെടുന്നവരെ ഈ കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി നിയമിക്കാവുന്നതാണു്. അതായതു് ഓരോ സ്ഥലത്തും ഓരോ ഡിപ്പോകളുണ്ടാക്കി മരച്ചീനി ഒരു മിതമായ വിലയ്ക്കു കൊടുക്കുന്നതിനുവേണ്ടി,

അവ ശേഖരിച്ച് വിതരണം നടത്തേണ്ടതാണ്. ഈ കാര്യത്തിൽ ഭക്ഷ്യമന്ത്രി വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചുകാണാത്തതിൽ ഖേദിക്കുന്നു. ഭക്ഷണസാധനങ്ങൾക്കുള്ള കയററിറക്കുമതി പ്രവർത്തനങ്ങൾക്കുവേണ്ടി ഇടപെട്ടുകൊണ്ടിരിക്കുന്ന നാവികത്തൊഴിലാളികൾ പോലീസുകാരിൽനിന്നും മററു ഉദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടാകുന്ന അനീതികളിലും അക്രമങ്ങളിലും കിടന്നു വലയുകയാണ്. നാവികത്തൊഴിലാളികളുടെ ഭക്ഷ്യധാന്യഡിപ്പോകളിലെ ഉദ്യോഗസ്ഥന്മാർ അനുവർത്തിച്ചുവരുന്ന ഒരുതരം ദയവില്ലാത്ത പെരുമാററം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അവക്കു നീതിയും ശരിയായ കൂലിയും കിട്ടുന്നതിനുവേണ്ടിയുള്ള എല്ലാം വ്യവസ്ഥകളും ഗവണ്മെൻറ് ചെയ്തുകൊടുക്കേണ്ടതാണ്.

സർ, അടുത്തതായി പറയാനുള്ളത് റെൻറ്കൺട്രോൾ ആക്ടിനെപ്പററിയാണ്. സംസ്ഥാനത്തുള്ള സാധുക്കൾക്കു കുറഞ്ഞ വാടക കൊടുത്തു ജീവിക്കാനുള്ള സൗകര്യം നാൾക്കുനാൾ കുറഞ്ഞുവരികയാണ് ചെയ്യുന്നത്. കൊല്ലത്തുതന്നെ രണ്ടുമൂന്നു കാളേജുകൾ ഉണ്ടായതോടുകൂടി താങ്ങാൻ പാടില്ലാത്ത തരത്തിലുള്ള വാടകവർദ്ധനവു ഉണ്ടായിട്ടുണ്ട്. ഇങ്ങനെ വാടക ദൈനംദിനം വർദ്ധിച്ചുവരുന്നത് സാധുക്കളെ സംബന്ധിച്ചിടത്തോളം വളരെ കഷ്ടമാണ്. പല കെട്ടിട ഉടമസ്ഥന്മാരും റെൻറു കൺട്രോൾ ആക്ടിലെ വ്യവസ്ഥകൾ പരസ്യമായി ലംഘിച്ചുകൊണ്ട് സാധുക്കളിൽ നിന്നും അമിതമായ വാടക ഈടാക്കിവരുന്നുണ്ട്. ഈയൊരു നിലപാട് തുടരാതിരിക്കുന്നതിനു കൺട്രോൾ ആക്ട് കൊല്ലം പട്ടണത്തിൽ എല്ലാ സ്ഥലത്തും ഊർജ്ജിതപ്പെടുത്തി വേണ്ട നടപടികൾ എടുക്കണമെന്നു ഞാൻ ഈ സഭയെ ഉൽബോധിപ്പിക്കുന്നു. സർ, മറെറാരു കാര്യം എനിക്കു പറയാനുള്ളത്, കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾക്ക് ഇതര സംസ്ഥാനങ്ങളിൽ കൂടുതൽ റേഷൻ അനുവദിച്ചുകൊടുത്തിട്ടുള്ളതും എന്നാൽ ഇവിടെയാകട്ടെ ആ ഒരു ഏർപ്പാട് അനുവദിച്ചിട്ടില്ലാത്തതും ആകുന്നു. കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തു എത്രയെണ്ണം ഉണ്ടെന്നും അവക്കു എത്ര റേഷൻ കൊടുക്കണമെന്നും മററും ഉള്ളതിലേയ്ക്കു യാതൊരു കണക്കുകളും ഇതുവരെ എടുത്തിട്ടില്ല. മററു സംസ്ഥാനങ്ങളിൽ ഇക്കൂട്ടർക്ക് ഡബിൾ റേഷനാണു കൊടുത്തുവരുന്നത്. സാധാരണക്കാരെപ്പോലെ ഇവക്കും റേഷൻ കൊടുത്താൽ മതിയെന്നു വിചാരിക്കുന്നത് ശരിയല്ല. ഈ കാര്യത്തിലും ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഠിനാദ്ധ്വാനം ചെയ്യുന്ന ആളുകൾ എന്നു പറയുന്നത് ആരെല്ലാമാണെന്നും എന്താണവക്ക് കൂടുതൽ കൊടുക്കേണ്ടതെന്നുമാണ് മെംബർ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. ദിവാകരൻ: കഠിനാദ്ധ്വാനം ചെയ്യുന്നവർ പല തരത്തിലുണ്ട്. പാറവേലക്കാർ, നാവികത്തൊഴിലാളികൾ ഇങ്ങനെ പലതരം കഠിനാദ്ധ്വാനപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു മററു പ്രവിശ്യകളിൽ ഡബിൾ റേഷൻ കൊടുക്കുന്നുണ്ട്. ആ സംഗതി എടുത്തു പറഞ്ഞുവെന്നേയുള്ളു. സർ, അതുപോലെതന്നെ റേഷൻ കാർഡുകളെ സംബന്ധിച്ചിടത്തോളം ഒരു സെൻസസ്സ് എടുക്കേണ്ടയാവശ്യംകൂടി ഇപ്പോൾ നാട്ടിൽ ഉണ്ടായിട്ടുണ്ട്. ൧൧൨൫-ൽ തിരുവിതാംകൂറിലും

[ശ്രീ. ടി. കെ. ദിവാകരൻ]

൯൪൭-ൽ കൊച്ചിയിലും എടുത്തിട്ടുള്ള റേഷൻകാർഡനുസരിച്ചാണ് ഭക്ഷ്യധാന്യങ്ങൾ നൽകിവരുന്നതു്. അതിനുശേഷം പല ആളുകളും അന്യരാജ്യങ്ങളിൽ പോയിരിക്കും, കുറെപ്പേർ മരിച്ചിരിക്കും, കുറെ ജനിച്ചിരിക്കും. അതുകൊണ്ടു് റേഷൻകാർഡിനെ സംബന്ധിച്ചിടത്തോളം ഒരു സെൻസസ്സ് കൂടി എടുക്കേണ്ടതാണ്. വേറെയും പല കാരണങ്ങൾ ഉണ്ടു്. അതായതു്, സർ സി. പി. യുടെ കാലത്തു ഏർപ്പെടുത്തപ്പെട്ട ഈ ഏർപ്പാടുമൂലം അനധികൃതമായി പലർക്കും അധികറേഷൻ കിട്ടാനുള്ള സൗകര്യം ഉണ്ടായിട്ടുണ്ടു്. വലിയ ഹോട്ടലുകൾ, ചായക്കടകൾ, മുതലായവയ്ക്കും റേഷൻ ഉദ്യോഗസ്ഥന്മാരുടെ സൗജന്യവും മററും കൊണ്ടു് കുറെ അധികം Bogus കാർഡുകൾ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. കൊല്ലത്തുതന്നെ പരേതനായ മി. കെ. ജി. പരമേശ്വരൻപിള്ളയുടെ മുനിസിപ്പൽ ഭരണകാലത്തു് ഇപ്രകാരം നൽകിയിട്ടുള്ള നിരവധി കാർഡുകൾ ഹോട്ടലുകളൊന്നുമില്ലെങ്കിലും ഇന്നും നിലവിലിരിക്കുന്നു. അങ്ങനെ കൊടുത്തിട്ടുള്ള കാർഡുകളെല്ലാം റദ്ദു ചെയ്യുകയും പുതിയതായി റേഷൻ കാർഡുകൾ വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. ഒരു വിഭാഗം ജനങ്ങൾമാത്രം അമിതമായി വാങ്ങുന്ന റേഷൻകൊണ്ടു് സുഖിക്കുകയും അതേസമയം മററുള്ളവർ കിട്ടുന്നതുകൊണ്ടു് മതിയാകാതെ കഷ്ടപ്പെടുകയുമാണ് ചെയ്യുന്നതു്. അതുകൊണ്ടു് ഈവക അനീതികൾ ഉണ്ടായിട്ടുള്ളതിനെ ശരിപ്പെടുത്തുന്നതിനുവേണ്ടി ഒരു സെൻസസ്സുകൂടി എടുക്കേണ്ടതാണെന്നു ഞാൻ ഈ സഭയെ അറിയിക്കുന്നു. റേഷൻ ധാന്യംവിൽക്കുന്ന കച്ചവടക്കാർ ബ്ലാക്ക്മാർക്കററിംഗ് നടത്തുന്നതായിട്ടു പല പരാതികളും നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. റേഷൻ കൊടുക്കുമ്പോൾ ഗോതമ്പു വാങ്ങിക്കണമെന്നു നിർബന്ധമില്ലാത്തതിനാൽ കച്ചവടക്കാർ കിട്ടുന്ന ഗോതമ്പുമുഴുവനും ബേക്കറിക്കാർക്കു ബ്ലാക്കുമാർക്കററിൽ വിൽക്കുകയാണു ചെയ്യുന്നതു്. ഈ കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിയേണ്ടതാണ്. അതുപോലെതന്നെ ഹോട്ടലുകളിൽ റേഷൻമീൽസാണെന്നുള്ള പേരിൽ പല അഴിമതികളും ചെയ്യുന്നുണ്ടു്. ആറണയും, ഏഴണയും വെച്ചു റേഷൻ ശാപ്പാടു കൊടുക്കുന്നതായി ബോർഡുകൾ തൂക്കി കൺട്രോൾ വിലയ്ക്കു ഡിപ്പോകളിൽ നിന്നും അരി വാങ്ങി ൧൨ അണ റേററിനു ശാപ്പാടു നൽകിക്കൊണ്ടിരിക്കുകയാണ്. ഈ ഇനത്തിൽ ഹോട്ടലുകാർ അമിതമായ ലാഭം സാധുക്കളിൽ നിന്നും സമ്പാദിക്കുന്നുണ്ടു്. അതുകൊണ്ടു് റേഷൻ അനുവദിച്ചുകൊടുത്തിട്ടുള്ള ഹോട്ടലുകളിൽ ഊണിനു ഒരു നിശ്ചിതവിതമായ തുകയെ വാങ്ങാൻ പാടുള്ളൂ എന്നു് കർശനമായ നിർദ്ദേശം കൊടുക്കേണ്ടതാണ്.

Mr. Speaker: Order, order. The House will now adjourn and meet again at 11 o' clock tomorrow.

The Assembly adjourned at 5 p. m. to meet again at 11 o clock on Thursday, the 26th march 1953.

APPENDIX

*[Please See answer to question No. *618 (31)]*

LIST OF WORKS IN OPERATION UNDER THE FIVE YEAR PLAN.

Agriculture.

1. Land Development and Reclamation. (Reclamation of Kari Lands.)
2. Minor Irrigation. (Lift Irrigation, renovation of tanks, Sinking of wells etc.)
3. Manures and Fertilisers. (Distribution to ryots at subsidised rates)
4. Seed schemes (Distribution of improved strains of paddy)
5. provision of Implements (Agricultural implements, pump sets etc.)
6. Other schemes. (plant protection and agricultural statistics)

Co-operation.

7. Education and Training (Deputation of four officers for training in Poona)

Major Irrigation.

(IRRIGATION PROJECTS)

8. Peechi Scheme.
9. Chalakudy scheme.
10. Perinchani Scheme.
11. Wadakancherry river valley scheme.
12. Neyyar scheme.
13. Vembanad scheme.

(POWER PROJECTS)

14. Pallivasal II Stage.
15. Sengulam Hydro Electric Project.
16. Poringalkuthu.
17. Transmission and Distribution.

Cottage Industries.

18. Coir Industry on Co-operative basis.

Other Industries.

19. Installation of a tunnel kiln in the Ceramic Factory & Essential Oils Pilot Plant Operations.

Roads.

20. State Highways.
21. Other roads.

Transport.

22. Nationalised Transport.
23. Ports and Harbours (Valiathura Pier)

Education.

24. Polytechnics at Kalamasseri.

Medical.

25. Education and Training. (Medical College, Training of Medical Officer Nurses etc.)
26. Hospitals and Dispensaries (Better amenities in hospitals, starting of Dispensaries.)
27. Other schemes.

Public Health.

28. Anti-Malaria Scheme.

Welfare of Backward Classes.

29. Agriculture and Rural Development.
30. Roads and Communications.
31. Education.
32. Medical.
33. Public Health.
34. Welfare activities.
35. Other schemes.